# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പിറവം മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഇ.കെ.എം.എം2-1406/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 16/08/2022
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ജോയിന്റ് ഡയറക്ടർ

ചെയർപേഴ്സൺ (സെക്രട്ടറി മുഖേന)
പിറവം മുനിസിപ്പാലിറ്റി

സർ,

വിഷയം : പിറവം മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പിറവം മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

1. സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
2. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
3. ഡയറക്ടർ, നഗരകാര്യ വകുപ്പ്, തിരുവനന്തപുരം
4. റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യ വകുപ്പ്, എറണാകുളം
5. ഓഫീസ് കോപ്പി

നമ്പർ: കെ.എസ്.എ.ഇ.കെ.എം.എം2-1406/22 തീയ്യതി: 16/08/2022

# എറണാകുളം ജില്ലയിലെ പിറവം മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ പിറവം മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 50 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 28 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| മിനിമോൾ കെ. ജി. | ജോയിന്റ് ഡയറക്ടർ | 22-07-2022 | 03-08-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 22-07-2022 | 03-08-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

വിജയകുമാർ എൻ., ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
റസിയ ബീവി ജെ., ഓഡിറ്റ് ഓഫീസർ
ജോസഫ് ജോർജ്ജ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ബബിത ബി. കുമാർ, സീനിയർ ഗ്രേഡ് ഓഡിറ്റർ
മേഴ്സി കെ.പി., സീനിയർ ഗ്രേഡ് ഓഡിറ്റർ
അനീഷ് ടി.എസ്., ഓഡിറ്റർ
ഹരീഷ് പി.ആർ., ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ സാബു കെ. ജേക്കബ് | ചെയർമാൻ | 01-04-2020 | 11-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | ചെയർമാൻ | 12-11-2020 | 27-11-2020 |
| ശ്രീമതി ഏലിയാമ്മ ഫിലിപ്പ് | ചെയർപേഴ്സൺ | 28-11-2020 | 31-03-2021 |
| ശ്രീ എം. മുഹമ്മദ് ആരിഫ് ഖാൻ | സെക്രട്ടറി | 01-04-2020 | 23-01-2021 |
| ശ്രീ കൃഷ്ണരാജ് | സെക്രട്ടറി | 24-01-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഡോ. ക്ലയർ സിറിൽ | വെറ്ററിനറി സർജൻ മുളക്കുളം മൃഗാശുപത്രി | 01-04-2020 | 31-03-2021 |
| ഡോ. സുനിൽ ജെ ഇളന്താട് | സൂപ്രണ്ട് താലൂക്ക് ആശുപത്രി പിറവം | 01-04-2020 | 31-03-2021 |
| ശ്രീമതി മായാ ശേഖർ | പ്രിൻസിപ്പാൾ, ഗവ. ഹയർ സെക്കൻഡറി സ്കൂൾ, നാമക്കുഴി | 01-04-2020 | 31-03-2021 |
| ശ്രീമതി അഞ്ജു കൃഷ്ണ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2020 | 20-02-2021 |
| ശ്രീമതി.ശ്രീദേവി | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 21-02-2021 | 31-03-2021 |
| ശ്രീ. ജോഷി ജോൺ | ഹെഡ്മാസ്റ്റർ, ഗവ.എൽ.പി.സ്കൂൾ | 01-04-2020 | 31-03-2021 |
| ശ്രീമതി.സജിത. ഡി | എസ്.സി.ഡി.ഒ | 01-04-2020 | 31-03-2021 |
| ഡോ. എ വി കുമാരിലൈല | ചീഫ് മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2020 | 31-03-2021 |
| ഡോ ഗോപകുമാർ എ | വെറ്ററിനറി സർജൻ, പിറവം | 01-04-2020 | 08-07-2020 |
| ഒഴിവ് | വെറ്ററിനറി സർജൻ, പിറവം | 09-07-2020 | 29-09-2020 |
| ഡോ.ജയൻ | വെറ്ററിനറി സർജൻ, | 30-09-2020 | 31-03-2021 |

| | | | |
|---|---|---|---|
| | പിറവം | | |
| ശ്രീമതി.ചാന്ദിനി അശോക് | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി.ശ്രീലത | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2020 | 12-06-2020 |
| ശ്രീമതി.പ്രയ ജോസ് | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 13-06-2020 | 31-03-2021 |
| ശ്രീമതി.അഞ്ജു കെ തമ്പി | ഹെൽത്ത് ഇൻസ്പെക്ടർ | 01-04-2020 | 31-03-2021 |
| ശ്രീ.ജോഷി ജോൺ | എച്ച് എം ഗവ എൽ പി എസ് | 01-04-2020 | 31-03-2021 |
| ശ്രീമതി.പ്രിയ പോൾ | ഇൻഡസ്ട്രീസ് എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീ മുഹ്സിൻ പി. എം. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ശ്രീമതി.രശ്മി പി രാജൻ | ഫിഷറീസ് ഇൻസ്പെക്ടർ | 01-04-2020 | 04-11-2020 |
| ഒഴിവ് | ഫിഷറീസ് ഇൻസ്പെക്ടർ | 05-11-2020 | 09-12-2020 |
| ശ്രീമതി.ഫസീറ | ഫിഷറീസ് ഇൻസ്പെക്ടർ | 10-12-2020 | 31-03-2021 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Aneesh T S (Auditor, On 01-08-2022)<br>Last Updated By: Raj N.C (Computer Assistant, On 12-08-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Aneesh T S (Auditor, On 01-08-2022)<br>Last Updated By: Raj N.C (Computer Assistant, On 12-08-2022) | 1-2 |
| 3 | വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ<br>Written By: Joseph George (Senior Grade Auditor, On 01-08-2022)<br>Last Updated By: Raj N.C (Computer Assistant, On 12-08-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: Aneesh T S (Auditor, On 01-08-2022)<br>Last Updated By: Raj N.C (Computer Assistant, On 12-08-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: Joseph George (Senior Grade Auditor, On 01-08-2022)<br>Last Updated By: Raj N.C (Computer Assistant, On 12-08-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Aneesh T S (Auditor, On 01-08-2022)<br>Last Updated By: Raj N.C (Computer Assistant, On 12-08-2022) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Babitha B Kumar (Senior Grade Auditor, On 29-07-2022)<br>Last Updated By: Raj N.C (Computer Assistant, On 12-08-2022) | 1-6 |
| 8 | ക്ഷേമ പദ്ധതികൾ<br>Written By: Aneesh T S (Auditor, On 01-08-2022)<br>Last Updated By: Raj N.C (Computer Assistant, On 12-08-2022) | 1-7 |
| 9 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Aneesh T S (Auditor, On 26-07-2022)<br>Last Updated By: Aneesh T S (Auditor, On 26-07-2022) | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണ സംവിധാനം<br>Written By: N.Vijayakumar (Audit Officer (HG), On 05-08-2022)<br>Last Updated By: Raj N.C (Computer Assistant, On 12-08-2022) | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Aneesh T S (Auditor, On 01-08-2022)<br>Last Updated By: Raj N.C (Computer Assistant, On 12-08-2022) | 1-10 |
| 12 | ക്യാൻസൽ ചെയ്ത സാംഖ്യ രസീതുകൾ സഞ്ചയ സോഫ്റ്റ് വെയറിൽ നിന്നും നീക്കം ചെയ്തിട്ടില്ല<br>Written By: Hareesh P.R (Auditor, On 04-08-2022)<br>Last Updated By: Raj N.C (Computer Assistant, On 12-08-2022) | 1-11 |
| 13 | ലൈസൻസ് ഫീസ് - അപാകതകൾ<br>Written By: Hareesh P.R (Auditor, On 04-08-2022)<br>Last Updated By: Raj N.C (Computer Assistant, On 12-08-2022) | 1-12 |
| 14 | വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കും ലൈസൻസ് നൽകൽ<br>Written By: Aneesh T S (Auditor, On 01-08-2022)<br>Last Updated By: Raj N.C (Computer Assistant, On 12-08-2022) | 1-12-1 |
| 15 | ഡോഗ് ലൈസൻസ് – അപാകതകൾ<br>Written By: Hareesh P.R (Auditor, On 04-08-2022)<br>Last Updated By: N.M.Sajeev (Asst. Audit Officer, On 16-08-2022) | 1-13 |
| 16 | പാഴൂർ ആറ്റുതീരം പാർക്ക് നടത്തിപ്പ് - അപാകതകൾ<br>Written By: Aneesh T S (Auditor, On 01-08-2022)<br>Last Updated By: N.M.Sajeev (Asst. Audit Officer, On 16-08-2022) | 1-14 |
| 17 | വാടക കുടിശ്ശിക<br>Written By: Aneesh T S (Auditor, On 01-08-2022) | 1-15 |

| | | |
|---|---|---|
| | Last Updated By: Raj N.C (Computer Assistant, On 16-08-2022) | |
| 18 | തൊഴിൽ നികുതി ഈടാക്കിയില്ല<br>Written By: Aneesh T S (Auditor, On 02-08-2022)<br>Last Updated By: Raj N.C (Computer Assistant, On 16-08-2022) | 1-16 |
| 19 | വാർഡ് സഭകളുടെ നടത്തിപ്പ് – അപാകതകൾ<br>Written By: Aneesh T S (Auditor, On 02-08-2022)<br>Last Updated By: Raj N.C (Computer Assistant, On 12-08-2022) | 1-17 |
| 20 | ലേലകുടിശ്ശിക<br>Written By: Aneesh T S (Auditor, On 04-08-2022)<br>Last Updated By: N.M.Sajeev (Asst. Audit Officer, On 16-08-2022) | 1-18 |
| 21 | വനിതാ കമ്പ്യൂട്ടർ പരിശീലന കേന്ദ്രത്തിന്റെ നടത്തിപ്പ് - അപാകതകൾ<br>Written By: Aneesh T S (Auditor, On 04-08-2022)<br>Last Updated By: N.M.Sajeev (Asst. Audit Officer, On 16-08-2022) | 1-19 |
| 22 | അർഹതയില്ലാത്ത വിദ്യാർത്ഥിനിക്ക് ലാപ് ടോപ് നല്കി<br>Written By: Babitha B Kumar (Senior Grade Auditor, On 03-08-2022)<br>Last Updated By: Raj N.C (Computer Assistant, On 12-08-2022) | 1-20 |
| 23 | ഭിന്നശേഷിവിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് /ബത്ത നൽകൽ – അപാകത<br>Written By: Babitha B Kumar (Senior Grade Auditor, On 03-08-2022)<br>Last Updated By: N.M.Sajeev (Asst. Audit Officer, On 16-08-2022) | 1-21 |
| 24 | നഗരസഭാ സെക്രട്ടറിയുടെ ശമ്പളത്തിൽനിന്ന് വീട്ടുവാടക കുറവ് ചെയ്തിട്ടില്ല<br>Written By: Ressiya Beevi J (Audit Officer, On 02-08-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 13-08-2022) | 1-22 |
| 25 | എ.ബി.സി പദ്ധതി- ബാലൻസ് തുക ലഭ്യമാക്കിയില്ല<br>Written By: Joseph George (Senior Grade Auditor, On 02-08-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 13-08-2022) | 1-23 |
| 26 | വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല<br>Written By: Joseph George (Senior Grade Auditor, On 02-08-2022)<br>Last Updated By: Raj N.C (Computer Assistant, On 16-08-2022) | 1-24 |
| 27 | തെരുവ് വിളക്ക് പരിപാലനം-അപാകതകൾ<br>Written By: Ressiya Beevi J (Audit Officer, On 03-08-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 13-08-2022) | 1-25 |
| 28 | എസ്.എസ്.എ വിഹിതം നൽകൽ-വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല<br>Written By: Ressiya Beevi J (Audit Officer, On 03-08-2022)<br>Last Updated By: Raj N.C (Computer Assistant, On 16-08-2022) | 1-26 |
| 29 | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ നഗരസഭയുടെ പങ്ക്<br>Written By: Aneesh T S (Auditor, On 01-08-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 13-08-2022) | 1-27 |
| 30 | നഗരസഭയുടെ വായ്പാ കണക്കുകൾ കൃത്യമല്ല - ബാധ്യത അധികമായി കണക്കാക്കി.<br>Written By: Joseph George (Senior Grade Auditor, On 01-08-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 13-08-2022) | 1-28 |
| 31 | ലിഫ്റ്റ് അറ്റകുറ്റപ്പണി -ആദായ നികുതി ഈടാക്കിയില്ല<br>Written By: Babitha B Kumar (Senior Grade Auditor, On 03-08-2022)<br>Last Updated By: Raj N.C (Computer Assistant, On 16-08-2022) | 1-29 |
| 32 | ജീവനക്കാരുടെ ആർജിതാവധി പണമാക്കി മാറ്റിയ നടപടി - സർക്കാർ ഉത്തരവിനു വിരുദ്ധം<br>Written By: Ressiya Beevi J (Audit Officer, On 03-08-2022)<br>Last Updated By: Raj N.C (Computer Assistant, On 16-08-2022) | 1-30 |
| 33 | ഡയാലിസിസ് യൂണിറ്റിന്റെ ദൈനംദിനചെലവുകൾ – അപാകതകൾ<br>Written By: Babitha B Kumar (Senior Grade Auditor, On 03-08-2022)<br>Last Updated By: N.M.Sajeev (Asst. Audit Officer, On 16-08-2022) | 1-31 |
| 34 | മരുന്ന് ലഭിക്കുവാൻ അവശേഷിക്കുന്നു<br>Written By: Babitha B Kumar (Senior Grade Auditor, On 03-08-2022)<br>Last Updated By: N.M.Sajeev (Asst. Audit Officer, On 16-08-2022) | 1-32 |

| | | |
|---|---|---|
| 35 | നഗരസഭ ഓഫീസിന്റെ ഉദ്ഘാടനം- അപാകതകൾ<br>Written By: Ressiya Beevi J (Audit Officer, On 03-08-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 13-08-2022) | 1-33 |
| 36 | ബില്ല് പരിശോധിക്കാതെ തുക അനുവദിച്ചു<br>Written By: Babitha B Kumar (Senior Grade Auditor, On 04-08-2022)<br>Last Updated By: Raj N.C (Computer Assistant, On 16-08-2022) | 1-34 |
| 37 | സാമൂഹ്യ സുരക്ഷാ പെൻഷൻ - മരണപ്പെട്ട ഗുണഭോക്താക്കളുടെ പെൻഷൻ സസ്‌പെന്റ് ചെയ്യുന്നില്ല<br>Written By: Mercy KP (Auditor, On 03-08-2022)<br>Last Updated By: Raj N.C (Computer Assistant, On 16-08-2022) | 1-35 |
| 38 | ബിറ്റുമിൻ ബാരൽ വില ക്രമ വിരുദ്ധമായി നഗരസഭാ ഫണ്ടിൽ ഒടുക്കുന്നു<br>Written By: N.Vijayakumar (Audit Officer (HG), On 05-08-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 13-08-2022) | 1-36 |
| 39 | മരാമത്ത് പ്രവൃത്തികൾ- പൊതുന്യൂനതകൾ:-<br>Written By: N.Vijayakumar (Audit Officer (HG), On 05-08-2022)<br>Last Updated By: Raj N.C (Computer Assistant, On 16-08-2022) | 1-37 |
| 40 | യഥാസമയം കരാർ ചമയ്ക്കാതിരുന്ന കരാറുകാരനിൽ നിന്നും നിയമ പ്രകാരമുള്ള പിഴ ഈടാക്കിയില്ല<br>Written By: N.Vijayakumar (Audit Officer (HG), On 05-08-2022)<br>Last Updated By: Raj N.C (Computer Assistant, On 16-08-2022) | 1-38 |
| 41 | വാലേപ്പടി കണ്ണംകുളം റോഡ് റീടാറിംഗ്- സെക്കന്റ് റീച്ച് - നിർവ്വഹണത്തിലെ അപാകങ്ങൾ<br>Written By: N.Vijayakumar (Audit Officer (HG), On 05-08-2022)<br>Last Updated By: Raj N.C (Computer Assistant, On 16-08-2022) | 1-39 |
| 42 | എല്ലാ വാർഡുകളിലും എൽ.ഇ.ഡി ലൈറ്റ് സ്ഥാപിക്കൽ - പാനൽ ബോർഡ് എഞ്ചിനിയേഴ്സിന് ക്രമവിരുദ്ധമായി തുക നൽകി<br>Written By: N.Vijayakumar (Audit Officer (HG), On 05-08-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 13-08-2022) | 1-40 |
| 43 | മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ വാർഡ് 27- പൂർണ്ണമായ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല<br>Written By: N.Vijayakumar (Audit Officer (HG), On 05-08-2022)<br>Last Updated By: Raj N.C (Computer Assistant, On 16-08-2022) | 1-41 |
| 44 | നിർദ്ദിഷ്ട മൂല്യത്തിലുള്ള മുദ്രപത്രത്തിൽ കരാർ ചമച്ചില്ല<br>Written By: N.Vijayakumar (Audit Officer (HG), On 05-08-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 13-08-2022) | 1-42 |
| 45 | വീട് പുനരുദ്ധാരണം - സബ്സിഡി മുൻകൂട്ടി നിശ്ചയിക്കുന്നു<br>Written By: Babitha B Kumar (Senior Grade Auditor, On 04-08-2022)<br>Last Updated By: Raj N.C (Computer Assistant, On 16-08-2022) | 1-43 |
| 46 | നിശ്ചിത സമയത്തിനുള്ളിൽ പ്രവർത്തി പൂർത്തീകരിക്കാതിരുന്ന കരാറുകാരിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കിയില്ല.<br>Written By: N.Vijayakumar (Audit Officer (HG), On 05-08-2022)<br>Last Updated By: Raj N.C (Computer Assistant, On 16-08-2022) | 1-44 |
| 47 | ബിറ്റുമിൻ ബാരൽ വില – നിയമാനുസൃത ജി.എസ്.ടി ബില്ലിൽ കുറവു ചെയ്യുന്നില്ല.<br>Written By: N.Vijayakumar (Audit Officer (HG), On 05-08-2022)<br>Last Updated By: Raj N.C (Computer Assistant, On 16-08-2022) | 1-45 |
| 48 | മഴക്കാല പൂർവ്വ ശുചീകരണം - പുഴയിൽ അടിഞ്ഞുകൂടിയ ചെളി/ എക്കൽ നീക്കം ചെയ്യൽ-അപാകത<br>Written By: N.Vijayakumar (Audit Officer (HG), On 05-08-2022)<br>Last Updated By: Raj N.C (Computer Assistant, On 16-08-2022) | 1-46 |
| 49 | ആയുർവേദ ആശുപത്രി വൈദ്യുതീകരണം - ചെയ്യാത്ത പ്രവൃത്തിയ്ക്ക് തുക നൽകി | 1-47 |

| | | |
|---|---|---|
| | Written By: N.Vijayakumar (Audit Officer (HG), On 05-08-2022)<br>Last Updated By: N.M.Sajeev (Asst. Audit Officer, On 16-08-2022) | |
| 50 | ഡെപ്പോസിറ്റ് പ്രവൃത്തികൾ - പൂർത്തീകരണ വിവരം, തുകയുടെ വിനിയോഗ വിവരം എന്നിവ ലഭ്യമാക്കിയിട്ടില്ല.<br>Written By: N.Vijayakumar (Audit Officer (HG), On 05-08-2022)<br>Last Updated By: Raj N.C (Computer Assistant, On 16-08-2022) | 1-48 |
| 51 | മാർക്കറ്റ്, ഷോപ്പിംഗ് കോംപ്ലക്സ് - വെള്ളക്കരം തുക വർദ്ധനവ് - കമ്മിറ്റി തീരുമാനത്തിന് വിരുദ്ധമായി തുക നൽകിയത്<br>Written By: N.Vijayakumar (Audit Officer (HG), On 05-08-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 13-08-2022) | 1-49 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | അർഹതയില്ലാത്ത വിദ്യാർത്ഥിനിക്ക് ലാപ് ടോപ് നൽകി<br>Written By: Babitha B Kumar (Senior Grade Auditor, On 02-08-2022)<br>Last Updated By: Raj N.C (Computer Assistant, On 16-08-2022) | 3-1 |
| 2 | നഗരസഭാ സെക്രട്ടറിയുടെ ശമ്പളത്തിൽ നിന്ന് വീട്ടുവാടക കുറവ് ചെയ്തിട്ടില്ല<br>Written By: Aneesh T S (Auditor, On 05-08-2022)<br>Last Updated By: N.M.Sajeev (Asst. Audit Officer, On 16-08-2022) | 3-2 |
| 3 | എല്ലാ വാർഡുകളിലും എൽ.ഇ.ഡി ലൈറ്റ് സ്ഥാപിക്കൽ - പാനൽ ബോർഡ് എഞ്ചിനിയേഴ്സിന് ക്രമവിരുദ്ധമായി തുക നൽകി<br>Written By: N.Vijayakumar (Audit Officer (HG), On 05-08-2022)<br>Last Updated By: Raj N.C (Computer Assistant, On 16-08-2022) | 3-3 |
| 4 | ആയുർവേദ ആശുപത്രി വൈദ്യുതീകരണം - ചെയ്യാത്ത പ്രവൃത്തിയ്ക്ക് തുക നൽകി<br>Written By: N.Vijayakumar (Audit Officer (HG), On 05-08-2022)<br>Last Updated By: N.M.Sajeev (Asst. Audit Officer, On 16-08-2022) | 3-4 |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം<br>Written By: Aneesh T S (Auditor, On 31-07-2022)<br>Last Updated By: Raj N.C (Computer Assistant, On 16-08-2022) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Aneesh T S (Auditor, On 31-07-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 13-08-2022) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Aneesh T S (Auditor, On 31-07-2022)<br>Last Updated By: Raj N.C (Computer Assistant, On 16-08-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Aneesh T S (Auditor, On 31-07-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 13-08-2022) | 4-4 |
| 5 | വായ്പ / വായ്പ തിരിച്ചടവ്<br>Written By: Joseph George (Senior Grade Auditor, On 01-08-2022)<br>Last Updated By: Raj N.C (Computer Assistant, On 16-08-2022) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Aneesh T S (Auditor, On 01-08-2022)<br>Last Updated By: Raj N.C (Computer Assistant, On 16-08-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Aneesh T S (Auditor, On 01-08-2022)<br>Last Updated By: Raj N.C (Computer Assistant, On 16-08-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Aneesh T S (Auditor, On 31-07-2022)<br>Last Updated By: Raj N.C (Computer Assistant, On 16-08-2022) | 4-8 |

| | | |
|---|---|---|
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Aneesh T S (Auditor, On 31-07-2022)<br>Last Updated By: Raj N.C (Computer Assistant, On 16-08-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Aneesh T S (Auditor, On 01-08-2022)<br>Last Updated By: Raj N.C (Computer Assistant, On 16-08-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Aneesh T S (Auditor, On 26-07-2022)<br>Last Updated By: Raj N.C (Computer Assistant, On 16-08-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2020-21 സാമ്പത്തികവർഷത്തേക്കുള്ള ബജറ്റ് ഭരണസമിതിയുടെ 25.02.2021 തീയതിയിലെ 1(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ളതും വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ളതുമായ വരവ്, ചെലവ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | ബജറ്റ് പ്രകാരം | വാർഷിക ധനകാര്യ പത്രിക പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 27862370 | 36704451 |
| വരവ് | 165851470 | 148558126 |
| ആകെ | 193713840 | 185262577 |
| ചെലവ് | 189226440 | 154925485 |
| നീക്കിയിരിപ്പ് | 4487400 | 30337092 |

ബജറ്റ് പ്രകാരമുള്ള കണക്കുകളും വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള കണക്കുകളും തമ്മിൽ വലിയ അന്തരമുണ്ട്. ബജറ്റും വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള കണക്കുകളും തമ്മിൽ വലിയ അന്തരമില്ലാതിരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2020-21 | 31.7.2021 | 19.07.2021 |

### 1-2-1 വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ

നഗരസഭയുടെ 2020-21 സാമ്പത്തിക വർഷത്തെ വാർഷിക കണക്ക് പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട പ്രധാന ന്യൂനതകൾ താഴെ ചേർക്കുന്നു.

1. നഗരസഭയുടെ വായ്പാബാധ്യതകൾ സംബന്ധിച്ച കൃത്യമായ വിവരങ്ങൾ വാർഷിക ധനകാര്യപത്രികയിൽ രേഖപ്പെടുത്തിയിട്ടില്ല. നഗരസഭയുടെ 31/03/2021ലെ യഥാർത്ഥ വായ്പാ ബാധ്യത 3,63,40,035/- രൂപ (3,62,26,667 + 1,13,368) ആയിരിക്കെ 3,81,86,667/- രൂപയാണ് കണക്കിൽ വായ്പ ബാധ്യതായി ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതിനാൽ 18,46,632/- രൂപയുടെ അധിക ബാധ്യത കണക്കിൽ വന്നിട്ടുണ്ട്.

2. പ്രോജക്ട് നം.04/21- 'വയോമിത്രം' എന്ന പുതിയ പദ്ധതി പ്രകാരം 5,00,000/- രൂപ ചെലവഴിച്ചതായി ട്രഷറി ബിൽ പ്രകാരം രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ നഗരസഭയിലെ സുലേഖ സോഫ്റ്റ് വെയർ പ്രകാരമുള്ള നിർവ്വഹണോദ്യോഗസ്ഥരുടെ ചെലവ് പത്രികയിൽ ഈ പദ്ധതിയുടെ വിവരമോ ചെലവോ രേഖപ്പെടുത്തിയിട്ടില്ല. അതുപോലെ വിവിധ പദ്ധതികളുമായി ബന്ധപ്പെട്ട് സുലേഖ ചെലവ് പത്രികയിൽ തനത് ഫണ്ട് ചെലവായി ഉൾപ്പെടുത്തിയ തുകകളിൽ പലതും മുൻ സാമ്പത്തിക വർഷത്തെ ചെലവുകളും കൂടി ഉൾപ്പെട്ടതാണ്. ആയതിനാൽ യഥാർഥ പദ്ധതിച്ചെലവല്ല സുലേഖ സോഫ്റ്റ് വെയർ പ്രകാരം രേഖപ്പെടുത്തിയിരിക്കുന്നത്.

3. ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ വാർഷിക കണക്ക് പ്രകാരം രേഖപ്പെടുത്തിയിട്ടുള്ള തുകയും രജിസ്റ്റർ പ്രകാരമുള്ള ഡെപ്പോസിറ്റ് വരവുകളും പൊരുത്തപ്പെടുന്നില്ല. തനത് ഫണ്ട് വൗച്ചറുകൾ പ്രകാരം റീഫണ്ട് നൽകിയിട്ടുള്ള പല രസീതികളും രജിസ്റ്ററിൽ ചേർക്കുന്നില്ല. അതുപോലെ തിരികെ നൽകിയ ഡെപ്പോസിറ്റുകളുടെ വിവരങ്ങൾ രജിസ്റ്ററിൽ കൃത്യമായി സൂക്ഷിക്കുന്നില്ല. ആയതിനാൽ ഈയിനത്തിൽ വാർഷിക കണക്ക് പ്രകാരം രേഖപ്പെടുത്തിയിട്ടുള്ള തുകകളുടെ കൃത്യത ഓഡിറ്റിൽ പരിശോധിക്കാനായില്ല. മുൻബാക്കി ഉൾപ്പെടെയുള്ള ഡെപ്പോസിറ്റ് വിവരങ്ങൾ തൻ വർഷകണക്കിൽ ചേർത്തിട്ടില്ല.

4. അഡ്വാൻസ് രജിസ്റ്റർ കൃത്യമായി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. വിവിധ പദ്ധതികളുമായ ബന്ധപ്പെട്ട ചെലവുകൾക്കായി തനത് ഫണ്ടിൽ നിന്നും അനുവദിക്കുന്ന അഡ്വാൻസുകളോ തിരികെ ലഭിക്കുന്ന തുകകളോ രജിസ്റ്ററിൽ കൃത്യമായി ചേർത്തുവരുന്നില്ല. വാർഷിക കണക്ക് പ്രകാരം ഈയിനത്തിലുള്ള ചെലവ് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല. വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി ഡെപ്പോസിറ്റ് ജോലിയുമായി ബന്ധപ്പെട്ട് നൽകിയ അഡ്വാൻസ് സംബന്ധമായ (ലൈൻ നീട്ടൽ) ജോലികൾക്ക് ഫയലുകൾ പ്രകാരം തുക നൽകിയിട്ടുണ്ടെങ്കിലും വാർഷിക കണക്കുകളിൽ ഇവ ഡെപ്പോസിറ്റായി ഉൾപ്പെടുത്തിയിട്ടില്ല. വിവിധ സാമ്പത്തിക വർഷങ്ങളിലായി മുൻകൂർ നൽകിയ തുകകൾ പലതും ഫയൽ ലഭ്യമാക്കി ക്രമീകരിക്കാത്തതിനാൽ അഡ്വാൻസായി തന്നെ അവശേഷിക്കുകയാണ്.

5. ഇൻകം & എക്സ്പെന്റീച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ I-18 പ്രകാരം Prior Period Income-Property Tax, Other Income ഉൾപ്പെടെയുള്ള Prior Period Income എന്ന ഇനത്തിലുള്ള 4,000/-രൂപയുടെ വിശദാംശങ്ങൾ പരിശോധനക്ക് ലഭ്യമാക്കിയില്ല.

6. കേരള ബാങ്കിലുള്ള ലോക്കർ ഡെപ്പോസിറ്റ് 3000 രൂപ നിക്ഷേപ കാലാവധി കഴിഞ്ഞിട്ടും പുതുക്കുകയോ തിരികെ ഫണ്ടിലൊടുക്കുകയോ ചെയ്തിട്ടില്ല. KURDFC വായ്പയോടനുബന്ധിച്ചുള്ള 21,000/- രൂപയുടെ ഷെയർ സർട്ടിഫിക്കറ്റ് സംബന്ധിച്ച തുടർ നടപടികൾ വായ്പ പൂർണ്ണമായി അവസാനിച്ച ശേഷവും സ്വീകരിച്ചിട്ടില്ല.

7. നഗരസഭയുടെ നികുതി, നികുതിയേതര വരുമാന സ്രോതസ്സുകളുടെ ഡിമാന്റ് തയ്യാറാക്കിയിരിക്കുന്നതും

യഥാർത്ഥത്തിൽ ഈയിനങ്ങളിൽ ലഭിക്കേണ്ടതുമായ തുകകളുമായി പൊരുത്തപ്പെടുത്തൽ നടത്തിയിട്ടില്ല. ഒരു വരവിനത്തിലും കൃത്യമായ ഡിമാന്റ് തയ്യാറാക്കിയല്ല വാർഷിക കണക്കുകൾ തയ്യാറാക്കിയിട്ടുള്ളത്. വസ്തുനികുതി, തൊഴിൽനികുതി, വാടക, ലേലം, ബിൽഡിംഗ് പെർമിറ്റ്, ലൈസൻസ് ഫീസ് എന്നിവയുൾപ്പടെയുള്ള വരവുകളുടെ കൃത്യമായ കണക്കുകൾ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ഡി.സി.ബി .രജിസ്റ്ററിലെ വാർഷിക സ്റ്റേറ്റ്മെന്റ് പ്രകാരം ഈയിനത്തിൽ ലഭിക്കാനുള്ള ആകെ തുകകളും രജിസ്റ്ററിലെ വരവുമായി പൊരുത്തപ്പെടുന്നില്ല. ഓരോ വരവിനങ്ങളിലും ലഭിക്കുന്ന തുക സാമ്പത്തിക വർഷാടിസ്ഥാനത്തിൽ കൃത്യമായി പോസ്റ്റ് ചെയ്യപ്പെടുന്നില്ല.

മേൽ അപാകതകൾ പരിഹരിച്ച് അടുത്ത വാർഷിക കണക്ക് തയ്യാറാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 36704451 |
| വരവ് | 148558126 |
| ആകെ | 185262577 |
| ചെലവ് | 154925485 |
| നീക്കിയിരിപ്പ് | 30337092 |
| വരവ് നഷ്ടം | ഇല്ല |
| ചെലവ് നഷ്ടം | 51468 |
| തടസ്സപ്പെടുത്തിയ തുക | 3745848 |

## 1-4 ഫണ്ട് വിനിയോഗം

| നം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് | ചെലവഴിക്കാതെ ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 12371703 | 12371703 | 12371703 | 0 | 0 |
| വികസനഫണ്ട് എസ്.സി.പി. | 0 | 8376600 | 8376600 | 8354572 | 0 | 22028 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 205000 | 205000 | 205000 | 0 | 0 |
| സംരക്ഷണഗ്രാന്റ് – റോഡ് | 0 | 14916900 | 14916900 | 14056733 | 0 | 860167 |
| സംരക്ഷണഗ്രാന്റ് – നോൺറോഡ് | 0 | 4270367 | 4270367 | 4263763 | 0 | 6604 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Basic) | 0 | 8292675 | 8292675 | 5321965 | 0 | 2970710 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied) | 0 | 3930000 | 3930000 | 60000 | 0 | 3870000 |
| പ്രത്യേക ആവശ്യ ഗ്രാന്റ് | 5316919 | 2219936 | 7536855 | 7253204 | 283651 | |
| മറ്റ് പ്രത്യേകാവശ്യ ഗ്രാന്റ് | 6732487 | 7822469 | 14554956 | 6466460 | 8088496 | |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | പൂർത്തീകരിച്ച പ്രോജക്ടുകളുടെ എണ്ണം | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 244 | 115140588 | 151 | 66318114 | 112 | 39 | 93 | 45.90% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | | | | 780140 | |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 217579.91 | 17558459 | 17776038.91 | 16995379 | |
| ആകെ | 217579.91 | 17558459 | 17776038.91 | 17775519 | 519.91 |

## 1-7 ക്ഷേമ പദ്ധതികൾ

ഓഡിറ്റ് വർഷം നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 5780 | 8 |
| കർഷകതൊഴിലാളി പെൻഷൻ | 2599100 | 17 |
| വിധവാപെൻഷൻ | 19726900 | 158 |
| വാർദ്ധക്യകാലപെൻഷൻ | 52615600 | 453 |
| വികലാംഗപെൻഷൻ | 4743000 | 25 |
| 50 വയസിന് മുകളിലുള്ള അവിവാഹിതകൾക്കുള്ള ധനസഹായം | 1406300 | 12 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26/07/2022 ന് മുനിസിപ്പാലിറ്റി ജനറൽ സൂപ്രണ്ടിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 9058/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണ സംവിധാനം

നഗരസഭയുടെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1. ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

2. പൊതു ടാപ്പുകളുടേയും, തെരുവ് വിളക്കുകളുടേയും കൃത്യമായ കണക്ക് വിവരം തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

3. ഓഡിറ്റ് കാലയളവിൽ നഗരസഭയിൽ പ്രൊക്യൂർമെന്റ് കമ്മിറ്റി കൂടുകയോ, മിനിട്ട്സ് തയ്യാറാക്കി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല. തന്മൂലം പർച്ചേസിംഗുകളിൽ വളരെയധികം അപാകങ്ങളുണ്ടായിട്ടുള്ളതായി കാണുന്നു.

4. ഇലക്ട്രോണിക് ഉപകരണങ്ങളുടേയും, മറ്റ് സാമഗ്രികളുടേയും സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി തയ്യാറാക്കി വാർഷിക പരിശോധന നടത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

5. മുൻകൂർ നൽകിയ തുകകൾ വർഷങ്ങളായി ക്രമീകരിക്കപ്പെടാതെ ശേഷിക്കുന്നു.

6. വെള്ളക്കരമിനത്തിൽ ഭീമമായ കുടിശ്ശിക നിലനിൽക്കുന്നത് നഗരസഭയ്ക്ക് വൻസാമ്പത്തിക ബാധ്യതയായി മാറിയിരിക്കുന്നു.

7. ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി നൽകുന്ന തുകകളുടെ വിവരം ഡെപ്പോസിറ്റ് വർക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. പ്രവൃത്തിയുടെ പൂർത്തീകരണം ഉറപ്പാക്കപ്പെടുന്നില്ല.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 2015ന് ശേഷം ഓഡിറ്റ് നടന്നിട്ടില്ല | -- | -- |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 21.04.2018 മുതൽ 27.04.2018വരെ | 2018-19 | 26.04.2018 |

## 1-11 ക്യാൻസൽ ചെയ്ത സാംഖ്യാ രസീതുകൾ സഞ്ചയ സോഫ്റ്റ് വെയറിൽ നിന്നും നീക്കം ചെയ്തിട്ടില്ല

എ) 2020-21 സാമ്പത്തിക വർഷത്തിലെ സാംഖ്യാ രസീതുകൾ പരിശോധിച്ചതിൽ റദ്ദ് ചെയ്ത ചില രസീതുകൾ സഞ്ചയ സോഫ്റ്റ് വെയറിൽ നിന്നും നീക്കം ചെയ്തതായി കാണുന്നില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നം | ഉടമയുടെ പേര് | രസീത് നം / തീയതി | തുക |
|---|---|---|---|---|
| 1 | 24/79 | ലീലാമ്മ തോമസ് | 120010100069, 30.04.2020 | 621/- |

| | | | | |
|---|---|---|---|---|
| 2 | 9/418 | പി.വി.തോമസ്, ശാന്ത തോമസ്, അച്ചാമ്മ തോമസ്, എലിസബത്ത് തോമസ് | 120010100572, 27.05.2020 | 337/- |
| 3 | 6/32 | കെ.എം. അലക്സാണ്ടർ | 120010101088, 22.06.2020 | 556/- |
| 4 | 9/282 | ജോസ് വർക്കി | 120010102081, 24.08.2020 | 1,702/- |
| 5 | 7/110 | റോയി സെബാസ്റ്റ്യൻ, റോഷ്നി റോയി | 120010102267, 04.09.2020 | 3,654/- |
| 6 | 7/425 | അജീഷ് പി.വർഗ്ഗീസ്, ആൻസി വർഗ്ഗിസ് | 120010102318, 07.09.2020 | 1,034/- (ടി രസീതിന്റെ കൌണ്ടർ ഫോയിൽ ലഭ്യമല്ല) |
| 7 | 7/424 | ആനി ബേബി | 120010102319, 07.09.2020 | 1,114/- (ടി രസീതിന്റെ കൌണ്ടർ ഫോയിൽ ലഭ്യമല്ല |
| 8 | 7/423 | ആനി ബേബി | 120010102320, 07.09.2020 | 1,030/- (ടി രസീതിന്റെ കൌണ്ടർ ഫോയിൽ ലഭ്യമല്ല |
| 9 | 7/417 | ആനി ബേബി | 120010102321, 07.09.2020 | 3,732/- (ടി രസീതിന്റെ കൌണ്ടർ ഫോയിൽ ലഭ്യമല്ല |
| 10 | 8/362 | ലൗലി വർഗ്ഗീസ് | 120010103495, 08.10.2020 | 2,324/- |
| 11 | 21/110 | വി.ആർ.ബിനീഷ് | 120010109718, 31.03.2021 | 516/- |

ബി) ഉപയോഗിക്കാത്തതും, റദ്ദ് ചെയ്തതുമായ ചില സാംഖ്യാ രസീതുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. ആയതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്റ്റേഷനറി നം. | റിമാർക്ക്സ് |
|---|---|---|
| 1 | 0043101 | പ്രിന്റർ ഫോൾട്ട് വന്ന ടി രസീത് ക്യാൻസൽ ചെയ്ത് സാക്ഷ്യപ്പെടുത്തിയിട്ടില്ല. |
| 2 | 0043102 | ടി രസീതിൽ യാതൊന്നും രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ രസീത് ക്യാൻസൽ ചെയ്ത് സൂക്ഷിച്ചിട്ടില്ല. |

മേൽ അപാകതകൾ സംബന്ധിച്ച് 27.07.2022 തീയതിയിൽ നൽകിയ എൻക്വയറി നം 19 ന് മറുപടി ലഭ്യമാക്കിയതിൽ ക്രമ നം. 1,2,3,4,5,10,11 കളിൽ രേഖപ്പെടുത്തിയ രസീതുകളിലുള്ള അപാകതകൾ പരിഹരിച്ചതായി കാണുന്നുവെന്നാണ്. എന്നാൽ മറുപടി ലഭിച്ച ശേഷം സഞ്ചയ സോഫ്റ്റ് വെയറിൽ നടത്തിയ പരിശോധനയിൽ ടി രസീതുകളോന്നും തന്നെ റദ്ദ് ചെയ്യപ്പെട്ടിട്ടില്ല എന്ന് ബോദ്ധ്യപ്പെട്ടു. രസീതുകളുടെ റദ്ദാക്കൽ നിർവ്വഹിക്കുമ്പോൾ കേരള മുനിസിപ്പൽ (അക്കൌണ്ട്സ്) റൂൾസ് 2007 ലെ ചട്ടങ്ങൾ കൃത്യമായി പാലിക്കുവാൻ മുനിസിപ്പാലിറ്റി അധികൃതർ ശ്രദ്ധിക്കേണ്ടതാണ്. റദ്ദ് ചെയ്യപ്പെട്ട സാംഖ്യാ രസീതുകൾ സഞ്ചയ സോഫ്റ്റ് വെയറിൽ നിന്നും കൃത്യമായി നീക്കം ചെയ്ത് രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-12 ലൈസൻസ് ഫീസ് - അപാകതകൾ

എ) 2020-21 സാമ്പത്തിക വർഷത്തെ ലൈസൻസ് രജിസ്റ്റർ, അനുബന്ധ അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ ലൈസൻസ് പുതുക്കി നൽകിയ പല സ്ഥാപനങ്ങളുടെയും പേരുകൾ ലൈസൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. രജിസ്റ്ററിൽ ചേർക്കാത്ത സ്ഥാപനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നം | സ്ഥാപനത്തിന്റെ / ഉടമയുടെ പേര് | രസീത് നം / തീയതി |
|---|---|---|---|
| 1 | 11/81 | എ.ആർ.കെ സ്പോർട്ടിംഗ് ഗുഡ്സ്, അനഷ് ജോയി | 12001010274/ 30.06.2020 |
| 2 | 25/385,386,387 | ട്രിനിറ്റി ഇലക്ട്രിക്കൽസ്, ബാബു.കെ.ജെ | 120010105662/ 23.11.2020 |
| 3 | 25/269 | കെ.കെ.വെജിറ്റബിൾസ്, സന്തോഷ്.കെ.എ. | 120010100685/ 02.06.2020 |
| 4 | 25/212, 212എ | താമരവേലിൽ ടയേഴ്സ്, ടി.ജെ.തോമസ് | 119010109026/ 27.02.2020 |
| 5 | 25/189,190 | തോട്ടം ബേക്കേഴ്സ്, മേരി റെജി പോൾ | 119010109603/ 07.03.2020 |
| 6 | 9/495,496 | ഗ്രാഫിറ്റി വെഞ്ച്വേഴ്സ്, അഫ്താബ് കരീം | 120010103049/ 29.09.2020 |
| 7 | 25/77 | കല്ലൂസ് കോൾഡ് സ്റ്റോറേജ്, സജീവ്.കെ.എ. | 120010100684/ 02.06.2020 |
| 8 | 11/80 | കരിയർ കെയർ ഇൻഡ്യ, ബിനോജ്.കെ.ജെ. | 119010107867/ 05.02.2020 |
| 9 | 1/307 | ഉഷസ് പൊടി മില്ല്, ജോയി.ടി.പി | 119010108043/ 27.05.2020 |
| 10 | 1/317 | ബിജു സ്റ്റോഴ്സ്, കെ.എം.ജോൺ | 119010108435/ 18.02.2020 |

ബി) പാരാമെഡിക്കൽ രജിസ്ട്രേഷൻ എടുത്ത ചില സ്ഥാപനങ്ങൾ ലൈസൻസ് പുതുക്കിയതായി ലൈസൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ആയതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നം | സ്ഥാപനത്തിന്റെ/ ഉടമയുടെ പേര് |
|---|---|---|
| 1 | 8/360 | ഡോ.അമൃതാസ് ഡെർമറ്റോളജി & കോസ്മറ്റോളജി ക്ലിനിക്ക്/ ഡോ.അമൃത എലിസബത്ത് |

മേൽ അപാകതകൾ സംബന്ധിച്ച 26.07.2022 തീയതിയിൽ നൽകിയ എൻക്വയറി നം.12 ന് ലഭ്യമാക്കിയ മറുപടിയിൽ ലൈസൻസ് രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നതാണെന്നും, മേൽ സൂചിപ്പിച്ച സ്ഥാപനം ലൈസൻസ് എടുക്കാൻ വിട്ടുപോയിട്ടുള്ളതാണെന്നും. പരിശോധിച്ച് ലൈസൻസ് എടുപ്പിക്കുന്നതാണ് എന്നും സൂചിപ്പിച്ചിരുന്നു.
നഗരസഭയുടെ പരിധിയിൽ വരുന്ന എല്ലാ സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള വിവരങ്ങൾ കൃത്യമായി എഴുതിയ ട്രേയ്ഡേഴ്സ് ലിസ്റ്റ് സൂക്ഷിക്കേണ്ടതും, ലൈസൻസ് എടുത്ത മുഴുവൻ സ്ഥാപനങ്ങളുടെയും പേര് വിവരങ്ങൾ കൃത്യമായി രജിസ്റ്ററിൽ എഴുതി സൂക്ഷിക്കേണ്ടതുമാണ്. മേൽ വിവരിച്ച സ്ഥാപനത്തിൽ നിന്നും ലൈസൻസ് ഫീസ് കുടിശ്ശിക അടക്കം ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-12-1 വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കും ലൈസൻസ് നൽകൽ

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 30-10-2020 ലെ സ.ഉ.(പി)നം.62/2020 (SRO No.857/2020) പ്രകാരം 1994ലെ കേരള മുനിസിപ്പാലിറ്റി ആക്ട് 447, 448, 449, 450, 565 എന്നീ വകുപ്പുകളും 2011 ലെ കേരള മുനിസിപ്പാലിറ്റി (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും മറ്റ് വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് പുറപ്പെടുവിച്ച ഭേദഗതികൾ പ്രകാരം വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരഭക പ്രവർത്തനങ്ങൾക്കും മറ്റ സേവനങ്ങൾക്കും ലൈസൻസ് നൽകൽ എന്നാക്കുകയും ചട്ടം 14 ലെ പട്ടിക-3 ൽ വിവിധ വ്യാപാരങ്ങൾക്ക് ദിവസേനയുള്ള വിറ്റ് വരവിന്റെ അടിസ്ഥാനത്തിൽ ഈടാക്കുവാൻ നിശ്ചയിച്ചിട്ടുള്ള ഫീസിനെ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് സംരംഭങ്ങൾ എന്നിങ്ങനെ തരംതിരിച്ച് മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ഈടാക്കാവുന്ന ഫീസായി നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്.
ഭേദഗതി ഉത്തരവ് പട്ടിക II ലെ ക്രമ നം. 275 (മാര്യേജ് ബ്യൂറോ), 276 (പരസ്യ ഏജൻസി), 278 (ടാക്സ് പ്രാക്ടീഷണർ), 279 (സ്വകാര്യ ഫിനാൻസിംഗ് സ്ഥാപനങ്ങൾ), 280 (ട്രാവൽ കൺസൾട്ടന്റ്സ്), 281 (ടൂറിസ്റ്റ് ടാക്സി ഓപ്പറേറ്റിംഗ്), 282 (മൾട്ടി ലെവൽ മാർക്കറ്റിംഗ്), 283 (മണി എക്സ്ചേഞ്ച് സ്ഥാപനങ്ങൾ), 284 (ലോട്ടറി കച്ചവടം), 286 (കാൾ സെന്റർ), 287 (സൈബർ കഫേ), 288 (സോഫ്റ്റ്‌വെയർ ഡെവലപ്മെന്റ്), 289, 290, 291, 292, 294, 295, 296, 297, 298, 299 തുടങ്ങിയ എല്ലാ വിധ സംരഭക, സേവന പ്രവർത്തനങ്ങളും ലൈസൻസ് പരിധിയിൽ ഉൾപ്പെടുന്നതാണ്, ഇതിന്റെ അടിസ്ഥാനത്തിൽ ധനകാര്യ സ്ഥാപനങ്ങളടക്കമുള്ളവയെയും ഓഫീസ് മാത്രമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെയും ലൈസൻസ് പരിധിയിൽ ഉൾപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും
മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പുതിയ മാതൃകയിൽ അപേക്ഷകൾ തയ്യാറാക്കേണ്ടതുമാണ്
ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 11/2020-21 തിയതി 26/7/22 നുള്ള മറുപടിയിൽ തുടർ നടപടികൾ സ്വീകരിച്ചു വരുന്നതായി അറിയിച്ചിട്ടുണ്ട്,

## 1-13 ഡോഗ് ലൈസൻസ് - അപാകതകൾ

2020-21 സാമ്പത്തിക വർഷത്തിലെ ഡോഗ് ലൈസൻസ് രജിസ്റ്റർ, അനുബന്ധ അപേക്ഷകർ എന്നിവ പരിശോധിച്ചതിൽ 58 നായകൾക്ക് ലൈസൻസ് അനുവദിച്ചിട്ടുണ്ട്. എന്നാൽ താഴെ ചേർക്കുന്ന 3 അപേക്ഷകർ ഡോഗ് ലൈസൻസിനായി അപേക്ഷ സമർപ്പിച്ചിരുന്നെങ്കിലും ലൈസൻസ് അനുവദിച്ചതിന്റെ രേഖകൾ കാണുന്നില്ല :-

| ക്രമ നം | നം | അപേക്ഷകന്റെ പേര് | കെട്ടിട നം |
|---|---|---|---|
| 1 | H1-5631/20 /25.06.2020 | ബിന്ദു രാരിച്ചൻ, പുലിക്കയത്ത്, പിറവം | 25/381 |
| 2 | H1-6378/20, 21.07.2020 | കിരൺ.കെ.എസ്, കുന്നപ്പിള്ളിൽ വീട്, കോട്ടപ്പുറം | 13/434 A |
| 3 | H1-6379/20, 21.07.2020 | കിരൺ.കെ.എസ്, കുന്നപ്പിള്ളിൽ വീട്, കോട്ടപ്പുറം | 13/434 A |

ഇതുമായി ബന്ധപ്പെട്ട് 27.07.2022 തീയതിയിൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.18 ന് ലഭ്യമാക്കിയ മറുപടിയിൽ മേൽ വിവരിച്ച വ്യക്തികൾ നായകളുടെ വാക്സിനേഷൻ രേഖകൾ ഹാജരാക്കാത്തതിനാലും, വെറ്ററിനറി സർജന്റെ അഭിപ്രായം രേഖപ്പെടുത്താഞ്ഞതിനാലുമാണ് ഡോഗ് ലൈസൻസ് അപേക്ഷ നിരസിച്ചത് എന്നും ടി കക്ഷികളെ രേഖകൾ ഹാജരാക്കുന്നതിന് നേരിട്ട് അറിയിച്ചിട്ടും ആയത് ഹാജരാക്കാത്തതിനാൽ ലൈസൻസ് നൽകിയിട്ടില്ല എന്നറിയിച്ചിട്ടുണ്ട്.
1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം, വകുപ്പ് 437 പ്രകാരം നഗരസഭയിൽ നിന്നും ലഭിക്കുന്ന ലൈസൻസ് കൂടാതെ നായകളെ വളർത്താൻ പാടില്ല. വളർത്തുനായ്ക്കൾക്ക് വാക്സിനേഷൻ നൽകുന്നതിനും ലൈസൻസ് അനുവദിക്കുന്നതിനും നഗരസഭയുടെ ഭാഗത്തുനിന്നുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തേണ്ടതാണ്. വരും വർഷങ്ങളിലെങ്കിലും നഗരസഭാ പരിധിയിൽ ഉള്ള എല്ലാ വളർത്തുനായ്ക്കൾക്കും ലൈസൻസ് എടുപ്പിക്കാനാവശ്യമായ നടപടികൾ നഗരസഭ അധികൃതർ സ്വീകരിക്കേണ്ടതാണ്.

## 1-14 പാഴൂർ ആറ്റുതീരം പാർക്ക് നടത്തിപ്പ് - അപാകതകൾ

നഗരസഭയുടെ അധീനതയിലുള്ള പാഴൂർ ആറ്റതീരം പാർക്ക് 13/11/2019 ൽ മൂവാറ്റുപുഴ ടൂറിസം സഹകരണ സംഘത്തിനു വേണ്ടി ശ്രീ അമൽലാൽ പുളിക്കൽ എന്നയാൾ 10,000/- രൂപക്ക് ക്വട്ടേഷൻ എടുത്തിട്ടുള്ളതാണ്. ആയത് നഗരസഭ കൗൺസിലിന്റെ 16/12/2019 ലെ 45ാം നം തീരുമാനപ്രകാരം അനുവദിച്ചിട്ടുള്ളതും 24/01/2020 ൽ കരാറിൽ ഏർപ്പെട്ടിട്ടുള്ളതുമാണ്. കരാർ വ്യവസ്ഥപ്രകാരം പാർക്കിന്റെ പരിസരത്തേക്കാവശ്യമായ വൈദ്യുതി വാട്ടർ കണക്ഷനുകൾ നഗരസഭ അനുമതിയോടെ കുത്തകകാരൻ എടുക്കേണ്ടതും, വൈദ്യുതി, വാട്ടർ ചാർജ്ജുകൾ കുത്തകകാരൻ യഥാസമയം ഒടുക്കേണ്ടതുമാണ്. ഇതിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

24/01/2020ൽ കരാറുകാരൻ കരാറിൽ ഏർപ്പെട്ടിട്ടുള്ളതുമാണ് എന്നാൽ കരാറുകാരൻ കരാർ വ്യവസ്ഥകൾ ലംഘിച്ച് പാർക്ക് നടത്തിപ്പവകാശം ഉപേക്ഷിച്ച് പോയിട്ടുള്ളതും, പുനർ ലേലം നടത്തേണ്ടതിനു പകരം 2020-21 കാലയളവിൽ പ്രതിമാസം 9,000/- രൂപ നിരക്കിൽ ഒരു വാച്ചറെ താൽക്കാലികമായി നിയമിച്ചിട്ടുള്ളതും, ഈ ഇനത്തിൽ തനതുഫണ്ടിൽ നിന്നും വിവിധ മാസങ്ങളിലായി ആകെ 72000/-രൂപ വേതനം നൽകിയിട്ടുള്ളതുമാണ്. കരാറുകാരൻ കരാർ വ്യവസ്ഥകൾ ലംഘിച്ച് നടത്തിപ്പവകാശം ഉപേക്ഷിച്ച് പോയാൽ ഈടാക്കേണ്ട നഷ്ടപരിഹാര വ്യവസ്ഥ കരാറിൽ ഉൾപ്പെടുത്തിയിട്ടില്ല. അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്താതെ പാർക്ക് ലേലംകൊള്ളാൻ നാളിതുവരെയും ആരും എത്തിയിട്ടില്ലാത്തതുമാണ്. അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്താതെ പാർക്ക് ലേലം ചെയ്തതുമൂലം നഗരസഭക്ക് കിട്ടേണ്ട വരുമാനത്തെക്കാൾ കൂടുതൽ തുക (ചെലവ് 72000/-)- (വരവ് 10000/-) =(-62000/-) തനതുഫണ്ടിൽ നിന്നും ചെലവഴിക്കേണ്ടതായി വന്നു. മേൽ അപാകതകൾ ചൂണ്ടിക്കാണിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 17/2020-21 തീയതി 27/07/2022 ക്കുള്ള സെക്രട്ടറിയുടെ മറുപടിയിൽ ആറ്റതീരം പാർക്കിന്റെ നടത്തിപ്പിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ പരിശോധിച്ച് എസ്റ്റിമേറ്റ് സഹിതം റിപ്പോർട്ട് സമർപ്പിക്കുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുള്ളതുമാണ്.

കരാറുകാരൻ എഗ്രിമെന്റ് സമർപ്പിച്ച് ലേലത്തിൽ എടുത്തിട്ടുള്ള 24/01/2020 ശേഷമുള്ള വൈദ്യുതി ചാർജ് ഇനത്തിൽ 58424/-രൂപ(കൺസ്യൂമർ നം.1155977031925) നഗരസഭയുടെ ബാധ്യതയാകാതെ കാരാറുകാരനിൽ നിന്നും ഈടാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും പാഴൂർ ആറ്റതീരം പാർക്കിന്റെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തി ആയതിൽ നിന്നും വരുമാനമാർഗ്ഗം കണ്ടെത്തുവാനുള്ള നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-15 വാടക കുടിശ്ശിക

നഗരസഭയിലെ താഴെപ്പറയുന്ന കെട്ടിടങ്ങൾ/മുറികളുടെ വാടക കുടിശ്ശിക ഈടാക്കി വിവരം അറിയിക്കേണ്ടതും, വാടക ബൈലോയോ/റഗുലേഷനോ തയ്യാറാക്കിയിട്ടുണ്ടെങ്കിൽ ഹാജരാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം 16/2020-21 തീയതി 27/07/22 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. വാടക കുടിശ്ശിക ഈടാക്കി വിവരം അറിയിക്കേണ്ടതും, വാടക ബൈലോയോ/റഗുലേഷനോ തയ്യാറാക്കിട്ടുണ്ടെങ്കിൽ ആയത് പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതും അല്ലാത്തപക്ഷം ആയതു തയ്യാറാക്കേണ്ടതുമാണ്.

| കെട്ടിട നം | വാടകക്കാരൻ | വാടക | വാടക കുടിശ്ശിക |
|---|---|---|---|
| 4/272 | പൗലോസ് | 5789 | 14981 |
| 5/449M | ഷൈല | 8043 | 105815 |
| 5/449N | നിഷാന്ത് | 3363 | 8581 |
| 5/449S | മാനേജർ എസ് ബി ഐ | 4022 | 124248 |
| 5/433Q | ബോബി | 6332 | 206103 |
| 5/433AP | സിജി | 3725 | 19047 |
| 5/433AQ | ദിലീപ്കുമാർ | 5660 | 112092 |
| 5/433AR | ദിലീപ്കുമാർ | 4820 | 76838 |
| 5/433AS | ദിലീപ്കുമാർ | 5026 | 32460 |
| 5/FS1 | സിജു | 1375 | 29093 |
| 5/FS2 | വർഗ്ഗീസ് | 1357 | 47987 |
| 5/FS3 | അനു | 1357 | 8771 |
| 5/FS4 | കുഞ്ഞുമോൻ | 1357 | 51801 |

## 1-16 തൊഴിൽ നികുതി ഈടാക്കിയില്ല

20-21 സാമ്പത്തിക വർഷത്തിലെ തൊഴിൽ നികുതി രജിസ്റ്റർ, അനുബന്ധ അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ ചില സ്ഥാപനങ്ങൾ രണ്ടാം അർദ്ധവർഷത്തിലെ തൊഴിൽ നികുതി അടവാക്കിയിട്ടില്ല. ടി സ്ഥാപനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 36/2020-21 തിയതി 01/08/2022 നുള്ള സെക്രട്ടറിയുടെ മറുപടിയിൽ തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കാമെന്നറിയിച്ചിട്ടുള്ളതാണ്.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷം |
|---|---|---|
| 1 | പോസ്റ്റ് ഓഫീസ്, പിറവം | 2 |
| 2 | വില്ലേജ് ഓഫീസ്, പിറവം | 2 |
| 3 | ഗവ.ആയുർവേദ ഹോസ്പിറ്റൽ | 2 |
| 4 | ഐ.സി.ഐ.സി.ഐ ബാങ്ക് | 2 |
| 5 | മോർ റീടൈൽ ലിമിറ്റഡ് | 2 |
| 6 | പോലീസ് സ്റ്റേഷൻ, പിറവം | 2 |
| 7 | ഡെൽഹിവെറി പ്രൈ ലിമിറ്റഡ് | 2 |

## 1-17 വാർഡ് സഭകളുടെ നടത്തിപ്പ് – അപാകതകൾ

2020-21 സാമ്പത്തിക വർഷത്തിൽ കോവിഡ് പശ്ചാത്തലത്തിൽ നിയമപ്രകാരമുള്ള കാലയളവിൽ വാർഡ് സഭകൾ കൂടുന്നതിന് സാധിച്ചിട്ടില്ല. വിവിധ പദ്ധതികളുമായി ബന്ധപ്പെട്ട് കമ്മിറ്റി രൂപീകരണത്തിനായുള്ള അംഗങ്ങളെ തെരെഞ്ഞെടുപ്പ്, വിവിധ നിർദ്ദേശങ്ങൾ എന്നിവയാണ് മുഖ്യമായും എല്ലാ വാർഡ് സഭകളിലും നടന്നിട്ടുള്ളത്. ചില വാർഡുസഭകളുടെ മിനിറ്റ്സ് ബുക്കിൽ (വാർഡ് നം.8) സഭ കൂടിയതിന്റെ വിശദാംശങ്ങൾ പൂർണ്ണമായും രേഖപ്പെടുത്തിയിട്ടില്ല. മുൻവർഷത്തെ വികസനപരിപാടികളും നടപ്പുവർഷത്തിൽ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നവയും അതിനു വേണ്ടിവരുന്ന ചെലവും ഓരോ വർഷത്തെയും ആദ്യ വാർഡ് സഭയിൽ അവതരിപ്പിച്ച് ചർച്ച ചെയ്യേണ്ടതുണ്ട്. മുൻവർഷത്തെ ഭരണനിർവ്വഹണ റിപ്പോർട്ടും സഭയിൽ അവതരിപ്പിക്കേണ്ടതുമാണ്. ഓഡിറ്റ് റിപ്പോർട്ടുകൾ വാർഡ് സഭയിൽ അവതരിപ്പിച്ച് ചർച്ച ചെയ്യേണ്ടതും അഭിപ്രായങ്ങളും നിർദ്ദേശങ്ങളും, നഗരസഭയെ അറിയിക്കുകയും ചെയ്യേണ്ടതാണ്. മുൻയോഗത്തിലെ ഏതെങ്കിലും തീരുമാനങ്ങൾ നടപ്പാകാതെയുണ്ടെങ്കിൽ ആയതിന്റെ കാരണവും സഭയെ അറിയിക്കേണ്ടതുമാണ്. നല്ല രീതിയിൽ ജനപങ്കാളിത്തം ഉറപ്പാക്കി വാർഡ് സഭകൾ കൃത്യസമയത്ത് സംഘടിപ്പിക്കുന്നുവെന്നും അവ തങ്ങളിലർപ്പിതമായിരിക്കുന്ന ചുമതലകൾ ഭംഗിയായി നിറവേറ്റുന്നുവെന്നും അധികാരികൾ ഉറപ്പു വരുത്തേണ്ടതാണ്. ആക്റ്റ് സെക്ഷൻ 42.എ.3 പ്രകാരം വാർഡ് സഭകൾ മൂന്ന് മാസത്തിലൊരിക്കൽ യോഗം ചേരേണ്ടതാണ്. എന്നാൽ 2020-21 സാമ്പത്തിക വർഷത്തിൽ നഗരസഭയിൽ ആകെ ഒരു പ്രാവശ്യം മാത്രമാണ് വാർഡ് സഭകൾ കൂടിയിട്ടുള്ളത്. വിവിധ പദ്ധതികളുമായി ബന്ധപ്പെട്ട് കമ്മിറ്റി രൂപീകരണത്തിനായുള്ള അംഗങ്ങളെ തെരെഞ്ഞെടുപ്പ്, വിവിധ നിർദ്ദേശങ്ങൾ എന്നിവയാണ് മുഖ്യമായും എല്ലാ വാർഡ് സഭകളിലും നടന്നിട്ടുള്ളത്. ചില വാർഡുസഭകളുടെ മിനിറ്റ്സ് ബുക്കിൽ (വാർഡ് നം.8) സഭ കൂടിയതിന്റെ വിശദാംശങ്ങൾ പൂർണ്ണമായും രേഖപ്പെടുത്തിയിട്ടില്ല. മുൻവർഷത്തെ വികസനപരിപാടികളും നടപ്പുവർഷത്തിൽ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നവയും അതിനു വേണ്ടിവരുന്ന ചെലവും ഓരോ വർഷത്തെയും ആദ്യ വാർഡ് സഭയിൽ അവതരിപ്പിച്ച് ചർച്ച ചെയ്യേണ്ടതുണ്ട്. മുൻവർഷത്തെ ഭരണനിർവ്വഹണ റിപ്പോർട്ടും സഭയിൽ അവതരിപ്പിക്കേണ്ടതുമാണ്. ഓഡിറ്റ് റിപ്പോർട്ടുകൾ വാർഡ് സഭയിൽ അവതരിപ്പിച്ച് ചർച്ച ചെയ്യേണ്ടതും അഭിപ്രായങ്ങളും നിർദ്ദേശങ്ങളും, നഗരസഭയെ അറിയിക്കുകയും ചെയ്യേണ്ടതാണ്. മുൻയോഗത്തിലെ ഏതെങ്കിലും തീരുമാനങ്ങൾ നടപ്പാകാതെയുണ്ടെങ്കിൽ ആയതിന്റെ കാരണവും സഭയെ അറിയിക്കേണ്ടതുമാണ്. നല്ല രീതിയിൽ ജനപങ്കാളിത്തം ഉറപ്പാക്കി വാർഡ് സഭകൾ കൃത്യസമയത്ത് സംഘടിപ്പിക്കുന്നുവെന്നും അവ തങ്ങളിലർപ്പിതമായിരിക്കുന്ന ചുമതലകൾ ഭംഗിയായി നിറവേറ്റുന്നുവെന്നും അധികാരികൾ ഉറപ്പു വരുത്തേണ്ടതാണ്.

## 1-18 ലേലകുടിശ്ശിക

മാർക്കറ്റ് ഫീസ് :- നഗരസഭ വക മാർക്കറ്റിൽ നിന്നും 2020-21 കാലയളവിലേക്ക് ഫീസ് പിരിക്കുന്നതിനുള്ള അവകാശം ലേലം ചെയ്തതിൽ 99000/- രൂപയ്ക്ക് ലേലം വിളിച്ച ശ്രീ. ജിനീഷ്, പാറപ്പുറം എന്നയാൾക്ക് കൗൺസിൽ തീരുമാനം 03 തീയതി 26/05/20 ലേലം ഉറപ്പിച്ചു നൽകി. ലേലത്തുകയുടെ 60% തുകയായ 59,400/- രൂപ GST/IT എന്നിവ ഉൾപ്പെടെ 71,280/- രൂപ 120010100305 തീയതി 14.05.2020 പ്രകാരം അടവാക്കിയിട്ടുണ്ട്. എന്നാൽ ടിയാൻ ലേല കുടിശ്ശിക 39,600/-രൂപ പിഴപലിശ ഉൾപ്പെടെ അടവാക്കിയിട്ടില്ല.
ബസ്സ്റ്റാന്റ് ഫീസ് :- നഗരസഭ വക ബസ്സ്റ്റാന്റിൽ നിന്നും 2020-21 കാലയളവിലേക്ക് ഫീസ് പിരിക്കുന്നതിനുള്ള അവകാശം ലേലം ചെയ്തതിൽ 5,78,375/- രൂപയ്ക്ക് ലേലം വിളിച്ച ശ്രീ. ഏലിയാസ് നരേക്കാട്ട് എന്നയാൾക്ക് കൗൺസിൽ തീരുമാനം 03 തീയതി 26/05/20 ലേലം ഉറപ്പിച്ചു നൽകി. ലേലത്തുകയുടെ 60% തുകയായ 3,47,025/- രൂപ GST/IT എന്നിവ ഉൾപ്പെടെ 4,16,431/- രൂപ 119010500260 തീയതി 17.03.2020 പ്രകാരം അടവാക്കിയിട്ടുണ്ട്. എന്നാൽ ടിയാൻ ലേല കുടിശ്ശിക 2,31,350/-രൂപ പിഴപ്പലിശ ഉൾപ്പെടെ അടവാക്കിയിട്ടില്ല.
ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.08/20-21 തീയതി 25.07.2022 നൽകിയിട്ടുള്ളതാണ്. ലേല കുടിശ്ശിക പിഴപ്പലിശ അടക്കം അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-19 വനിതാ കമ്പ്യൂട്ടർ പരിശീലന കേന്ദ്രത്തിന്റെ നടത്തിപ്പ് - അപാകതകൾ

നഗരസഭയുടെ കീഴിൽ വിദ്യാർത്ഥികൾക്കായി വിവിധ കമ്പ്യൂട്ടർ കോഴ്സുകൾ നടത്തി വന്നിരുന്ന വനിതാ കമ്പ്യൂട്ടർ പരിശീലന കേന്ദ്രം മാർച്ച് 2021 ൽ പ്രവർത്തനം അവസാനിപ്പിച്ചിട്ടുള്ളതാണ്. സ്ഥാപനത്തിന്റെ രസീത് ബുക്കുകൾ, കളക്ഷൻ രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ, 21.05.2019 മുതൽ 08.03.2021 തീയതി വരെയുള്ള 77 രസീതുകൾ (2 ബുക്കുകളിലായി – ബുക്ക് നം 1 & 2 ), കളക്ഷൻ രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. പരിശീലനാർത്ഥികളിൽ നിന്നും പല തവണകളായി ഫീസ് ഈടാക്കിയിട്ടുണ്ട്. ഓരോ

പരിശീലനാർത്ഥികളിൽ നിന്നും എത്ര ഫീസാണ് ഓരോ കോഴ്സിനും ഈടാക്കിയിട്ടുള്ളത് എന്ന് വ്യക്തമല്ല. എന്ത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് ഫീസ് ഈടാക്കിയിട്ടുള്ളതെന്നും, ഓരോ പരിശീലനാർത്ഥിയിൽ നിന്നും ഫീസ് ഈടാക്കുന്നത് സംബന്ധിച്ച് കമ്മിറ്റി തീരുമാനമോ, ബൈലോ എന്നിവ ഹാജരാക്കിയില്ല.

2. പരിശീലന കേന്ദ്രത്തിനായി പ്രത്യേകം പ്രിന്റ് ചെയ്ത രസീതുകളാണ് ഉപയോഗിച്ചിട്ടുള്ളത്. എന്നാൽ ഇത്തരത്തിൽ എത്ര രസീത് ബുക്കുകൾ പ്രിന്റ് ചെയ്തു, എത്രയെണ്ണം ഉപയോഗിച്ചു എന്ന് വ്യക്തമാക്കുന്ന രസീതുകളുടെ സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

3. രസീതുകൾ ഉപയോഗിച്ച് തുകകൾ പിരിച്ചിട്ടുണ്ടെങ്കിലും കളക്ഷൻ രജിസ്റ്ററിൽ രസീതുകളുടെ നമ്പരോ, തീയതിയോ രേഖപ്പെടുത്തിയിട്ടില്ല.

4. പല രസീതുകളിലും മാനേജർ ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല.

5. രസീതുകളുടെ ഡ്യൂപ്ലിക്കേറ്റ് നൽകേണ്ടതിനു പകരം ഒറിജിനൽ രസീതാണ് ഫീസടച്ച പരിശീലനാർത്ഥികൾക്ക് നൽകിയിട്ടുള്ളത്. ബുക്ക് നം 1 ലെ രസീത് നം 1 ൽ Double Side Carbon ഉപയോഗിക്കാതെ ഡ്യൂപ്ലിക്കേറ്റിൽ പേന ഉപയോഗിച്ച് തുക രേഖപ്പെടുത്തിയിരിക്കുന്നു.

6. ബുക്ക് നം 1 ലെ രസീത് നം 16 ൽ തുക രേഖപ്പെടുത്തിയപ്പോൾ തിരുത്തലുകൾ വന്നിട്ടുണ്ട്. (ടി രസീതിൽ 1000/- രൂപ എന്നെഴുതി അത് തിരുത്തി 500/- രൂപ എന്ന് രേഖപ്പെടുത്തിയിരിക്കുന്നു)

7. ബുക്ക് നം.1ലെ രസീത് നം 36 ലെ തീയതി 07.02.2020 എന്നാണ്. എന്നാൽ രസീതിൽ പേന ഉപയോഗിച്ച് പ്രസ്തുത തീയതി തിരുത്തി 04.05.2020 എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. ടി രസീതിൽ പിരിച്ചിരിക്കുന്ന 1,000/- രൂപയാണ്. ടി തുക 04.05.2020 തീയതിയിലാണ് നഗരസഭയിൽ അടവാക്കിയിട്ടുള്ളത്.

8. ബുക്ക് നം.2ലെ രസീത് നം.64 ൽ 08.03.2021 തീയതിയിൽ 2,500/- രൂപ എന്ന് രേഖപ്പെടുത്തിയതിനു ശേഷം രസീതിൽ പേന ഉപയോഗിച്ച് പ്രസ്തുത തുക തിരുത്തി 1,000/- രൂപ എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ ടി രസീതിൽ അക്ഷരത്തിൽ രേഖപ്പെടുത്തിയിട്ടുള്ളത് “Two Thousand Five Hundred” എന്നാണ്.

9. 50 രസീതുകളുള്ള ബുക്ക് നം - 1 ലെ രസീത് നം 38 ലെ തീയതി 04.05.2020 എന്നാണ്. എന്നാൽ രസീത് ബുക്കിൽ ഉപയോഗിക്കാത്ത രസീതുകൾ ബാക്കി നിൽക്കേ 04.05.2020 തീയതിയിലെ 3 പരിശീലനാർത്ഥികളുടെ ഫീസ് പിരിക്കുവാൻ ഉപയോഗിച്ചിരിക്കുന്നത് ബുക്ക് നം.2 ലെ (50 രസീതുകൾ ഉള്ളത് - രസീത് നം 51 മുതൽ 100 വരെ) രസീത് നം 67 മുതലാണ് (67 മുതൽ - 69 വരെ). 17.06.2020 തീയതിയിലെ 8 പരിശീലനാർത്ഥികളുടെ ഫീസ് പിരിക്കുവാൻ ഉപയോഗിച്ചിരിക്കുന്നത് ബുക്ക് നം – 2 ലെ 70 മുതൽ 77 വരെയുള്ള രസീതുകളാണ്.

10. കമ്പ്യൂട്ടർ പരിശീലന കേന്ദ്രത്തിന്റെ ഫീസിനത്തിൽ പിരിച്ച തുകകൾ നഗരസഭയിൽ അടവാക്കിയിട്ടുണ്ടെങ്കിലും, കളക്ഷൻ രജിസ്റ്ററോ, രസീത് ബുക്കുകളോ നഗരസഭയിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പരിശോധിച്ചതായി കണ്ടില്ല.

മേൽ അപാകതകൾ സൂചിപ്പിച്ച് 29.07.2022,01.08.2022 എന്നീ തീയതികളിൽ നൽകിയ ഓഡിറ്റ് എൻക്വയറി ന മ്പർ 21,38 എന്നിവയ്ക്ക് മറുപടി ലഭ്യമാക്കിയില്ല. സ്ഥാപനം പ്രവർത്തനം നിർത്തിയതിനു ശേഷം സ്ഥാപനത്തിനായി നൽകിയ കമ്പ്യൂട്ടറുകളും മറ്റ് അനുബന്ധ ഉപകരണങ്ങളും തിരികെ ഏൽപിച്ചിരുന്നുവെങ്കിലും ആയത് കൃത്യമായി പരിശോധിച്ച് സ്റ്റോക്കിൽ എടുത്തിട്ടില്ല. ഭാവിയിൽ ഇത്തരം പദ്ധതികൾ നടത്തുമ്പോൾ രജിസ്റ്ററുകളും, അനുബന്ധ രേഖകളും പരിപാലിക്കുന്നുണ്ടെന്നും, കമ്പ്യൂട്ടറുകളും മറ്റ് അനുബന്ധ ഉപകരണങ്ങളും നൽകിയിട്ടുണ്ടെങ്കിൽ പദ്ധതി അവസാനിപ്പിക്കുമ്പോൾ ആയവ തിരികെ വാങ്ങി സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. പ്രസ്തുത കമ്പ്യൂട്ടർ പരിശീലന കേന്ദ്രത്തിന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ച് നഗരസഭ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അന്വേഷണം നടത്തേണ്ടതും ആയതിന്റെ വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-20 അർഹതയില്ലാത്ത വിദ്യാർത്ഥിനിക്ക് ലാപ് ടോപ് നല്കി

2019 ഫെബ്രുവരിയിൽ ഡിപ്ലോമ കോഴ്സ് വിജയിച്ച വിദ്യാർത്ഥിനിക്ക് ലാപ്ടോപ് വാങ്ങി നല്കിയത് കാരണം SCP ഫണ്ടിന് 27,489/- രൂപ നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ ഖണ്ഡിക 3-1 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-21 ഭിന്നശേഷിവിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് /ബത്ത നൽകൽ – അപാകത

| | | |
|---|---|---|
| പ്രൊജക്റ്റ് നം.,പേര് | 0020/21 ,ഭിന്നശേഷിവിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്/ബത്ത നൽകൽ | |
| അടങ്കൽ | 16,00,000 /-(വികസന ഫണ്ട് -ജനറൽ) | |
| ചെലവ് | 14,40,900/- | 1)BRN 930392/12.01.21 – 5,33,600 /- |
| | | 2)BRN 1367626 / 26.03.21 – 8,66,300 /- |
| | | 3)BRN 1438012 / 30.03.21 – 41,000 /- |

| നിർവ്വഹണഉദ്യോഗസ്ഥ | ICDS സൂപ്പർവൈസർ |
|---|---|

നഗരസഭയിൽ സ്ഥിരതാമസമാക്കിയതും സ്കൂൾ / ഡേ കെയർ / ഹോം ട്യൂഷൻ എന്നിവയിൽ ഏതെങ്കിലും ഒരു രീതി പ്രകാരം അധ്യയനം നടത്തുന്നതുമായ ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് അപേക്ഷയോടൊപ്പം ഹാജരാക്കുന്ന ഭിന്നശേഷിസർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ സ്കോളർഷിപ്പ് നൽകുന്നതിന് ICDS സൂപ്പർവൈസർ നടപ്പാക്കിയ പദ്ധതിയാണിത്. 14.02.18 ലെ സർക്കാർ ഉത്തരവ് സ.ഉ(കൈ) നം.22/2018 ലെ ഖണ്ഡിക നം. 7.1.6 പ്രകാരം വിദ്യാലയങ്ങളിൽ പോകുന്ന മാനസികവെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് 28,500 /-രൂപയും ശാരീരികവെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് അവർ പഠിക്കുന്ന ക്ലാസ്സിനനുസരിച്ചുമാണ് സ്കോളർഷിപ്പ് നൽകേണ്ടത്. സർക്കാർ ഉത്തരവ് പ്രകാരം ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികളിൽ ബിരുദാനന്തര കോഴ്സ് / വൊക്കേഷണൽ പരിശീലനത്തിൽ ഏർപ്പെട്ടിട്ടുള്ളവർക്കാണ് ഏറ്റവും കൂടിയ തുകയായ 19500/-രൂപ നൽകുന്നത്. APL / BPL വേർതിരിവില്ലാതെ 100 % ധനസഹായം നൽകാവുന്ന ഈ പ്രൊജക്ട് പ്രകാരം ഓഡിറ്റ് വർഷം 63 പേർക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്. മാനസികവെല്ലുവിളികൾ നേരിടുന്ന 36 വിദ്യാർത്ഥികൾക്ക് 100 % തുകയായ 28,500/-രൂപ വീതവും ശാരീരിക വെല്ലുവിളികൾ നേരിടുന്ന 26 വിദ്യാർത്ഥികൾക്ക് അവരുടെ അർഹത അനുസരിച്ചുള്ള തുകയും സിസ്റ്റർ മെഴ്സി എന്ന വ്യക്തിക്ക് 1,20,000 /-രൂപയുമാണ് ആനുകൂല്യം നൽകിയത്. സബ്സിഡി മാർഗരേഖ അനുസരിച്ച് ഈ പദ്ധതി പ്രകാരം ഏറ്റവും കൂടിയ ധനസഹായത്തുക 28,500/-രൂപയാണ്. മാനസികവെല്ലുവിളി നേരിടുന്ന വിദ്യാർത്ഥിക്ക് ഒരു വർഷം അക്കൗണ്ടിലേക്ക് കൈമാറാവുന്ന ഈ തുകയിൽ സ്കോളർഷിപ്പ് (12,000/-രൂപ), യാത്രാബത്ത (12,000/-രൂപ), വസ്ത്രങ്ങൾക്കും പഠനസാമഗ്രികൾക്കുമുള്ള ബത്ത (3,500/-രൂപ), പഠനപര്യടനത്തിനുള്ള ബത്തയായ 1,000/-രൂപ എന്നിവ ഉൾപ്പെട്ടിട്ടുണ്ട്. സിസ്റ്റർ മെഴ്സി എന്ന ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക്, ചെലവ് തുക ചേർത്തിരിക്കുന്ന പട്ടികയിലെ ക്രമ നം.1 ബില്ല് പ്രകാരം പിൻവലിച്ച 5,33,600/-രൂപയിൽ നിന്നും 1,20,000/-രൂപ കൈമാറിയിട്ടുണ്ട്. അപാകതയ്ക്ക് വിശദീകരണവും ഭിന്നശേഷിക്കാരുടെ വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ ഹാജരാക്കുന്നതിനും ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം.2,25.07.22) ഹാജരാക്കിയ മറുപടിയിൽ 'സ്നേഹഭവൻ, മുളക്കുളം നോർത്ത്, പിറവം' എന്ന സ്ഥാപനത്തിന്റെ മദർ സുപ്പീരിയറായ സിസ്റ്റർ അതുല്യ സമർപ്പിച്ച 06.11.20ലെ അപേക്ഷ ഹാജരാക്കി. സ്നേഹഭവനിൽ സ്ഥിരതാമസക്കാരായ മാനസിക ശാരീരിക വൈകല്യമുള്ള 15 പെൺകുട്ടികൾക്ക് ധനസഹായം നൽകുന്നതിന് പിറവം നഗരസഭ ചെയർമാന് നൽകിയ ഈ അപേക്ഷയുടെ അടിസ്ഥാനത്തിലാണ് സ്നേഹഭവനിലെ സിസ്റ്റർ മെഴ്സിയുടെ എറണാകുളം ജില്ലാ സഹകരണ ബാങ്കിലെ(പിറവം ശാഖ)അക്കൗണ്ടിലേക്ക്(അക്കൗണ്ട് നം. 021241000012584) കൈമാറിയത്. ഈ 15 പേരും വിദ്യാർത്ഥികളല്ല. ഒരാളൊഴികെ എല്ലാവരും 35 വയസ്സ് കഴിഞ്ഞ അന്തേവാസികളാണ്. ഇതുകൂടാതെ ഈ സ്ഥാപനത്തിലെ 10 പേർക്ക് അവരുടെ യോഗ്യതാമസക്കാലമനുസരിച്ച് സർക്കാരിൽ നിന്നും ഗ്രാന്റ് ലഭിക്കുന്നുമുണ്ട്. ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിന് ആവിഷ്കരിച്ച് നടപ്പാക്കിയ പദ്ധതിയുടെ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്ത വ്യക്തിക്ക് അവർ സേവനം ചെയ്യുന്ന സ്ഥാപനത്തിലെ അന്തേവാസികൾക്ക് നല്കാനെന്ന പേരിൽ വലിയ തുക നൽകിയത് പദ്ധതി മാർഗ്ഗരേഖയുടെ വ്യവസ്ഥകൾക്ക് എതിരാണ്. ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് വിദ്യ അഭ്യസിക്കുന്നതിന് അവരുടെ വൈകല്യം തടസ്സമാകരുത് എന്ന ഉദ്ദേശ്യത്തിലാണ് സർക്കാർ 14.02.2018ലെ സ.ഉ. നം.22/18 പ്രകാരം ഇങ്ങനെ ഒരു പദ്ധതി നടപ്പിലാക്കുവാൻ തദ്ദേശസ്ഥാപനങ്ങൾക്ക് അനുമതി നൽകിയിരിക്കുന്നത്. ടി ഉത്തരവ് പ്രകാരം ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾ, മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾ, ഡേ കെയർ സെന്ററുകളിൽ പോകുന്ന മാനസിക ശാരീരിക വെല്ലുവിളി നേരിടുന്നവർ, മാനസിക വെല്ലുവിളി നേരിടുന്നവരിൽ വിദ്യാലയങ്ങളിലോ ഡേ കെയർ സെന്ററുകളിലോ പോകാത്ത 18 വയസ്സിൽ താഴെയുള്ളവർ എന്നീ 4 വിഭാഗങ്ങളിൽപ്പെട്ടവർക്കാണ് സ്കോളർഷിപ്പിന് അർഹത. 1,20,000/-രൂപ അനുവദിക്കപ്പെട്ട സ്ഥാപനത്തിലെ അന്തേവാസികൾ ഈ 4 വിഭാഗത്തിലും വരുന്നവരല്ല. ഗ്രാന്റ്-ഇൻ-എയ്ഡ് ലഭിക്കുന്ന സ്ഥാപനത്തിൽ താമസിക്കുന്നവരും അർഹമായ വിഭാഗത്തിൽപ്പെടാത്തവർക്കും ഈ പദ്ധതി പ്രകാരം ആനുകൂല്യം നൽകിയതിന് സർക്കാരിൽ നിന്നും സാധൂകരണം വാങ്ങേണ്ടതാണ്. ചെലവ് തുക 1,20,000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. സാധൂകരണം ലഭിക്കാത്ത പക്ഷം 1,20,000/-രൂപ നിർവ്വഹണ ഉദ്യോഗസ്ഥയുടെ ബാധ്യതയായി കണക്കാക്കി തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-22 നഗരസഭാ സെക്രട്ടറിയുടെ ശമ്പളത്തിൽനിന്ന് വീട്ടുവാടക കുറവ് ചെയ്തിട്ടില്ല

നഗരസഭാ സെക്രട്ടറിയ്ക്ക് നഗരസഭാപരിധിയിൽ താമസിക്കുന്നതിനായി നഗരസഭാപരിധിയിലുള്ള 25/392ാം നം. കെട്ടിടം (നഗരസഭാ കൗൺസിലിന്റെ 3/2/21 ലെ 3ാം നം. തീരുമാനപ്രകാരം)ഫെബ്രുവരി മാസം മുതൽ 10000/-രൂപ പ്രതിമാസ വാടകയിൽ നഗരസഭ വാടകയ്ക്ക് എടുത്തിരുന്നതും ഫെബ്രുവരി 2021 ൽ14 ദിവസത്തെ വാടക യായി 5000/-രൂപയും മാർച്ച് 2021ൽ 10000/-രൂപയും ഉൾപ്പെടെ ആകെ 15000/-രൂപ 2020-21 വർഷം നഗരസഭ ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുള്ളതുമാണ്.എന്നാൽ നഗരസഭാ സെക്രട്ടറി, ശ്രീ.കൃഷ്ണരാജ്.എൻ.പി യ്ക്ക് സ്പാർക്ക് വഴി വിതരണം ചെയ്ത ശമ്പളത്തിൽ വീട്ടു വാടക ബത്ത അനുവദിച്ചിട്ടുള്ളതായും നൽകിയ ശമ്പളത്തിന്റെ 2% നിരക്കിൽ വാടക ശമ്പളത്തിൽ നിന്നും ഈടാക്കിയതായും കാണുന്നില്ല. ഇതു മൂലം നഗരസഭാ ഫണ്ടിന് 3120/-രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ഭാഗം 3-3 ൽ ചേർത്തിട്ടുണ്ട്.

## 1-23 എ.ബി.സി പദ്ധതി- ബാലൻസ് തുക ലഭ്യമാക്കിയില്ല

പ്രോജക്ട് നം -88/21

ചെലവ് -100,000/-(ട്രഷറി ബിൽ നം.20120300000008096 Rs.100,000/- Dtd 12/03/2021)

നിർവ്വഹണം- ഹെൽത്ത് ഓഫീസർ, നഗരസഭ

ഓഡിറ്റ് എൻക്വയറി – നം-4 തീയതി. 26/07/2021

നഗരസഭയിലെ തെരുവുനായ നിയന്ത്രണത്തിനായി നടപ്പാക്കുന്ന എ.ബി.സി പ്രോഗ്രാമിനായി 07/01/2021 ൽ നഗരസഭ സെക്രട്ടറിയും കുടുംബശ്രീ ജില്ലാ മിഷനും ഏർപ്പെട്ട കരാർ പ്രകാരം വികസനഫണ്ടിൽ നിന്നും 1,00,000/-രൂപ കുടുംബശ്രീ ജില്ലാ മിഷന് കൈമാറിയിരുന്നു. എന്നാൽ എ.ബി.സി പദ്ധതി നടപ്പാക്കാനായി കുടുംബശ്രീ മൈക്രോ സംരംഭകയൂണിറ്റുകളെ അംഗീകൃത ഏജൻസിയായി ഉൾപ്പെടുത്തിയ സർക്കാർ ഉത്തരവ് (സാധാ) നം. 1450/2017/ത.സ്വ.ഭ.വ തിയതി 05/05/2017 പ്രകാരം ഒരു തെരുവുനായയെ വന്ധീകരിക്കുന്നതിനുള്ള തീറ്റ, ട്രാൻസ്പോർട്ടേഷൻ അടക്കം 2100/-രൂപയാണ് ആകെ ചെലവ് നിശ്ചയിച്ചിരുന്നത്. 2020-21 ൽ നഗരസഭ എ.ബി.സി പദ്ധതിക്കായി നൽകിയ തുക ചെലവഴിച്ചതു സംബന്ധിച്ച് ജില്ലാ കുടുംബശ്രീ മിഷൻ ലഭ്യമാക്കിയ വിനിയോഗ സാക്ഷ്യപത്ര പ്രകാരം(നം-2221/ABC/2018/KSEKM-തീയതി.30/03/2021) ഈ പദ്ധതിയിൽ ആകെ 47 നായ്ക്കളെയാണ് വന്ധീകരിച്ചിരിക്കുന്നത്. ഒന്നിന് 2100/-രൂപ നിരക്കിൽ 98700/-രൂപയാണ് കുടുംബശ്രീമിഷന് സർക്കാർ ഉത്തരവ് പ്രകാരം നൽകേണ്ടത്. അധികമായി നൽകിയ 1300/- രൂപ ജില്ലാ കുടുംബശ്രീ മിഷൻ തിരികെ ലഭ്യമാക്കിയിട്ടില്ല. ഈ തുക തിരികെ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-24 വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല

നിർവ്വഹണം - സെക്രട്ടറി,നഗരസഭ

2020-21 സാമ്പത്തിക വർഷം നടപ്പാക്കിയ താഴെപ്പറയുന്ന പദ്ധതികൾക്കായി വിവിധ നിർവ്വഹണ ഏജൻസികൾക്ക് തുക നൽകിയിട്ടുണ്ട്. തുക മുൻകൂർ കൈമാറിയെങ്കിലും തുക സ്ഥാപനങ്ങൾ കൈപ്പറ്റിയതിന്റെയോ പദ്ധതി പ്രവർത്തനങ്ങൾക്കായി ചെലവഴിച്ചതിന്റെയോ രേഖകളൊന്നും ഹാജരാക്കിയിട്ടില്ല.

| പ്രോജക്ട് നം | പദ്ധതിയുടെ പേര് | സ്ഥാപനം | ബിൽ നം (T.R.N) | ചെലവ് |
|---|---|---|---|---|
| 03/21 | ഐ.കെ.എം വിഹിതം | ഐ.കെ.എം | 201203000000008665 തീയതി.27/03/2021 | Rs.77,920/- |
| 101/21 (S.O) | വയോമിത്രം | സാമൂഹ്യ സുരക്ഷാ മിഷൻ | 201203000000001039 , 201203000000001040 തീയതി.25/05/2020 | Rs.5,25,000/ |
| | ആകെ | | | Rs.6,02,920/- |

ഇക്കാര്യങ്ങളിലുള്ള വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.23 തീയതി 29/07/2022) നൽകിയതിന് ലഭ്യമാക്കിയ മറുപടിയിൽ ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും വിനിയോഗ വിവരങ്ങൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. മുൻകൂർ നൽകിയിട്ടും ചെലവിന്റെ വിശദാംശങ്ങൾ ലഭ്യമാകാത്ത സാഹചര്യത്തിൽ ഈയിനങ്ങളിലെ 6,02,920/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-25 തെരുവ് വിളക്ക് പരിപാലനം-അപാകതകൾ

തെരുവ് വിളക്കുകളുടെ പരിപാലനവുമായി ബന്ധപ്പെട്ട് ഓഡിറ്റ് കാലയളവിലെ തെരുവ് വിളക്കുകളുടെ വിവരം ( ഇനം, എണ്ണം, പോസ്റ്റ് നമ്പർ, സ്ഥലം) രേഖപ്പെടുത്തിയ രജിസ്റ്റർ, തെരുവ് വിളക്ക് പരാതി രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഈ രജിസ്റ്ററുകൾ തയ്യാറാക്കി വരുന്നുവെന്നും പൂർത്തിയായിട്ടില്ലെന്നുമാണ് ബന്ധപ്പെട്ട സെക്ഷനിൽ നിന്നും ലഭിച്ച മറുപടി. തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 12.03.2013 ലെ സർക്കാർ ഉത്തരവ് നം 65529/ഡി.സി1/13 പ്രകാരം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും മീറ്ററിംങ് സംവിധാനത്തോട് കൂടിയ ഓട്ടോമാറ്റിക്ക് തെരുവ് വിളക്കുകൾ സ്ഥാപിക്കണമെന്നും ആയതിന്റെ ടെക്നിക്കൽ സഹായം കെ.എസ്.ഇ.ബി നൽകുന്നതും, ആവശ്യമായ തുക കെ.എസ്.ഇ.ബി യിൽ ഒടുക്കേണ്ടതുമാണ് എന്ന് നിർദ്ദേശിക്കുന്നു. എന്നാൽ നഗരസഭ തെരുവ് വിളക്കുകൾക്ക് ഓട്ടോമാറ്റിക്ക് മീറ്ററിങ്ങ് സംവിധാനം ഏർപ്പെടുത്തിയിട്ടില്ല. 2020-21 സാമ്പത്തിക വർഷത്തിൽ സ്ട്രീറ്റ് ലൈറ്റ് ചാർജ്ജിനത്തിൽ 1724791/-രൂപ നൽകിയതായി കാണുന്നു. കെ.എസ്.ഇ.ബി യുമായി ചേർന്ന് തെരുവ് വിളക്കുകളുടെ സംയുക്ത പരിശോധന നടത്തി കൃത്യമായ എണ്ണം കണക്കാക്കി അവ വാർഡ് തിരിച്ച് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് നടത്തുമ്പോൾ അവ ബന്ധപ്പെട്ട രജിസ്റ്ററിൽ രഖപ്പെടുത്തേണ്ടതാണ്(വാർഡ്,പോസ്റ്റ് നം.സഹിതം). തെരുവ് വിളക്ക് സംബന്ധിച്ച പരാതികൾ രേഖപ്പെടുത്താൻ ഒരു രജിസ്റ്റർ സൂക്ഷിക്കേണ്ടതും വിവരങ്ങൾ അതിൽ രേഖപ്പെടുത്തേണ്ടതുമാണ്. തെരുവ് വിളക്കുകൾക്ക് ഓട്ടോമാറ്റിക്ക് മീറ്ററിങ്ങ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ ആരംഭിക്കേണ്ടതാണ് എന്ന് നിർദ്ദേശിക്കുന്നു.

## 1-26 എസ്.എസ്.എ വിഹിതം നൽകൽ-വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല

| | |
|---|---|
| നിർവ്വഹണം | പ്രിൻസിപ്പൽ,ഗവ.ഹയർസെക്കണ്ടറി സ്കൂൾ, പിറവം |
| പ്രോജക്ട് നമ്പർ/പേര് | 1)59/2020-21-എസ്.എസ്.എ വിഹിതം നൽകൽ<br>2)s0118/20-21-എസ്.എസ്.എ വിഹിതം നൽകൽ |
| അടങ്കൽ | 1)250000/-(പ്ളാൻ-എസ്.സി.പി)<br>2) 809805/- (പ്ളാൻ-എസ്.സി.പി) |
| ചെലവ് | 1)250000/-<br>2) 809805/- |

| | |
|---|---|
| ബിൽ നം. | BRN NO.382068/20-21/26-3-21 |

മുനിസിപ്പാലിറ്റി പരിധിയിലെ 8 സ്കൂളുകളുടെ പ്രവർത്തനങ്ങൾക്കാവശ്യമായ തുക മേൽ ബിൽ മുഖാന്തിരം എസ്.എസ്.കെയ്ക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ ഈ തുക ഏതെല്ലാം ആവശ്യങ്ങൾക്ക് ഉപയോഗിച്ചു എന്നതു സംബന്ധിച്ച വിവരങ്ങൾ അടങ്ങിയ വിനിയോഗ വിവരം ലഭ്യമല്ല. വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്. വിനിയോഗ വിവരം ലഭ്യമാക്കുന്നത് വരെ 1059805/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-27 കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ നഗരസഭയുടെ പങ്ക്

പിറവം നഗരസഭയിൽ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി മോണിറ്ററിംഗ് കമ്മറ്റി,ഹെൽപ്പ് ഡെസ്ക് എന്നിവ രൂപീകരിച്ചിരുന്നു. കോവിഡ് ജാഗ്രത പോർട്ടലിൽ രജിസ്റ്റർ ചെയ്ത 179 സന്നദ്ധ പ്രവർത്തകരുടെ സേവനം കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ നഗരസഭ പ്രയോജനപ്പെടുത്തിയിട്ടുണ്ട്. കോവിഡ് മോണിറ്ററിംഗ് കമ്മറ്റി രൂപീകരിച്ച് യഥാസമയം യോഗങ്ങൾ ചേർന്നിട്ടുള്ളതാണ്. ഫസ്റ്റ് ബെൽ പഠന കേന്ദ്രങ്ങൾ നഗരസഭ ആരംഭിച്ചിരുന്നില്ല. സിഎഫ്എൽടിസി ആരംഭിച്ചിട്ടില്ലാത്തതും പകരം ഡിസിസി സെന്റ് ജോസഫ് സ്കൂളിൾ/എം വി ഐ പി കൊള്ളിക്കൽ ഐബി എന്നിവിടങ്ങളിൽ ആരംഭിച്ചിട്ടുള്ളതുമാണ്. നഗരസഭയിൽ ആരും പട്ടിണികിടക്കരുത് എന്ന ലക്ഷ്യത്തിൽ കുടുംബശ്രീയുമായി ചേർന്ന് കമ്മ്യൂണിറ്റി കിച്ചൺ പ്രവർത്തിച്ചിരുന്നു. കോവിഡ് രോഗികൾക്ക് ആവശ്യമായ പൾസ് ഓക്സിമീറ്ററുകൾ വാങ്ങിയിട്ടുണ്ട്. നഗരസഭയിൽ നാളിതു വരെ 7636 ആളുകൾക്ക് കോവിഡ് ബാധിക്കുകയും53 പേർ മരണപ്പെടുകയും ചെയ്തിട്ടുണ്ട്.

## 1-28 നഗരസഭയുടെ വായ്പാ കണക്കുകൾ കൃത്യമല്ല - ബാധ്യത അധികമായി കണക്കാക്കി.

നഗരസഭയിലെ ഭവന പദ്ധതികളുമായി ബന്ധപ്പെട്ട് ഹഡ്കോ (ലൈഫ്-ലോൺ), സർവ്വീസ് സഹകരണ ബാങ്ക് (ഇ.എം.എസ് ലോൺ) എന്നീ സ്ഥാപനങ്ങളിൽ നിന്നാണ് വായ്പ എടുത്തിട്ടുള്ളത്. ഇ.എം.എസ് ഭവന പദ്ധതിക്കുള്ള ആകെ വായ്പയായ 2,01,07,500/-രൂപയിൽ 1,35,07,500/-രൂപ പിറവം സർവ്വീസ് സഹകരണബാങ്കിൽ നിന്നും ബാക്കി 66,00,000/-രൂപ എറണാകുളം ജില്ലാ സഹകരണ ബാങ്കിൽ നിന്നുമാണ് വായ്പയെടുത്തത്. 2021 മാർച്ച് 31 വരെ ലൈഫ് ഭവനപദ്ധതി യ്ക്കുള്ള വായ്പയിനത്തിൽ 4,18,00,000/-രൂപ ഹഡ്കോയിൽ നിന്നും കൈപ്പറ്റിയിട്ടുണ്ട്. വായ്പകൾ സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ ഫയൽ പ്രകാരമുള്ള വായ്പ തുക, വാർഷിക കണക്കുകൾ പ്രകാരമുള്ള വായ്പ എന്നിവയിൽ പൊരുത്തക്കേടുകൾ കണ്ടെത്തിയിട്ടുണ്ട്. നഗരസഭയുടെ വായ്പാബാധ്യതകൾ സംബന്ധിച്ച കൃത്യമായ വിവരങ്ങൾ വാർഷിക ധനകാര്യപത്രികകളിൽ നിന്നും ലഭിക്കുന്നില്ല. 2019-20 ലെ ബാലൻസ് ഷീറ്റ് പ്രകാരം ബാങ്ക് വായ്പ (ഇ.എം.എസ്) -33,38,665/-രൂപ, ഹഡ്കോ വായ്പ 3,90,40000/-രൂപ എന്നിവയാണ് അവശേഷിക്കുന്ന വായ്പയായി രേഖപ്പെടുത്തിയിരുന്നത്.

ഇ.എം.എസ് പദ്ധതിയുമായി ബന്ധപ്പെട്ട നഗരസഭയിലെ വായ്പകളുടെ ഫയലുകൾ, ഓഡിറ്റിന് ഹാജരാക്കിയ ബാങ്ക് സ്റ്റേറ്റ്മെന്റ് എന്നിവ പ്രകാരം പിറവം സർവ്വീസ് സഹകരണബാങ്കിൽ 11,68,278/-രൂപ,എറണാകുളം ജില്ലാ സഹകരണ ബാങ്കിൽ 19,87,815/-രൂപ എന്നിങ്ങനെ ആകെ 31,56,093/-രൂപയാണ് 2020-21 സാമ്പത്തിക വർഷാരംഭത്തിലെ ബാധ്യത ഉണ്ടായിരുന്നത്. ഇതിൽ എറണാകുളം ജില്ലാ സഹകരണ ബാങ്കിൽ നൽകാനുള്ള 19,87,815/-രൂപയും പിറവം സർവ്വീസ് സഹകരണബാങ്കിൽ നൽകാനുള്ള 11,68,278/-രൂപയിൽ 1054910/-രൂപയും 2020-21 ലെ യഥാക്രമം 377/21 , 99/21 നം പദ്ധതികൾ വഴി ബാങ്കുകൾക്ക് തിരികെ നൽകിയിട്ടുണ്ട്. ആയത് പ്രകാരം പിറവം സർവ്വീസ് സഹകരണബാങ്കിൽ നൽകാനുള്ള 1,13,368/-രൂപ മാത്രമാണ് ഇ.എം.എസ് വായ്പയിനത്തിൽ 31/03/2021 ൽ തിരിച്ചടക്കാൻ അവശേഷിക്കുന്നത്. എന്നാൽ വാർഷിക ധനകാര്യപത്രികയിൽ ഇ.എം.എസ് വായ്പ തിരിച്ചടക്കാനില്ല എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

2018-19 സാമ്പത്തിക വർഷം 92,80,000/-രൂപ, 2019-20ൽ 2,87,20,000/-രൂപ, 2020-21ൽ 38,00,000/-രൂപ എന്നിങ്ങനെ ആകെ 4,18,00,000/-രൂപയാണ് ലൈഫ് പദ്ധതിക്ക് ഹഡ്കോയിൽ നിന്നും നഗരസഭ വായ്പ എടുത്തിട്ടുള്ളത്. ഇതിൽ 2019-20 ൽ 4,60,000/-രൂപ വീതം രണ്ട് തവണകളായി 9,20,000/-രൂപയും 2020-21ൽ 23,26,667/-രൂപ,23,66,666/-രൂപ വീതം 46,53,333/-രൂപയും വായ്പാ തിരിച്ചടവായി നഗരസഭക്കുള്ള സർക്കാർ ഗ്രാന്റിൽ നിന്നും കുറവ് ചെയ്ത് ഈടാക്കിയിട്ടുണ്ട്. ഇത് പ്രകാരം 31-03-2021ൽ 3,62,26,667/-രൂപയാണ് ഹഡ്കോ വായ്പ ബാധ്യതയുള്ളത്. എന്നാൽ 31-03-2021ൽ 3,81,86,667/-രൂപയാണ് ഹഡ്കോ വായ്പ ബാധ്യതയായി വാർഷിക കണക്കിൽ ചേർത്തിട്ടുള്ളത്.

നഗരസഭയുടെ 31/03/2021 ലെ യഥാർത്ഥ വായ്പാ ബാധ്യതയായ 3,63,40,035/-രൂപയ്ക്ക് (3,62,26,667+1,13,368) പകരം 3,81,86,667/-രൂപ കണക്കിൽ ഉൾപ്പെടുത്തിയതിനാൽ 18,46,632/-രൂപ അധിക ബാധ്യതയുണ്ട്. ഈ വ്യത്യാസം സംബന്ധിച്ച രേഖകളോ വിശദീകരണമോ നഗരസഭ നൽകിയില്ല.

നഗരസഭയുടെ വായ്പകൾ സംബന്ധിച്ച് വിശദമായ പരിശോധന നടത്തി നാളിതുവരെ എടുത്ത വായ്പകളുടെയും തിരിച്ചടവിന്റെയും വർഷം തിരിച്ചുള്ള കണക്കുകൾ തയ്യാറാക്കുവാനും അവ വായ്പ നൽകിയ സ്ഥാപനങ്ങളുടെ വിവരങ്ങളുമായി ഒത്തുനോക്കി ക്രമപ്പെടുത്തുവാനും നടപടി സ്വീകരിക്കേണ്ടതാണ്. വായ്പാബാധ്യതയുടെ കൃത്യമായ വിവരങ്ങൾ വാർഷിക കണക്കുകളിലുൾപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

## 1-29 ലിഫ്റ്റ് അറ്റകുറ്റപ്പണി -ആദായ നികുതി ഈടാക്കിയില്ല

| | |
|---|---|
| പ്രൊജക്റ്റ് നം.,പേര് | 0006/21,ലിഫ്റ്റ് അറ്റകുറ്റപണി - AMC |
| അടങ്കൽ | 70,000 /-(വികസനഫണ്ട് -ജനറൽ) |
| ചെലവ് | 70,000 /- BRN 357221/18.07.20 |
| നിർവ്വഹണഉദ്യോഗസ്ഥൻ | സൂപ്രണ്ട്, താലൂക്ക് ആശുപത്രി |

താലൂക്ക് ആശുപത്രിയിലെ ലിഫ്റ്റിന്റെ അറ്റകുറ്റപ്പണി നടത്തുന്നതിന് 01.04.20 മുതൽ 31.03.21 വരെയുള്ള Annual Maintenance Charge ഇനത്തിൽ പാലാരിവട്ടത്തെ Axiomata Elevators എന്ന സ്ഥാപനത്തിന് 70,000 /- രൂപ കൈമാറിയിട്ടുണ്ട്. എന്നാൽ ആദായനികുതി(2%) ഈടാക്കാതെയാണ് തുക നൽകിയിരിക്കുന്നത്. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം.34/01.08.22) വരും വർഷങ്ങളിൽ ഈടാക്കുന്നതാണെന്ന് അറിയിച്ചു. 2% തുക ആദായനികുതിയിനത്തിൽ ഈടാക്കി ആദായനികുതി വകുപ്പിൽ ഒടുക്കേണ്ടതാണ്.

## 1-30 ജീവനക്കാരുടെ ആർജിതാവധി പണമാക്കി മാറ്റിയ നടപടി - സർക്കാർ ഉത്തരവിനു വിരുദ്ധം

2020-21 സാമ്പത്തിക വർഷത്തിൽ, സർക്കാർ, അർദ്ധ-സർക്കാർ, സർവ്വകലാശാലാ, പൊതുമേഖലാ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാരുൾപ്പെടെ മുഴുവൻ വിഭാഗം ജീവനക്കാരുടേയും ആർജിതാവധി പണമാക്കി മാറ്റുന്നതിനുള്ള (Periodical Surrender Of Earned Leave) അവകാശം താല്ക്കാലികമായി മാറ്റി വെച്ചു കൊണ്ട്, GO (P) No.42/2020/Fin. Dated 16.04.2020, GO (P) No.43/2020/Fin. Dated 17.04.2020, 17.07.2020-ലെ GO(P) No. 94/2020/Fin എന്നിവ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

തുടർന്ന് മേൽ പറഞ്ഞ ഉത്തരവുകളിലൂടെ മാറ്റി വെയ്ക്കപ്പെട്ട ആർജിതാവധി സറണ്ടർ ആനുകൂല്യം, സറണ്ടർ തുക പി.എഫിൽ ലയിപ്പിക്കേണ്ടതാണെന്ന വ്യവസ്ഥയിൽ 2020 നവമ്പർ മാസം മുതൽ അനുവദിക്കുന്നതാണെന്നും, ഇപ്രകാരം ലയിപ്പിക്കുന്ന തുക 2021 ജൂൺ 1 മുതൽ മാത്രമേ അനുവദിക്കുകയുള്ളൂ എന്നും 05.11.2020-ലെ സ.ഉ.(അ) നം. 152/2020/ധന. ഉത്തരവിലൂടെ സർക്കാർ സർക്കാർ വ്യക്തമാക്കിയിരുന്നു. തുടർന്ന് വീണ്ടും ആർജിതാവധി സറണ്ടർ ആനുകൂല്യം പണമാക്കി മാറ്റാനുള്ള അവകാശം 01.06.2021 മുതൽ 6 മാസത്തേക്കു കൂടി മാറ്റിവെച്ചു കൊണ്ട് വീണ്ടും GO(P) No. 104/2021/ Fin. Dated 26.07.2021 നമ്പർ പ്രകാരം സർക്കാർ ഉത്തരവിട്ടിട്ടുണ്ട്.

നിലവിലുള്ള സർക്കാർ ഉത്തരവ് പ്രകാരം, 2020-21 സാമ്പത്തിക വർഷത്തിൽ പണമാക്കി മാറ്റുന്നതിനുള്ള ആർജിതാവധി സറണ്ടർ ആനുകൂല്യം 01.06.2021 മുതൽ 6 മാസത്തേക്കു കൂടി മാറ്റി വെക്കപ്പെട്ടിട്ടുണ്ടെന്നിരിക്കെ, സർക്കാർ ഉത്തരവിനു വിരുദ്ധമായി താഴെ പറയുന്ന 10 ജീവനക്കാർ അവരുടെ 30 ദിവസത്തെ ആർജിതാവധി പണമാക്കി കൈപ്പറ്റിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

| ക്രമ നം. | ജീവനക്കാരന്റെ പേര് | തസ്തിക | കൈപ്പറ്റിയതുക | വൗച്ചർനം&തീയതി |
|---|---|---|---|---|
| 1 | ശ്രീമതി.രജനി സി.എൻ | സൂപ്രണ്ട് | 48900/- | 52/10-20/13.10.20 |
| 2 | ശ്രീമതി.ജയശ്രീ.ആർ. | ആർ.ഐ | 45420/- | -ടി- |
| 3 | ശ്രീമതി.ബീന .എ.സി. | സീനി.ക്ലർക്ക് | 43260/- | --ടി- |
| 4 | മാലിനി.ഒ.വി. | ജെ.എച്ച്.ഐ 1 | 38340/- | -ടി- |
| 5 | ശ്രീമതി.അഞ്ചു.കെ.തമ്പി. | ജെ.എച്ച്.ഐ 1 | 59350/- | -ടി- |
| 6 | ശ്രീമതി.ഷൈബി.കെ.ഏലിയാസ്. | ജെ.എച്ച്.ഐ 11 | 44340/- | -ടി- |
| 7 | ശ്രീ.സനീഷ്.സി.ടി. | സീനി.ക്ലർക്ക് | 41220/- | - ടി- |
| 8 | ശ്രീമതി.സൂര്യാ റോബിൻ | സീനി.ക്ലർക്ക് | 34860/- | -ടി- |
| 9 | ശ്രീമതി.അനിത പി.കുമാർ | സീനി.ക്ലർക്ക് | 34080/- | -ടി- |
| 10 | ശ്രീമതി രശ്മി റോബിൻ | സീനി.ക്ലർക്ക് | 33050/- | -ടി- |
| | ആകെ | | 422820/- | |

മേൽ പറഞ്ഞ പ്രകാരം സർക്കാർ ഉത്തരവിനു വിരുദ്ധമായി ആർജിതാവധി പണമാക്കി മാറ്റി 422820/-രൂപ ജീവനക്കാർ കൈപ്പറ്റിയിട്ടുണ്ട്. 2020-21-ലെ ആർജിതാവധി പണമാക്കി മാറ്റിയത് സർക്കാർ ഉത്തരവില്ലാതെയാണെന്ന് കാണുന്നു. സർക്കാർ ഉത്തരവിന് വിരുദ്ധമായി തുക കൈപ്പറ്റിയതിന് വിശദീകരണം നൽകേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.37/01.08.2022) ലഭ്യമാക്കിയ മറുപടിയിൽ 17.07.2020-ലെ GO(P) No. 94/2020/Fin ഉത്തരവ് പ്രകാരം 05.07.20 വരെയാണ് ആർജിതാവധി സറണ്ടർ ആനുകൂല്യം മാറ്റിവെയ്ക്കപ്പെട്ടിരുന്നതെന്നും ടി തീയതിക്കുശേഷം സറണ്ടർ അനുവദിക്കരുത് എന്ന് ഉത്തരവുകൾ ഒന്നും ഇല്ലാതിരുന്നതിനാലാണ് ആർജിതാവധി പണമാക്കി മാറ്റിയത് എന്നുമാണ് പറഞ്ഞിരിക്കുന്നത്. സർക്കാർ ഉത്തരവിന് വിരുദ്ധമായി ആർജ്ജിതാവധി പണമാക്കി നൽകിയതിന് സാധൂകരണം ലഭ്യമാക്കേണ്ടതാണ്. ആയത് ലഭ്യമാകുന്നതിന് വിധേയമായി ചെലവ് തുക 422820/- തടസ്സപ്പെടുത്തുന്നു.

## 1-31 ഡയാലിസിസ് യൂണിറ്റിന്റെ ദൈനംദിനചെലവുകൾ – അപാകതകൾ

| | | |
|---|---|---|
| പ്രൊജക്ട് നം., പേര് | SO 0109/21 , പിറവം താലൂക്ക് ആശുപത്രിക്ക് ഡയാലിസിസ് യൂണിറ്റ് ദൈനംദിനചെലവുകൾ<br>(സ്പിൽ ഓവർ) | |
| അടങ്കൽ | 319 /- (വികസനഫണ്ട് -ജനറൽ) ; 8,85,420 /-(മെയിന്റനൻസ് ഗ്രാന്റ് -റോഡിതരം)<br>ആകെ അടങ്കൽ 8,85,739 /- | |
| ചെലവ് | 8,85,739/- | 1)BRN 58884/11.04.20 – 5,27,230 /- |
| | | 2)BRN 135056/ 07.05.20 – 1,59,690 /- |

| | | |
|---|---|---|
| | | 3)BRN 225097/03.06.20 – 94,,000 /- |
| | | 4)BRN 479414/26.08.20 – 1,04,500 /- |
| | | 5)BRN 1383816/26.03.21 – 319 /-((വികസനഫണ്ട് -ജനറൽ) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സൂപ്രണ്ട്, താലൂക്ക് ആശുപത്രി | |

താലൂക്ക് ആശുപത്രിയുടെ ദൈനംദിനചെലവുകൾ നടത്തുന്നതിനും ടെക്നീഷ്യൻമാരുടെ വേതനം നൽകുന്നതിനും വേണ്ടി സ്പിൽ ഓവറായി നടപ്പാക്കിയ ഈ പദ്ധതിയിൽ ക്രമ നം.1 ബിൽ പ്രകാരം പിൻവലിച്ച 5,27,230/-രൂപയിൽ നിന്ന് 2,74,500/-രൂപ ആശുപത്രി മാനേജ്മെന്റ് കമ്മിറ്റിക്ക് കൈമാറിയിട്ടുണ്ട്. ടി തുക HMC അക്കൗണ്ടിൽ 21.04.20 ന് ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ ഈ ചെലവിന് ആധികാരികമായ ഏതാനും രേഖകൾ ഫയലിൽ ലഭ്യമല്ല. താഴെ പറയുന്ന അപാകതകളും ശ്രദ്ധയിൽപ്പെട്ടു.

1) ഡയാലിസിസ് യൂണിറ്റിൽ പ്രവർത്തിക്കുന്ന ടെക്നീഷ്യൻമാർ, ക്ലാർക്ക് , നഴ്സുമാർ എന്നിവർക്ക് 2019 ഡിസംബർ, 2020 ജനുവരി, 2020 ഫെബ്രുവരി മാസങ്ങളിൽ വേതനം നൽകുന്നതിന് HMC അക്കൗണ്ടിൽ നിന്നും ചെലവഴിച്ച തുകയുടെ ചെലവ് വൗച്ചറുകൾ പരിശോധിച്ചതിൽ 03.02.20 ലെ വൗച്ചർ നം.8 ഉം ഇതേ തീയതിയിലെ വൗച്ചർ നം.9 ഉം ഒന്നാണ്. സജിനി.കെ.എസ് എന്ന നഴ്സിന് 2020 ജനുവരി മാസത്തെ വേതനം നൽകിയതിന്റെ ചെലവാണ് ഈ രണ്ട് വൗച്ചറുകളിലും രേഖപ്പെടുത്തിയിട്ടുള്ളത്.

2) 2,74,500/-രൂപ HMC അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ടെങ്കിലും 2,46,500/-രൂപയുടെ ചെലവ് വൗച്ചറുകൾ മാത്രമേ ഹാജരാക്കിയിട്ടുള്ളൂ(മുകളിൽ പരാമർശിച്ച രണ്ട് വൗച്ചറുകളുൾപ്പടെ).

3) ക്യാഷ് ബുക്ക് ഹാജരാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം.42/01.08.22) ഹാജരാക്കിയ മറുപടിയിൽ അപാകതകൾ പരിഹരിക്കുന്നതാണെന്ന് നിർവഹണഉദ്യോഗസ്ഥൻ അറിയിച്ചു. അപാകതകൾ പരിഹരിക്കേണ്ടതും ക്യാഷ് ബുക്ക് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## 1-32 മരുന്ന് ലഭിക്കുവാൻ അവശേഷിക്കുന്നു

| | | |
|---|---|---|
| പ്രോജക്ട് നം., പേര് | 0008/21 , താലൂക്ക് ആശുപത്രിക്ക് മരുന്ന് വാങ്ങൽ | |
| അടങ്കൽ | 1,00,000 /- (തനത് ഫണ്ട് ) ; 3,00,000 /-(മെയിന്റനൻസ് ഗ്രാന്റ് - റോഡിതരം) ആകെ അടങ്കൽ 4,00,000 /- | |
| ചെലവ് | 4,00,000/- | 1)BRN 804169/ 004.12.20 – 49,997/- |
| | | 2)BRN 1180509/ 03.03.21 – 2,50,003/- |
| | | 3)ചെക്ക് നം. 58383/24.03.21 – 1,00,000/- |
| നിർവഹണഉദ്യോഗസ്ഥൻ | സൂപ്രണ്ട് -താലൂക്ക് ആശുപത്രി | |

ഓഡിറ്റ് വർഷം താലൂക്ക് ആശുപത്രിക്ക് മരുന്ന് വാങ്ങുന്നതിനായി താലൂക്ക് ആശുപത്രി സൂപ്രണ്ട് നടപ്പാക്കിയ ഈ പ്രൊജക്ട് പ്രകാരം സപ്ലൈകോയ്ക്ക് 49,997/-രൂപയും കേരള മെഡിക്കൽ സർവീസസ് കോർപറേഷന് 3,50,003/-രൂപയും കൈമാറിയിട്ടുണ്ട്. സപ്ലൈകോയിൽ നിന്നും മുഴുവൻ തുകയ്ക്കുള്ള മരുന്ന് ലഭിച്ചിട്ടുണ്ട്. താഴെ പറയുന്ന പ്രൊഫോർമ ഇൻവോയ്സുകൾ പ്രകാരമുള്ള മരുന്ന് ലഭിക്കുന്നതിനാണ് കേരള മെഡിക്കൽ സർവീസസ് കോർപറേഷന് തുക കൈമാറിയത്.

1) PRF 5462 / 16.02.21 – 1,00,000/-രൂപ

2) PRF 5646 / 22.02.21 – 2,50,003/-രൂപ

എന്നാൽ താഴെ പറയുന്ന ക്യാഷ് ഇൻവോയ്സുകൾ മാത്രമാണ് ഫയലിൽ ഉള്ളടക്കം ചെയ്തിട്ടുള്ളത്.

1)1692 / 23.05.21 – 62,485/-രൂപ

2)1693 / 23.05.21 – 76,539/-രൂപ

3)111 / 23.05.21 – 12,910/-രൂപ

4)7601 / 19.10.21 – 48,168/-രൂപ

5)7604 / 19.10.21 – 39,842/-രൂപ

6)10801 / 03.01.22 – 17,713/-രൂപ

7)13829 / 24.02.22 – 31,452/-രൂപ

8)5794 / 08.07.22 – 2,417/-രൂപ

9)5791 / 08.07.22 – 9,200/- രൂപ

10)13829 / 08.07.22 – 8,576/-രൂപ

ആകെ തുക – 3,09,302/-രൂപ

അവശേഷിക്കുന്ന തുക – 40,701/-രൂപ

ചെലവഴിച്ച തുകയിൽ 40,701/-രൂപയുടെ മരുന്ന് ലഭിക്കുവാൻ അവശേഷിക്കുന്നതിനാൽ (ഓഡിറ്റ് എൻക്വയറി

നം.33/01.08.2022 നൽകിയതിനെ ത്തുടർന്ന് ഹാജരാക്കിയ ക്യാഷ് ഇൻവോയ്സുകൾ കൂടി കണക്കിലെടുത്തതിനു ശേഷം)ടി തുകയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-33 നഗരസഭ ഓഫീസിന്റെ ഉദ്ഘാടനം- അപാകതകൾ

നഗരസഭ ഓഫീസിന്റെ ഉദ്ഘാടനച്ചെലവുകൾക്കായി 50000/-രൂപ(വൗച്ചർനം.13 /10-20.തീ.29.06.20പ്രകാരം) ചെലവഴിച്ചിട്ടുണ്ട്. ഈ തുക നൽകുന്നതിന് നഗരസഭാ കൗൺസിൽ(04.09.20ലെ 1- ാം നം.തീരുമാനം പ്രകാരം)അംഗീകാരം നൽകിയിട്ടുണ്ട്. സ.ഉ(സാധാ)നം.3866/2015/ത.സ്വ.ഭ.വകുപ്പിന്റെ 28.12.2015 ലെ ഉത്തരവ് പ്രകാരം മന്ത്രിമാർ പങ്കെടുക്കുന്ന ഉദ്ഘാടന ചെലവിന് ചെലവഴിക്കാവുന്ന പരമാവധി തുക 25000/-രൂപയാണ്. എന്നാൽ അധികമായി 25000/-രൂപ കൂടി ചെലവഴിച്ചതിന്റെ വിശദീകരണം ഓഡിറ്റിൽ അറിയിക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി(നം.26/30.07.22)കൊടുത്തതിന് ലഭ്യമാക്കിയ മറുപടിയിൽ പഴയ ഓഫീസിൽ നിന്നും പുതിയ കെട്ടിടത്തിലേക്ക് സാധനങ്ങൾ മാറ്റുന്നതിന്റെയും ഉദ്ഘാടനം കഴിഞ്ഞുള്ള ക്ളീനിംഗ്, തുടങ്ങിയ ചെലവുകൾക്കെല്ലാം കൂടിയാണ് ഈ തുക ചെലവായതെന്നും മന്ത്രി പങ്കെടുത്ത ഉദ്ഘാടനചടങ്ങിന് 25000/-രൂപയേ ചെലവായുള്ളൂ എന്നുമാണ് അറിയിച്ചിരിക്കുന്നത്. ഉദ്ഘാടന ചെലവിന് സർക്കാർ ഉത്തരവ് പ്രകാരമുള്ള തുക മാത്രം ചെലവഴിക്കാൻ ശ്രദ്ധിക്കേണ്ടതും സർക്കാർ ഉത്തരവുകളും നിർദ്ദേശങ്ങളും പാലിക്കേണ്ടതുമാണ്.

## 1-34 ബില്ല് പരിശോധിക്കാതെ തുക അനുവദിച്ചു

| | |
|---|---|
| പ്രൊജക്ട് നം.,പേര് | SO 0261/21 , പട്ടികജാതി വീടുകൾക്ക് വാട്ടർ കണക്ഷൻ |
| അടങ്കൽ | 4,04,150 /-(വികസനഫണ്ട് -SCP) |
| ചെലവ് | 2,28.645 /-; BRN 422426 / 13.08.20 |
| നിർവ്വഹണഉദ്യോഗസ്ഥ | Scheduled Caste Development Officer |

വീടുകളിൽ കുടിവെള്ള പൈപ്പ് കണക്ഷൻ ഇല്ലാതിരുന്ന പട്ടികജാതിയിൽപ്പെട്ടവർക്ക് വാട്ടർ കണക്ഷൻ എടുത്തതിന് ചെലവഴിച്ച തുക നല്കുന്നതിന് സ്പിൽ ഓവറായി നടപ്പാക്കിയതാണ് ഈ പ്രൊജക്ട്. കേരള വാട്ടർ അതോറിറ്റിയിൽ നിന്നും കണക്ഷൻ ലഭിച്ചതിന്റെ രേഖയും പ്ലംബിംഗ് ജോലികൾ നടത്തിയതിന് ചെലവഴിച്ച തുക(പ്ലംബറുടെ കണക്ക്)യുടെ വിവരവും ഹാജരാക്കുന്ന മുറയ്ക്ക് ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് തുക കൈമാറുകയാണ് ചെയ്തിട്ടുള്ളത്. 14.02.18 ലെ സർക്കാർ ഉത്തരവ് സ.ഉ (കൈ)22/18, തസ്വഭവ സബ്സിഡി ഉത്തരവ് പ്രകാരം കേരള വാട്ടർ അതോറിറ്റിയിൽ നിന്നും കുടിവെള്ള ഗാർഹിക കണക്ഷൻ ലഭിച്ച പൊതുവിഭാഗത്തിൽപ്പെട്ടവർക്ക് പരമാവധി 5000/-രൂപയും പട്ടികജാതിയിൽപ്പെട്ടവർക്ക് യഥാർത്ഥചെലവും അനുവദിക്കാവുന്നതാണ്. കുടിവെള്ള കണക്ഷൻ എടുത്ത 26 പേർക്ക് ഓഡിറ്റ് വർഷം ധനസഹായം അനുവദിച്ചിട്ടുണ്ട്. കണക്ഷൻ ലഭിക്കുന്നതിന് വാട്ടർ അതോറിറ്റിക്ക് നൽകേണ്ട കരാർ തയ്യാറാക്കുന്നതിന്റെ മുദ്രപത്രം,അപേക്ഷ,പ്ലാൻ,വാട്ടർ മീറ്റർ, മെറ്റീരിയൽ ചാർജ്,കൂലി എന്നിവ ഉൾക്കൊള്ളിച്ച് പ്ലബിംഗ് കോൺട്രാക്ടർ നൽകുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് ഓരോരുത്തർക്കും തുക നല്കിയത്. ഗുണഭോക്താക്കളിൽ 23 പേർക്ക് 10,000/-രൂപയിൽ താഴെ ആണ് ധനസഹായം അനുവദിച്ചിട്ടുള്ളത്. അവശേഷിക്കുന്ന 3 പേർക്ക് 10,000/-രൂപയിൽ കൂടുതൽ തുക നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ പറയുന്നു.

1) 09.04.19 ന് വാട്ടർ കണക്ഷൻ ലഭിച്ച കെ.എസ്.ബിജു എന്ന ഗുണഭോക്താവിന് 19,000/-രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്. 'Water Connection Has Been Completed .Connection Fee,cost Of Water Meter & Paper Work,all Materials And Labour Cost -19,000/-.Additional Length For 130 Metre' എന്ന് പ്ലംബർ സാക്ഷ്യപ്പെടുത്തി നല്കിയതിന്റെ അടിസ്ഥാനത്തിലാണ് തുക അനുവദിച്ചത്. വാട്ടർ അതോറിറ്റിയിൽ ഒടുക്കിയ തുകയുടെ രസീതോ, സാമഗ്രികൾ വാങ്ങിയ ബില്ലുകളോ ഇല്ലാതെയാണ് തുക അനുവദിച്ചിട്ടുള്ളത്. ചെലവായ തുക,അധിക നീളം എന്നിവ എഴുതിയതിൽ കൃത്രിമം നടത്തിയിട്ടുണ്ടെന്ന് തോന്നിപ്പിക്കുന്ന വിധത്തിലാണ് സാക്ഷ്യപത്രത്തിലെ രേഖപ്പെടുത്തൽ.

2) 15.02.20 ന് വാട്ടർ കണക്ഷൻ ലഭിച്ച ഗീത രാജപ്പൻ എന്ന ഗുണഭോക്താവിന് 14,000 /- രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്. അപേക്ഷ,പ്ലാൻ,വാട്ടർ മീറ്റർ,മെറ്റീരിയൽ ചാർജ്,കൂലി എന്നിവ ഉൾക്കൊള്ളിച്ച് പ്ലംബർ തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരമുള്ള തുകയാണ് ഇത്. ഇതിൽ അധിക നീളം 46 മീറ്റർ എന്ന് കാണിച്ചിട്ടുണ്ട്. (ക്രമ നം. 1,2 പ്രവൃത്തികൾ ഒരു പ്ലംബർ തന്നെയാണ് ചെയ്തിരിക്കുന്നത് )

3) 13.01.20 ന് വാട്ടർ കണക്ഷൻ ലഭിച്ച തിരുമ കുട്ടപ്പൻ എന്ന ഗുണഭോക്താവിന് 12,320/-രൂപയാണ് അനുവദിച്ചത്. മെറ്റീരിയൽസിന് മറ്റ് ഗുണഭോക്താക്കളിൽ നിന്നും വാങ്ങുന്ന തുകയേക്കാൾ കൂടുതൽ തുക പ്ലംബർ ഈടാക്കിയിട്ടുണ്ട്.

ഗുണഭോക്താക്കൾ വാട്ടർ അതോറിറ്റിയിൽ ഒടുക്കിയ തുകയുടെ രസീത് ഫയലിൽ ലഭ്യമല്ല. ഒരു പോയിന്റിൽ കൊടുക്കുന്ന കണക്ഷന് വാങ്ങുന്ന മെറ്റീരിയൽസിന്റെ ചെലവിൽ ഓരോരുത്തരിൽ നിന്നീടാക്കുന്ന തുകയിൽ അന്തരമുണ്ട്. പൊതുവിഭാഗത്തിൽപ്പെട്ടവർക്ക് 5000/-രൂപ നല്കുന്ന ഈ പ്രവൃത്തിക്ക് അതിന്റെ രണ്ടും മൂന്നും അതിലധികവും ഇരട്ടി തുക ചെലവഴിച്ച് നടപ്പാക്കിയപ്പോൾ പരിശോധിച്ച് ബോധ്യപ്പെടാതെയാണ് തുക അനുവദിച്ചത്. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം.20/27.07.22)ഹാജരാക്കിയ മറുപടിയിൽ യഥാർത്ഥ ചെലവ് കണക്കാക്കേണ്ടത് എങ്ങനെയെന്ന് മാർഗരേഖയിൽ പരാമർശിച്ചിട്ടില്ല എന്നും മുകളിൽ പറഞ്ഞ ഗുണഭോക്താക്കളുടെ വീടുകളിലേക്ക് മറ്റ് വീടുകളേക്കാൾ ദൂരം കൂടുതലുണ്ടായിരുന്നെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് കൂടുതൽ തുക നൽകിയതെന്നുമാണ് നിർവഹണഉദ്യോഗസ്ഥ അറിയിച്ചത്. വരും വർഷങ്ങളിൽ മുഴുവൻ ഗുണഭോക്താക്കളിൽ നിന്നും ചെലവഴിച്ച തുകയുടെ യഥാർത്ഥ ബില്ലുകൾ ഹാജരാക്കുവാൻ ആവശ്യപ്പെടേണ്ടതും അവ പരിശോധിച്ച്

ബോധ്യപ്പെടുന്ന മുറയ്ക്ക് മാത്രം അനുവദിക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

## 1-35 സാമൂഹ്യ സുരക്ഷാ പെൻഷൻ - മരണപ്പെട്ട ഗുണഭോക്താക്കളുടെ പെൻഷൻ സസ്പെന്റ് ചെയ്യുന്നില്ല

നഗരസഭയിലെ മരണ റിപ്പോർട്ടുകൾ (2020-21) ആസ്പദമാക്കി സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം പരിശോധിച്ചതിൽ ഗുണഭോക്താക്കൾ മരണപ്പെട്ട പെൻഷൻ അക്കൗണ്ടുകൾ സസ്പെന്റ് ചെയ്യാത്തതു മൂലം പെൻഷൻ അക്കൗണ്ടുകളിലേക്ക് നിലവിലും തുകകൾ വിതരണം ചെയ്തുകൊണ്ടിരിക്കുന്നതായി സ്റ്റാറ്റസ് കാണിക്കുന്നു. ആധാർ നമ്പറുകൾ ഫയലിൽ ലഭ്യമല്ലാത്തതിനാൽ പേര്, വീട്ടുപേര് എന്നിവ പരിശോധിച്ചാണ് വിവരങ്ങൾ തയ്യാറാക്കിയിരിക്കുന്നത്. ആയതിനാൽ വാർഡ് തലത്തിൽ അന്വേഷണം നടത്തി ഗുണഭോക്താക്കളെ തിരിച്ചറിഞ്ഞതിനു ശേഷം മാത്രം തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം. 40/ 01.08.2022) മറുപടി ലഭ്യമാക്കിയില്ല.

A. വിധവ പെൻഷൻ

| ക്രമ നം. | പേര്, Death Reg. No. | പെൻഷൻ ID | മരണപ്പെട്ട തീയതി | തുക | അനർഹമായ കാലയളവ് | സ്റ്റാറ്റസ് |
|---|---|---|---|---|---|---|
| 1 | സരോജിനി അശോകൻ, നെടിയാനി ക്കുഴിയിൽ, 237/20 | 106930600969 | 09.11.20 | 29,900 | 12/20-6/22 | ആക്റ്റീവ് (തുക SBI അക്കൗണ്ടിൽ നിക്ഷേപിച്ചു) |
| 2. | കുഞ്ഞുപെണ്ണ് അഴകൻ, കുഴിപ്പറമ്പിൽ, 146/20 | 106930600450 | 03.06.20 | 36,700 | 7/20-6/22 | ആക്റ്റീവ് ( തുക ഫെഡറൽ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചു) |
| | ആകെ | | | 66,600/- | | |

B. വാർദ്ധക്യ കാല പെൻഷൻ (അനർഹമായ കാലയളവിൽ ബാങ്കിനു കൈമാറിയിരിക്കുന്ന തുകകൾ തിരികെ ഈടാക്കിയിട്ടുണ്ടെങ്കിൽ UTR നമ്പർ സഹിതം രേഖകൾ ലഭ്യമാക്കേണ്ടതാണ്.)

| ക്രമ നം. | പേര്, Death Reg. No. | പെൻഷൻ ID | മരണപ്പെട്ട തീയതി | തുക | അനർഹമായ കാലയളവ് | സ്റ്റാറ്റസ് |
|---|---|---|---|---|---|---|
| 1 | തങ്കമ്മ തട്ടാം പറമ്പിൽ 223/20, 4.11.20 | 106930200705/ (Aadhar) 786929305950 | 21.10.20 | 37,400/- | 12/20-06/22 | (ആക്റ്റീവ് ) തുക അക്കൗണ്ടിൽ നിക്ഷേപിക്കാൻ സാധിച്ചില്ല. SBI |
| 2. | കൃഷ്ണൻ ആളൂപാറയിൽ 211/20, | 106930200496 | 28.09.20 | 32,700/- | 10/20 - 6/22 | (ആക്റ്റീവ് ) തുക അക്കൗണ്ടിൽ നിക്ഷേപിച്ചു SBI |
| 3. | അന്നമ്മ ചേക്കോ, ചാലപ്പുറത്ത്. 208/20 | 106930200908 | 04.10.20 | 31,300/- | 11/20-06/22 | (ആക്റ്റീവ് ) തുക അക്കൗണ്ടിൽ നിക്ഷേപിച്ചു Canara Bank |
| 4 | മറിയാമ്മ യോഹന്നാൻ, കുഴിമറ്റത്തിൽ 206/20 | 106930201037 | 01.10.20 | 31,300/- | 11/20-06/22 | (ആക്റ്റീവ് ) തുക അക്കൗണ്ടിൽ നിക്ഷേപിച്ചു Union Bank Of India |
| 5 | ചാക്കപ്പൻ ഉലഹന്നാൻ, ഇലവുംപറമ്പിൽ, 193/20 | 112670200180 | 31.08.20 | 34,100/- | 09/20 - 06/22 | (ആക്റ്റീവ് ) തുക അക്കൗണ്ടിൽ നിക്ഷേപിച്ചു State Bank Of India |
| 6 | കുര്യൻ മത്തായി തേക്കുംകാട്ടിൽ, 186/20 | 112670200493 | 25.08.20 | 34,500/- | 09/20 -06/22 | (ആക്റ്റീവ് ) തുക അക്കൗണ്ടിൽ നിക്ഷേപിച്ചു Federal Bank |
| 7 | മേരി മത്തായി പടിക്കത്ത ച്ചമറ്റത്തിൽ 147/20 | 112670200412 | 21.06.20 | 37,500/- | 07/20-06/22 | (ആക്റ്റീവ് ) തുക അക്കൗണ്ടിൽ നിക്ഷേപിച്ചു Vijaya Bank |
| 8 | മറിയാമ്മ കുര്യൻ , പറപ്പള്ളിൽ 137/20 | 106930201086 | 21.06.20 | 37,500/- | 07/20-06/22 | (ആക്റ്റീവ് ) തുക അക്കൗണ്ടിൽ നിക്ഷേപിച്ചു SBI |
| 9 | പ്രഭാകരൻ നായർ മാളികയിൽ , | 112670200392 | 22.05.20 | 5300 + 30300 | 06/20 - 06/22 | (ആക്റ്റീവ് ) തുക 10/20 വരെ അക്കൗണ്ടിൽ നിക്ഷേപിച്ചു, |

| | | | | | | |
|---|---|---|---|---|---|---|
| | പിറവം.119/20 | | | | | 11/20മുതൽ നിക്ഷേപിക്കാൻ സാധിച്ചില്ല Bank Of Baroda |
| 10 | പൗലോസ് ഉലഹന്നാൻ, വാര്യംതടത്തിൽ 155/20 | 112670200235 | 16.10.19 | - | 10/19 | (ആക്ടീവ് ) തുക തടഞ്ഞു വച്ചിരിക്കുന്നു |
| | ആകെ | | | 3,11,900/- | | |

C. കർഷക തൊഴിലാളി പെൻഷൻ

| ക്രമ നം. | പേര്, Death Reg. No. | പെൻഷൻ ID | മരണപ്പെട്ട തീയതി | തുക | അനർഹമായ കാലയളവ് | സ്റ്റാറ്റസ് |
|---|---|---|---|---|---|---|
| 1. | വർക്കി തൊമ്മൻ, കൊച്ചുപറമ്പിൽ, 189/20 | 106930100081 | 16.09.20 | 32,700/- | 10/20-06/22 | (ആക്ടീവ് ) തുക അക്കൗണ്ടിൽ നിക്ഷേപിച്ചു SBI |

D. 50 വയസ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ

| ക്രമ നം. | പേര് Death Reg. No. | പെൻഷൻ ID | മരണപ്പെട്ട തീയതി | തുക | അനർഹമായ കാലയളവ് | സ്റ്റാറ്റസ് |
|---|---|---|---|---|---|---|
| 1 | കെ.പി. സാറാമ്മ, കാവാട്ട്, 222/20 | 106930500073 | 13.10.2020 | 42,000/- | 11/20 - 06/22 | (ആക്ടീവ് ) തുക ബാങ്കിനു കൈമാറി/ അക്കൗണ്ടിൽ നിക്ഷേപിക്കാൻ സാധിച്ചില്ല. |

E. മരണപ്പെട്ട ഗുണഭോക്താക്കളുടെ പെൻഷൻ അക്കൗണ്ടുകൾ സസ്പെന്റ് ചെയ്യാൻ കാലതാമസം വന്നതിനാൽ ടി അക്കൗണ്ടുകളിലേക്ക് വിതരണം ചെയ്യപ്പെട്ട തുകകൾ പലതും (ഡയറക്ട് ടു ഹോം) കൈമാറാൻ സാധിക്കാത്തതായി സ്റ്റാറ്റസ് കാണിക്കുന്നു. ടി തുകകൾ നിലവിൽ ആരുടെ കൈവശമാണെന്നതു സംബന്ധിച്ച് വിവരം ലഭ്യമാക്കുവാൻ താല്പര്യപ്പെടുന്നു. മരണപ്പെട്ട ഗുണഭോക്താക്കളുടെ പെൻഷൻ അക്കൗണ്ടുകൾ സസ്പെന്റ് ചെയ്യാൻ കാലതാമസം വരുന്നതിനാൽ ടി അക്കൗണ്ടുകളിലേക്ക് വിതരണം ചെയ്യപ്പെട്ട തുകകൾ പലതും (ഡയറക്ട് ടു ഹോം) കൈമാറാൻ സാധിക്കാറില്ല. ആയതിനാൽ പെൻഷൻ അക്കൗണ്ടുകൾ സസ്പെന്റ്, ചെയ്യുന്നതോടൊപ്പം ടി അക്കൗണ്ടുകളിലേക്ക് വിതരണം ചെയ്യപ്പെട്ട തുകകൾ മുഴുവൻ ഗുണഭോക്താവിന് ലഭ്യമായിട്ടുണ്ടെന്നും അല്ലാത്തപക്ഷം അനർഹമായ കാലയളവിലെ തുകകൾ DBT സെല്ലിലേയ്ക്ക് തിരിച്ചടവാക്കി എന്നും ഉറപ്പുവരുത്തേണ്ടതാണ്. ഉദാഹരണം താഴെ ചേർക്കുന്നു.

| ക്രമ നം. | പേര് | പെൻഷൻ ID | മരണപ്പെട്ട തീയതി/ സസ്പെന്റ് ചെയ്ത തീയതി | തുക | അനർഹമായ കാലയളവ് | സ്റ്റാറ്റസ് |
|---|---|---|---|---|---|---|
| 1 | സി.കെ. നാരായണൻ നായർ, 114/20 (വാർധക്യകാല പെൻഷൻ) | 106930200588 | 25.03.20/ 12.07.21 | 31,800/- | 11/20-06/21 | 10/2019 മുതൽ കൈമാറാൻ സാധിച്ചില്ല. (ഡയറക്ട് ടു ഹോം) 10/20 ൽ തുക കൈപ്പറ്റിയതായി രേഖപ്പെടുത്തി യിരിക്കുന്നു. |
| 2 | തോമസ് കെ.സി. കുഴിക്കാട്ടിൽ, 134/20 (വാർധക്യകാല പെൻഷൻ | 106930200508 | 09.06.20/ 18.12.20 | 10,500/- | 05/20-11/20 | കൈമാറാൻ സാധിച്ചില്ല. (ഡയറക്ട് ടു ഹോം.) |
| 3 | വാസു പാലയ്ക്കാമലയിൽ 218/20 (വാർധക്യകാല പെൻഷൻ) | 106930201544 | 24.04.20/ 18.12.20 | 9,400/- | 05/20-11/20 | കൈമാറാൻ സാധിച്ചില്ല. (ഡയറക്ട് ടു ഹോം.) |
| 4 | സുകുമാരൻ നായർ പി.എസ്. 181/20, 14.09.20 (വാർധക്യകാല പെൻഷൻ) | 112670200718 | 23.07.20/ 15.12.21 | 23,300/- | 09/20-11/21 | അക്കൗണ്ടിൽ നിക്ഷേപിച്ചു, (Federal Bank A/c) |
| 5 | ഉലഹന്നാൻ മർക്കോസ് (കർഷക | 116930100103 | 27.08.20/ 20.07.22 | 34,100/- | 09/20-06/22 | തുക സഹകരണ ബാങ്കിനു കൈമാറി |

| | | | | | | |
|---|---|---|---|---|---|---|
| | തൊഴിലാളി ) 177/20 | | | | | |
| | ആകെ | | | 1,09,100/- | | |

F. സഹകരണ സംഘങ്ങൾ വഴി വിതരണം ചെയ്യുന്ന ഗുണഭോക്താക്കളുടെ പെൻഷൻ അക്കൗണ്ടുകൾ സസ്പെൻഡ് ചെയ്യാൻ ബാക്കിയുള്ളത് മാത്രമാണ് ഓൺലൈൻ മെസ്സേജ് പ്രകാരം അറിയിക്കുന്നത്. എന്നാൽ മറ്റ് ബാങ്കുകൾ ഈ വിവരം അറിയിച്ചിട്ടില്ല. ആയതിനാൽ തുകകൾ നിലവിലും ബാങ്കുകൾക്ക് കൈമാറുകയും ഗുണഭോക്താവിന്റെ അക്കൗണ്ടിൽ നിക്ഷേപിക്കുകയോ നിക്ഷേപിക്കാൻ സാധിക്കാതിരിക്കുകയോ ചെയ്യുന്നുണ്ട്. ടി തുകകൾ DBT സെല്ലിലേക്ക് തിരിച്ചടവാക്കേണ്ട തുകകളാണ്. എന്നാൽ അപ്രകാരം ചെയ്തിട്ടില്ല. മരണപ്പെട്ട ഗുണഭോക്താക്കളുടെ/അനർഹമായി കൈപ്പറ്റിയ സാമൂഹ്യ സുരക്ഷാ പെൻഷൻ തുകകൾ എല്ലാം തന്നെ കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ പേരിൽ കേരള സംസ്ഥാന സഹകരണ ബാങ്ക് ഹെഡ് ഓഫീസ് ബ്രാഞ്ചിലുള്ള അക്കൗണ്ടിലേക്ക് തിരികെ അടവാക്കേണ്ടതാണ്. അക്കൗണ്ട് നമ്പർ- 001101023000269 ഐ.എഫ്.എസ് കോഡ്- KSBK0000101. അല്ലാത്തപക്ഷം പ്രസ്തുത തുകകൾ സെക്രട്ടറിയുടെ ബാധ്യതയായി പരിഗണിക്കുന്നതാണ്. വിതരണത്തിനായി ബാങ്കുകളിലേക്ക് ട്രാൻസ്ഫർ ചെയ്തതും എന്നാൽ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് നിക്ഷേപിക്കാൻ സാധിക്കാത്തതുമായ തുകകൾ സംബന്ധിച്ച് ബന്ധപ്പെട്ട ബാങ്കുകളിൽ നിന്ന് വിവരങ്ങൾ ലഭ്യമാക്കി തുകകൾ തിരികെ അടവാക്കി രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. ഏതെല്ലാം ബാങ്കുകൾ വഴിയാണ് നഗരസഭയിലെ പെൻഷൻ വിതരണം നടത്തുന്നത്എന്ന വിവരവും ലഭ്യമാക്കേണ്ടതാണ്. നഗരസഭയിൽ നിലവിൽ മരണ രജിസ്ട്രേഷൻ, പെൻഷൻ വിതരണം എന്നിവ തമ്മിൽ ബന്ധപ്പെടുത്തി മരണപ്പെടുന്നവരുടെ പെൻഷൻ വിതരണം സസ്പെന്റ് ചെയ്യുന്നതിന് ഓഫീസ് ഓർഡർ വഴി നിർദേശങ്ങളും തുടർനടപടികൾ നിരീക്ഷിക്കുന്നതിനുള്ള സംവിധാനങ്ങളും ക്രമീകരിച്ചിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച രേഖകൾ ഓഡിറ്റിനായി ലഭ്യമാക്കേണ്ടതാണ്.

പെൻഷൻ വിതരണം സംബന്ധിച്ച് ഏതാനും ഉദാഹരണങ്ങൾ മാത്രമാണ് എൻക്വയറിയിലൂടെ ലഭ്യമാക്കിയത്. നഗരസഭയിൽ പെൻഷൻ വിതരണം നടത്തുന്ന എല്ലാ അക്കൗണ്ടുകളും ഓഡിറ്റിൽ പരിശോധിക്കുക എന്നത് പ്രായോഗികമല്ലാത്തതിനാൽ മേൽ ഉദാഹരണങ്ങളിൽ സംഭവിച്ചിരിക്കുന്ന അപാകതകൾ മറ്റ് അക്കൗണ്ടുകളിലും സംഭവിച്ചിട്ടില്ല എന്ന് ഉറപ്പാക്കുന്നതിനായി നഗരസഭയിലെ മുഴുവൻ സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളുടെയും അക്കൗണ്ടുകൾ പരിശോധിച്ച് അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

ഓരോ ഘട്ടത്തിലും വിതരണം ചെയ്യപ്പെടുന്ന പെൻഷൻ തുകകൾ കൃത്യമായി ഗുണഭോക്താവിനു ലഭ്യമാകുന്നുണ്ടോ എന്നും മരണപ്പെടുന്നവരുടെ അക്കൗണ്ടുകൾ യഥാസമയം സസ്പെന്റ് ചെയ്യപ്പെടുന്നുണ്ടോ എന്നതും ഉറപ്പാക്കുന്ന വിധത്തിൽ കൂടുതൽ കാര്യക്ഷമതയോടെ പെൻഷൻ വിതരണം കൈകാര്യം ചെയ്യപ്പെടേണ്ടതുണ്ട്. ആയതിനാൽ ഈ വിഷയത്തിൽ ധനകാര്യ,ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റികളുടെയും നഗരസഭാ കമ്മിറ്റിയുടെയും ബന്ധപ്പെട്ട വാർഡ് മെമ്പർമാരുടെയും അടിയന്തിരമായ പ്രത്യേക ശ്രദ്ധ ഉണ്ടാകേണ്ടതാണ്. ഓരോ പീരീഡിലും വിതരണം ചെയ്യപ്പെടുന്ന പെൻഷൻ തുകകൾ സംബന്ധിച്ച് ബാങ്ക് സ്റ്റേറ്റ്മെൻറ് വാങ്ങി ഫയലിൽ സൂക്ഷിക്കേണ്ടതാണ്.

## 1-36 ബിറ്റുമിൻ ബാരൽ വില ക്രമ വിരുദ്ധമായി നഗരസഭാ ഫണ്ടിൽ ഒടുക്കുന്നു

നഗരസഭയിൽ തൻവർഷം നടപ്പാക്കിയിട്ടുള്ള റോഡ് പ്രവൃത്തികളിൽ നിന്നുള്ള ബിറ്റുമിൻ ബാരൽ വില അസി.എഞ്ചിനിയർ ബില്ലിൽ നിന്നും കുറവ് ചെയ്ത് സെക്രട്ടറിയുടെ പേരിലുള്ള ടി.എസ്.ബി അക്കൗണ്ടിലേയ്ക്കാണ് ക്രെഡിറ്റ് ചെയ്തിട്ടുള്ളത്. ഇത് ക്രമ പ്രകാരമല്ല. ടി ഇനത്തിലുള്ള തുകകൾ ഏതു ഫണ്ടുപയോഗിച്ചാണോ പ്രവൃത്തി ചെയ്തത് ആ ഫണ്ടിലേയ്ക്കും, ജി.എസ്.ടി തുക ബന്ധപ്പെട്ട ഹെഡിലേയ്ക്കും തിരിച്ചടയ്ക്കേണ്ടതാണ്.

മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.28/30.7.22)അസി. എഞ്ചിനിയർ മറുപടി ലഭ്യമാക്കിയില്ല. അപാകത പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് ടി ഇനത്തിൽ നൽകിയ തുക കണക്കാക്കി ബന്ധപ്പെട്ട ഫണ്ടിൽ ഒടുക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

## 1-37 മരാമത്ത് പ്രവൃത്തികൾ- പൊതുന്യൂനതകൾ:-

നഗരസഭയിലെ അസി. എഞ്ചിനിയർ നിർവ്വഹണോദ്യോഗസ്ഥനായി 2020-21വർഷത്തിൽ ഏറ്റെടുത്ത മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിലും രേഖകൾ, രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിലും ന്യൂനതകൾ ഉണ്ടായിട്ടുള്ളതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

(1) നിശ്ചിത മാതൃകയിലുള്ള ക്യാഷ് ബുക്ക് (ടി ആർ 7A) തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

(2) പ്രവൃത്തികൾ ടെണ്ടർ നൽകുന്നതുമായി ബന്ധപ്പെട്ടുള്ള പ്രിലിമിനറി എഗ്രിമെന്റ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല. ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്താതെ ബ്ലാങ്ക് സ്റ്റാമ്പ് പേപ്പർ മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്.

(3) കരാറുകാർക്ക് നൽകുന്ന സെലക്ഷൻ നോട്ടീസിന്റെ പകർപ്പ് ഫയലിൽ സൂക്ഷിക്കുന്നില്ല.

(4) ടെണ്ടർ രജിസ്റ്റർ കൃത്യമായി തയ്യാറാക്കി സൂക്ഷിക്കുന്നില്ല. ടെണ്ടർ രജിസ്റ്ററിൽ താഴെ പറയുന്ന വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

(I) ടെണ്ടർ തുറക്കുന്ന അവസരത്തിൽ സന്നിഹിതരായിട്ടുള്ള കരാറുകാരുടെ ഒപ്പ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

(Ii) ഇഎംഡി തുക, രസീത് നമ്പർ, തീയതി എന്നിവ രേഖപ്പെടുത്തുന്നില്ല

(Iii) ടെണ്ടർ അംഗീകരിച്ച കമ്മിറ്റി തീരുമാന വിവരം രേഖപ്പെടുത്തുന്നില്ല.

(5) റോഡ് ടാറിംഗ് പ്രവൃത്തികളിൽ ഉപയോഗിക്കുന്ന ബിറ്റുമിന്റെ അളവ് എം.ബുക്കിൽ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. കരാറുകാർ വാങ്ങിയ ബിറ്റുമിന്റെ ബിൽ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

(6) കരാറുകാരനും നിർവ്വഹണോദ്യോഗസ്ഥനുമായി ചമയ്ക്കുന്ന കരാറുകളിൽ പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി രേഖപ്പെടുത്തുന്നില്ല. പൂർത്തീകരണ കാലാവധി രേഖപ്പെടുത്താത്തതിനാൽ പദ്ധതികളുടെ പൂർത്തീകരണത്തിൽ കാലതാമസം ഉണ്ടാകുന്ന പക്ഷം ആവശ്യമായ നിയമനടപടികൾ സ്വീകരിക്കുവാൻ സാധ്യമല്ലാതാകുന്നു.

(7) കരാറുകാരനുമായി ചമച്ചിട്ടുള്ള കരാറുകളിലെ പൂർത്തീകരണ കാലാവധിയും പിഴയുമായി ബന്ധപ്പെട്ട ഭാഗം കാലഹരണപ്പെട്ടതാണെന്ന് കാണുന്നു. പുതുക്കിയ പി.ഡബ്ല്യു.ഡി മാന്വൽ പ്രകാരമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി കരാറുകൾ തയ്യാറാക്കേണ്ടതാണ്.

(8) എഗ്രിമെന്റ് രജിസ്റ്ററിൽ പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി രേഖപ്പെടുത്തിയിട്ടില്ല.

(9) തനത് ഫണ്ടുപയോഗിച്ച് നടപ്പാക്കുന്ന പ്രവൃത്തികളിൽ നിന്നും ഈടാക്കുന്ന നികുതികളുടെ ഒടുക്കു വിവരം ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല.

(10)ഭൂരിഭാഗം ഫയലുകളിലും പ്രവൃത്തികളുടെ പൂർത്തീകരണവുമായി ബന്ധപ്പെട്ട് മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

പ്രസ്തുത ന്യൂനതകൾ ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.27/30.7.22)നിർവ്വഹണ ഉദ്യോഗസ്ഥനായ അസി.എഞ്ചിനിയർ മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

## 1-38 യഥാസമയം കരാർ ചമയ്ക്കാതിരുന്ന കരാറുകാരനിൽ നിന്നും നിയമ പ്രകാരമുള്ള പിഴ ഈടാക്കിയില്ല

ജി.ഒ(പി)13/2012/പി.ഡബ്ല്യു.ഡി/തീ.01.02.2012 നമ്പർ ഉത്തരവ് പ്രകാരം 2012 ൽ പുതുക്കിയ കേരള പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2009 (6) പ്രകാരം നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ (സെലക്ഷൻ നോട്ടീസ് നൽകി 14 ദിവസത്തിനുള്ളിൽ) കരാറിൽ ഏർപ്പെടാത്ത കരാറുകാരിൽ നിന്നും കരാർ തുകയുടെ 1% (മിനിമം -1000/-,മാക്സിമം -25000/-) പിഴയായി ഈടാക്കേണ്ടതാണ്. എന്നാൽ നഗരസഭയിൽ നടപ്പാക്കിയിട്ടുള്ള താഴെ പറയുന്ന പ്രവൃത്തിയുടെ കരാറുകാരൻ നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ കരാർ ചമയ്ക്കാതിരുന്നിട്ടും പിഴ ഈടാക്കിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | സെലക്ഷൻ നോട്ടീസ് തീയതി/ പിഴ കൂടാതെ കരാർ ചമയ്ക്കാവുന്ന അവസാന തീയതി | കരാർ ചമച്ച തീയതി | ഈടാക്കേണ്ട പിഴ (1% നിരക്കിൽ) |
|---|---|---|---|---|
| 1 | അഞ്ചുസെന്റ് റോഡ് റീ ടാറിംഗ് (20/20) സി.എസ്.സാജു പി.എ.സി -391336/- പ്രവൃതതിമൂല്യം -404040/- ബിൽ നം. 0944/13.5.20 | 25.7.2019<br>8.8.2019 | 10.1.2020 | 3913 |

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാനും, പിഴ ഇനത്തിൽ ഈടാക്കേണ്ട 3913/-രൂപ കരാറുകാരനിൽ നിന്നും ഈടാക്കി ഓഡിറ്റിൽ വിവരം അറിയിക്കുവാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.49/02.08.22) നിർവ്വഹണ ഉദ്യോഗസ്ഥനായ അസി. എഞ്ചിനിയർ മറുപടി ലഭ്യമാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ പ്രസ്തുത തുക തിരികെ ഈടാക്കി, ഒടുക്കു വിവരം ഓഡിറ്റിൽ രേഖാമൂലം അറിയിക്കേണ്ടതാണ്.

## 1-39 വാലേപ്പടി കണ്ണംകുളം റോഡ് റീടാറിംഗ്- സെക്കന്റ് റീച്ച് - നിർവ്വഹണത്തിലെ അപാകങ്ങൾ

| | |
|---|---|
| പ്രോജക്ട് നമ്പർ | 274/20 |
| പ്രോജക്ടിന്റെ പേര് | വാലേപ്പടി കണ്ണംകുളം റോഡ് റീടാറിംഗ്- സെക്കന്റ് റീച്ച് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മുനി. എഞ്ചിനിയർ |
| കരാറുകാരൻ | കെ.എ.സാബു |
| പ്രവൃത്തിമൂല്യം | 439774/- |
| ബിൽ നം. | 0343/21.4.20 |
| തനത് ഫണ്ടിൽ നിന്നും നൽകിയത് | 686796/9.10.20 – 28800/- 686797/9.10.20 - 1200/- |

പ്രസ്തുത പ്രവൃത്തി എസ്റ്റിമേറ്റ് റേറ്റ് പ്രകാരം കരാർ എറ്റെടുത്തിരുന്ന കരാറുകാരൻ പ്രവൃത്തി 13.02.20 ൽ പൂർത്തീകരിക്കുകയും, എസ്റ്റിമേറ്റ് തുകയിൽ ക്ലിപ്തപ്പെടുത്തി ബിൽ തയ്യാറാക്കി 21.04.20 ൽ തുക നൽകുകയും ചെയ്തിരുന്നു. തുടർന്ന് പ്രസ്തുത പ്രവൃത്തിയിൽ ഹൈറിഷ് ഡ്രയിൻ തൃപ്തികരമായി പൂർത്തീകരിക്കുന്നതിനായി സിമന്റ് കോൺക്രീറ്റിംഗ് 1:4:8, 1:2:4, എർത്ത് വർക്ക് സെക്ഷനിംഗ് എന്നിവ അധികമായി ചെയ്യേണ്ടി വന്നതിനാൽ 36116/- രൂപ അധികം ചെലവുണ്ടായിട്ടുള്ളതായും, ആയതിനാൽ ടി തുക പെറ്റി വർക്കായി നൽകുന്നതിന് 02.05.21 ലെ ഓഫീസ് കുറിപ്പിൽ നിർദ്ദേശിച്ചിട്ടുള്ളതായും കാണുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ തീരുമാന പ്രകാരം (24.09.20 ലെ തീരു.14) 30000/-രൂപ തനത് ഫണ്ടിൽ നിന്നും മാറി നൽകിയിട്ടുണ്ട്. പദ്ധതി നിർവ്വഹണതതിൽ താഴെ പറയുന്ന അപാകങ്ങൾ ഉണ്ടായിട്ടുള്ളതായി കാണുന്നു.

1. അംഗീകരിച്ച എസ്റ്റിമേറ്റിൽ നിന്നും 9.2% ത്തോളം വർദ്ധന ഉണ്ടായിട്ടും റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല.

2. അളവ് ബുക്ക് പ്രകാരം പ്രസ്തുത പ്രവൃത്തി 13.02.20 ൽ പൂർത്തീകരിച്ചതാണ്. എന്നാൽ പ്രവൃത്തിയുടെ നിർവ്വഹണഘട്ടത്തിലോ, തുടർന്ന് ബിൽ പാസ്സാക്കി തുക നൽകിയ വേളയിലോ ഇത്തരത്തിൽ അധികമായി ചെയ്ത പ്രവൃത്തിയുടെ വിവരങ്ങൾ ഒന്നുംതന്നെ പരാമർശിക്കാതെ എസ്റ്റിമേറ്റ് അളവിൽ പരിമിതപ്പെടുത്തി തുക നൽകുകയാണ് ചെയ്തത്. അതിനു ശേഷം 02.05.20 ൽ മാത്രമാണ് ഇത്തരത്തിലൊരു ആവശ്യം ഉന്നയിച്ചിട്ടുള്ളത്. എസ്റ്റിമേറ്റ് ക്വാണ്ടിറ്റിയിൽ ലിമിറ്റ് ചെയ്ത് കരാർ പ്രകാരമുള്ള തുക നൽകി ക്ലോസ്സ് ചെയ്ത പ്രവൃത്തിയ്ക്ക് ഇത്തരത്തിൽ ക്രമ വിരുദ്ധമായി തുക നൽകിയ സാഹചര്യം വ്യക്തമാക്കിയിട്ടില്ല.

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.26/30.07.22) നിർവ്വഹണ ഉദ്യോഗസ്ഥനായ അസി.എഞ്ചിനിയർ മറുപടി ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് പരാമർശത്തിന് മറുപടി ലഭ്യമാക്കേണ്ടതും, ക്രമ വിരുദ്ധമായി തുക നൽകിയിട്ടുള്ള പക്ഷം ആയത് തിരികെ ഈടാക്കേണ്ടതുമാണ്.

## 1-40 എല്ലാ വാർഡുകളിലും എൽ.ഇ.ഡി ലൈറ്റ് സ്ഥാപിക്കൽ - പാനൽ ബോർഡ് എഞ്ചിനിയേഴ്സിന് ക്രമവിരുദ്ധമായി തുക നൽകി

നഗരസഭയുടെ 20-21 വാർഷിക പദ്ധതിയിലുൾപ്പെടുത്തിയ എല്ലാ വാർഡുകളിലും എൽ.ഇ.ഡി ലൈറ്റ് സ്ഥാപിക്കൽ എന്ന പദ്ധതി പ്രകാരം യുണൈറ്റഡ് ഇലക്ട്രിക്കൽസ് ഇൻഡസ്ട്രീസ് ലിമി. എന്ന സ്ഥാപനത്തിൽ നിന്നും 665 24/25 W എൽ.ഇ.ഡി (ഓട്ടോമാറ്റിക്) ലൈറ്റുകൾ വാങ്ങി സ്ഥാപിച്ചിട്ടുണ്ട്. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് 13000/-രൂപ ക്രമവിരുദ്ധമായി പാനൽ എഞ്ചിനിയർമാർക്ക് നൽകിയിട്ടുണ്ട്. വിശദ വിവരം ഭാഗം 3 ൽ (3-4) ചേർത്തിട്ടുണ്ട്.

## 1-41 മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ വാർഡ് 27- പൂർണ്ണമായ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | 86/20 |
| പ്രോജക്ടിന്റെ പേര് | മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി. എഞ്ചിനിയർ |
| കരാറുകാരൻ | യുണൈറ്റഡ് ഇലക്ട്രിക്കൽസ് ഇൻഡസ്ട്രീസ് ലിമി. |
| പ്രവൃത്തിമൂല്യം | 150000/- (എസ്.സി.പി) |
| ബിൽ നം. | 0352/21.4.20 |

നഗരസഭയുടെ 2019-20 വാർഷിക പദ്ധതിയിലുൾപ്പെടുത്തിയ പ്രസ്തുത പദ്ധതി പ്രകാരം വാർഡ് 27 ൽ ഒരു മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിന് ലക്ഷ്യമിടുന്നു. പദ്ധതി നിർവ്വഹണം നടത്തിയ യുണൈറ്റഡ് ഇലക്ട്രിക്കൽസ് ഇൻഡസ്ട്രീസ് ലിമി. എന്ന സ്ഥാപനത്തിന് കരാർ പ്രകാരമുള്ള തുകയും നൽകിയിട്ടുണ്ട്. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകങ്ങളുള്ളതായി കാണുന്നു.

1. ഹാജരാക്കിയ ഫയലിൽ 10.03.20 ൽ പ്രവൃത്തി പൂർത്തീകരിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ലൈറ്റുകളുടെ ഇൻസ്റ്റലേഷൻ റപ്പോർട്ട്, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

2. കെ.എസ്.ഇ.ബി കണക്ഷൻ നൽകുന്നതിനായി 12.03.20 ൽ കെ.എസ്.ഇ.ബി പിറവം സെക്ഷന് കത്ത് നൽകിയിട്ടുള്ളതായി കാണുന്നു. എന്നാൽ കണക്ഷൻ ലഭിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

3. ഹൈമാസ്റ്റ്/മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് നിലവിലുള്ള സർക്കാർ നിർദ്ദേശത്തിൽ (ജി.ഒ(പി).27/2017/ധനം. തീയതി 26.02.17, സർക്കുലർ നം. 60/2018/ധനം/02.07.2018) സ്ഥാപിക്കുന്ന ലൈറ്റുകൾക്ക് 3 വർഷത്തെ വാറന്റി ഉണ്ടായിരിക്കേണ്ടതാണെന്നും, വാറന്റിയ്ക്കുശേഷം 3 വർഷത്തെ എ.എം.സി എടുക്കേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഇവിടെ സ്ഥാപനം ഹാജരാക്കിയിട്ടുള്ള ഇൻവോയ്സിൽ 2 വർഷത്തെ വാറന്റി മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. കൂടാതെ ലൈറ്റ് സ്ഥാപിക്കുന്ന സ്ഥലത്ത് നിലവിൽ തെരുവ് വിളക്കുകൾ ഉള്ള പക്ഷം ആയത് റദ്ദാക്കേണ്ടതുമാണ്. എന്നാൽ അത്തരത്തിലുള്ള നടപടി ക്രമങ്ങളൊന്നും ഇവിടെ പാലിക്കപ്പെട്ടിട്ടില്ല.

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.39/1.8.22) നിർവ്വഹണ ഉദ്യോഗസ്ഥനായ അസി.എഞ്ചിനിയർ മറുപടി ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് പരാമർശത്തിന് മറുപടി ലഭ്യമാക്കേണ്ടതും, സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-42 നിർദ്ദിഷ്ട മൂല്യത്തിലുള്ള മുദ്രപത്രത്തിൽ കരാർ ചമച്ചില്ല

1. അഞ്ച് സെന്റ് റോഡ് റീടാറിംഗ് എന്ന പ്രവൃത്തിയുടെ കരാറുകാരനായ ശ്രീ.സി.എസ്.സാജു എന്നയാൾ ടി പ്രവൃത്തി എസ്റ്റിമേറ്റ് നിരക്കായ 391336/-രൂപയ്ക്കാണ്കരാർ കൊണ്ടിട്ടുള്ളത്. ഇത് പ്രകാരം കരാർ തുകയുടെ 0.1% മൂല്യത്തിലുള്ള 400/-(ക്ലിപ്തപ്പെടുത്തിയ തുക) രൂപയുടെ മുദ്രപത്രത്തിലാണ് കരാർ ചമയ്ക്കേണ്ടിയിരുന്നത് എന്നാൽ ഇതിനു പകരം 200/-രൂപയുടെ മുദ്രപത്രത്തിലാണ് കരാർ ചമച്ചിട്ടുള്ളത്.

2. വാലേപ്പടി കണ്ണംകുളം റോഡ് റീ ടാറിംഗ് സെക്കന്റ് റീച്ച് (20/20) എന്ന പ്രവൃത്തിയുടെ കരാറുകാരനായ ശ്രീ.കെ.എ.സാബു എന്നയാൾ ടി പ്രവൃത്തി എസ്റ്റിമേറ്റ് നിരക്കായ 392655/-രൂപയ്ക്കാണ് കരാർ കൊണ്ടിട്ടുള്ളത്. ഇത് പ്രകാരം കരാർ തുകയുടെ 0.1% മൂല്യത്തിലുള്ള 400/-(ക്ലിപ്തപ്പെടുത്തിയ തുക)രൂപയുടെ മുദ്രപത്രത്തിലാണ് കരാർ ചമയ്ക്കേണ്ടിയിരുന്നത് എന്നാൽ ഇതിനു പകരം 200/-രൂപയുടെ മുദ്രപത്രത്തിലാണ് കരാർ ചമച്ചിട്ടുള്ളത്.

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.44/02.08.22) നിർവ്വഹണ ഉദ്യോഗസ്ഥനായ അസി.എഞ്ചിനിയർ മറുപടി ലഭ്യമാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ സംസ്ഥാന സർക്കാരിനുണ്ടായ നഷ്ടം ഉത്തരവാദപ്പെട്ടവരിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## 1-43 വീട് പുനരുദ്ധാരണം - സബ്സിഡി മുൻകൂട്ടി നിശ്ചയിക്കുന്നു

| | | |
|---|---|---|
| പ്രൊജക്ട് നം.,പേര് | 0066/21, വീട് പുനരുദ്ധാരണം -പട്ടികജാതി | |
| അടങ്കൽ | 11,25,000 /- (വികസനഫണ്ട് -SCP) | |
| ചെലവ് | 3,25,000/- ; | 1)BRN 1194216 /05.03.21-75000/- |
| | | 2)BRN 1235762/12.03.21-150000/- |
| | | 3)BRN 1260951/16.03.21 – 50000/- |
| | | 4)BRN 1325672/23.03.21 – 25000/- |
| | | 5)BRN 1417578/29.03.21 – 25000/- |
| നിർവഹണഉദ്യോഗസ്ഥ | Scheduled Caste Development Officer | |

പട്ടികജാതിയിൽപ്പെട്ടവർക്ക് കേടുപാടുകൾ പരിഹരിച്ച് വീട് വാസയോഗ്യമാക്കുന്നതിന് നടപ്പാക്കിയ ഈ പദ്ധതി പ്രകാരം 13 പേർക്ക് 25,000/-രൂപ വീതം ഓഡിറ്റ് വർഷം നൽകിയിട്ടുണ്ട്. ഇതേ ഗുണഭോക്താക്കൾക്ക് 2021-22 വർഷത്തെ പദ്ധതി പ്രകാരം വീണ്ടും 25,000/-രൂപ വീതം നൽകി പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്. അതായത് വീട് പുനരുദ്ധരിക്കുന്നതിന് പട്ടികവിഭാഗത്തിൽപ്പെട്ട ഗുണഭോക്താവിന് ആകെ 50,000/-രൂപയാണ് നൽകിയത്. 14.02.18 ലെ സർക്കാർ ഉത്തരവ് സ.ഉ (കൈ) 22/2018 /ത.സ്വ.ഭ.വ പ്രകാരം പട്ടികജാതിയിൽപ്പെട്ടവർക്ക് വാസയോഗ്യമല്ലാത്ത വീട് വാസയോഗ്യമാക്കുന്നതിന് പരമാവധി 1,50,000/-രൂപ നൽകാവുന്നതാണ്. വീട് വാസയോഗ്യമാക്കുന്നതിന് ഉടമസ്ഥൻ തയ്യാറാക്കിയ എസ്റ്റിമേറ്റ് LSGD എൻജിനിയർ പരിശോധിച്ച ശേഷമാണ് സബ്സിഡി നിരക്ക് നിശ്ചയിക്കേണ്ടത്. എന്നാൽ നഗരസഭയിൽ സബ്സിഡി മുൻകൂട്ടി നിശ്ചയിച്ചതിനു ശേഷമാണ് പദ്ധതി നടപ്പാക്കിയിട്ടുള്ളത്. എല്ലാ ഗുണഭോക്താക്കളിൽ നിന്നും 50,000/-രൂപയ്ക്ക് കുറച്ച് മുകളിലുള്ള തുകയുടെ എസ്റ്റിമേറ്റ് വാങ്ങി,അതിനനുസരിച്ചുള്ള വാല്യുവേഷൻ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ 2 വർഷങ്ങളിലുമായി ആകെ 50,000/-രൂപ നൽകുകയാണ് ചെയ്തത്. ഇപ്രകാരം സബ്സിഡി തുക മുൻകൂട്ടി നിശ്ചയിച്ച് പദ്ധതി നടപ്പിലാക്കിയതു കാരണം അർഹമായ തുക ഗുണഭോക്താക്കൾക്ക് ലഭിച്ചിട്ടില്ല. ഇക്കാര്യത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം.14/27.07.22) ഹാജരാക്കിയ മറുപടിയിൽ പദ്ധതി തുക കുറവ് ആയതിനാലാണ് അപ്രകാരം ചെയ്തത് എന്നാണ് അറിയിച്ചത്. വരും വർഷങ്ങളിൽ ഗുണഭോക്താവിൽ നിന്നും ചെയ്യാൻ ഉദ്ദേശിക്കുന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റ് ആവശ്യപ്പെടേണ്ടതും, പ്രവൃത്തി പൂർത്തീകരിച്ചതിന് ശേഷം വാല്യുവേഷൻ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ അർഹമായ തുക നൽകാവുന്ന രീതിയിൽ പദ്ധതി വിഭാവനം ചെയ്ത് നടപ്പിലാക്കുന്നതിന് ശ്രദ്ധിക്കേണ്ടതുമാണ്.

## 1-44 നിശ്ചിത സമയത്തിനുള്ളിൽ പ്രവർത്തി പൂർത്തീകരിക്കാതിരുന്ന കരാറുകാരിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കിയില്ല.

2012 ലെ പി.ഡബ്ല്യു.ഡി. മാന്വൽ സെക്ഷൻ 2112-1പ്രകാരം കരാർ പ്രവർത്തി നിശ്ചിത സമയത്തിനുള്ളിൽ പൂർത്തീകരിക്കാത്തപക്ഷം നിർദ്ദിഷ്ട പൂർത്തീകരണ കാലാവധിക്കുമുൻപ് തന്നെ കരാറുകാരൻ രേഖാമൂലം കാലദൈർഘ്യത്തിനുള്ള അപേക്ഷ സമർപ്പിക്കേണ്ടതും അപേക്ഷ പരിശോധിച്ച് തക്കതായ കാരണമുള്ളപക്ഷം സമയം ദീർഘിപ്പിക്കാവുന്നതുമാകുന്നു. ഇത് ഒറ്റത്തവണ ഒറിജിനൽ സമയത്തിന്റെ 25%അധികരിക്കാൻ പാടില്ല. ഇപ്രകാരം കാലാവധിയുടെ 50%വരെ പരമാവധി സമയം ദീർഘിപ്പിച്ചു നൽകാവുന്നതാണ്. ഇത് ആദ്യ തവണ പി.എ.സി യുടെ 1% നിരക്കിലും (കുറഞ്ഞത് 1,000/-രൂപ പരമാവധി 50,000/-രൂപ) രണ്ടാം തവണ പി.എ.സി യുടെ 2% നിരക്കിലും (കുറഞ്ഞത് 2,000/-രൂപ പരമാവധി 100,000/-രൂപ) പിഴ ഈടാക്കി സപ്ലിമെന്ററി എഗ്രിമെന്റ് ചമക്കേണ്ടതാണ്. അതുപോലെ സെക്ഷൻ 2116.1 അനുസരിച്ച് യഥാർത്ഥ/ദീർഘിപ്പിച്ച പൂർത്തീകരണ കാലാവധി കഴിഞ്ഞാണ് പ്രവർത്തി പൂർത്തീകരിക്കുന്നതെങ്കിൽ അധികകാലത്തിന് പ്രതിവാരം PAC യുടെ 0.1%നിരക്കിൽ (പരമാവധി 10%) കോമ്പൻസേഷനും ഈടാക്കേണ്ടതാണ്. എന്നാൽ നിശ്ചിത സമയത്തിനുള്ളിൽ പ്രവർത്തി പൂർത്തീകരിക്കാതിരുന്ന താഴെ പറയുന്ന പ്രവൃത്തിയുടെ കരാറുകാരിൽ നിന്നും നിയമാനുസൃത നിരക്കിലുള്ള പിഴ ഈടാക്കാതെയാണ് തുക നൽകിയിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര്, കരാറുകാരൻ , പി.എ.സി. | കരാർ തീയതി, കാലാവധി, കരാർ പ്രകാരം പൂർത്തീകരിക്കണ്ട തീയതി | പ്രവൃത്തി പൂർത്തീകരിച്ച തീയതി. | ഈടാക്കേണ്ടി യിരുന്ന പിഴ |
|---|---|---|---|---|
| 1 | ജയന്തി ജംഗ്ഷൻ- കൊമ്പാനാമല റോഡ് ടാറിംഗ് (114/21) ജോയ് തോമസ് പി.എ.സി -392569/- എം.ബുക്ക്- 50/19-20 പ്രവൃതതിമൂല്യം -439195/- ബിൽ നം. 2888/17.08.20 | 02.08.2019<br>6 മാസം<br>01.02.20 | 27.04.20 | 11780 (3%) |

| | | | | |
|---|---|---|---|---|
| 2 | നിരപ്പ് ഇടപ്പിള്ളിച്ചിറ റോഡ് മെയിന്റനൻസ് (140/21) ജോജിഷ് ജോസ് പി.എ.സി -357124/- എം.ബുക്ക്-51/19-20 പ്രവൃതതിമൂല്യം -399601/- ബിൽ നം. 2885/17.08.20 | 02.08.2019<br>6 മാസം<br>01.02.20 | 28.04.20 | 10714 (3%) |
| 3 | കാളിയാംമ്പുറത്ത് തൊണ്ട് കോൺക്രീറ്റിംഗ് (158/20) ഇന്നമ്മ പൗലോസ് പി.എ.സി -79950/- എം.ബുക്ക്-5/19-20 പ്രവൃതതിമൂല്യം -79949/- ബിൽ നം.348/21.04.20 | 26.09.18<br>60 ദിവസം<br>25.03.2019 | 16.01.20 | 4717 (3+2.9%) |
| | ആകെ | | | 27211 |

കരാറുകാരൻ യഥാസമയം പ്രവൃത്തി പൂർത്തിയാക്കുകയോ, പൂർത്തീകരണ കാലയളവ് ദീർഘിപ്പിച്ച് നൽകുന്നതിനായി അപേക്ഷ സമർപ്പിക്കുകയോ സപ്ലിമെന്ററി എഗ്രിമെന്റ് തയ്യാറാക്കുകയോ ചെയ്തിട്ടില്ല. പ്രവർത്തി പൂർത്തീകരണ കാലതാമസ്സം സംബന്ധിച്ച് ബന്ധപ്പെട്ട അസി.എഞ്ചിനിയർ റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.46/02.08.22) നിർവ്വഹണ ഉദ്യോഗസ്ഥനായ അസി.എഞ്ചിനിയർ മറുപടി ലഭ്യമാക്കിയിട്ടില്ല. പിഴ ഇനത്തിൽ ഈടാക്കേണ്ട തുക കരാറുകാരിൽ നിന്നും ഈടാക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

## 1-45 ബിറ്റുമിൻ ബാരൽ വില – നിയമാനുസൃത ജി.എസ്.ടി ബില്ലിൽ കുറവു ചെയ്യുന്നില്ല.

2020-21വർഷം നിർവ്വഹിക്കപ്പെട്ട ടാറിംഗ് പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ ടാറിന് പാക്ക്ഡ് ബിറ്റുമിന്റെ നിരക്കാണ് നൽകിയിട്ടുള്ളത്. അതു പ്രകാരം ഒഴിഞ്ഞ ബാരലിന്റെ വിലയായി 281/-രൂപ വീതം (238+18% ജി.എസ്.ടി) ബില്ലിൽ കുറവു ചെയ്ത് വേണം കരാറുകാരന് തുക നല്കേണ്ടത്. എന്നാൽ അസി.എഞ്ചിനിയർ നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രവൃത്തികളിലെ ഫൈനൽ ബില്ലിൽ നിന്നും ബാര്ല വില മാത്രമാണ് കുറവ് ചെയ്തിട്ടുള്ളതായി കാണുന്നത് നിയമാനുസൃതം ഈടാക്കേണ്ട ജി.എസ്.ടി 18% നിരക്കിൽ ഈടാക്കിയിട്ടില്ല. പ്രവൃത്തികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ വിശദ വിവരം | ഉപയോഗിച്ച ബാരലിന്റെ എണ്ണം | ഈടാക്കേണ്ട തുക | | ഈടാക്കിയ തുക | കുറവ് (ജി.എസ്.ടി) |
|---|---|---|---|---|---|---|
| | | | ബാരൽ വില | ജി.എസ്.ടി | | |
| 1 | അഞ്ചുസെന്റ് റോഡ് റീ ടാറിംഗ് (20/20) സി.എസ്.സാജു എം.ബുക്ക്-27/19-20 പ്രവൃതതിമൂല്യം -404040/- ബിൽ നം. 0944/13.05.20 | 18 | 4284 | 771 | 4284 | 771 |
| 2 | വാലേപ്പടി കണ്ണംകുളം റോഡ് റീ ടാറിംഗ് സെക്കന്റ് റീച്ച് (20/20) കെ.എ.സാബു എം.ബുക്ക്-20/19-20 പ്രവൃതതിമൂല്യം -439774/- ബിൽ നം. 0343/21.04.20 | 22 | 5236 | 942 | 5236 | 942 |
| 3 | മാമലക്കവല മണൽക്കടവ് റോഡ് മെയിന്റനൻസ് (277/20) റജി കുര്യാക്കോസ് എം.ബുക്ക്-11/19-20 പ്രവൃതതിമൂല്യം -163521/- ബിൽ നം. 0353/21.04.20 | 9 | 2142 | 386 | 2142 | 386 |
| 4 | ചെമ്പംകുഴി പോങ്ങുമല റോഡ് മെയിന്റനൻസ് (278/20) സി.എസ്.സാജു എം.ബുക്ക്-29/19-20 പ്രവൃതതിമൂല്യം -298638/- ബിൽ നം. 2863/14.08.2020 | 12 | 2856 | 514 | 2856 | 514 |
| 5 | മനയ്ക്കപ്പടി കുറ്റിക്കാടെ പടി - പുഞ്ചപ്പാടം റോഡ് റീടാറിംഗ് (262/20) ഗീത സഹദേവൻ എം.ബുക്ക്-23/19-20 പ്രവൃതതിമൂല്യം -256849/- ബിൽ നം. 2887/17.08.20 | 14 | 3332 | 600 | 3332 | 600 |
| 6 | നവാലിപ്പടി റോഡ് മെയിന്റനൻസ് (275/20) അനിൽകുമാർ.വി.എം എം.ബുക്ക്-31/19-20 പ്രവൃതതിമൂല്യം 412337/- ബിൽ നം. 0364/21.04.20 | 23 | 5474 | 986 | 5474 | 986 |
| 7 | നിരപ്പ് ഇടപ്പിള്ളിച്ചിറ റോഡ് മെയിന്റനൻസ് (140/21) ജോജിഷ് ജോസ് എം.ബുക്ക്-51/19-20 പ്രവൃതതിമൂല്യം -399601/- ബിൽ നം. 2885/17.08.20 | 21 | 4998 | 900 | 4998 | 900 |

| | | | | | | |
|---|---|---|---|---|---|---|
| 8 | ഇട്ട്യാർമല എസ്.സി കോളനി റോഡ് റീ ടാറിംഗ് (170/21) ഗീത സഹദേവൻ എം.ബുക്ക്- 47,57/19-20 പ്രവൃതതിമൂല്യം -999823/- ബിൽ നം. 7972/6.03.21 | 51 | 12138 | 2185 | 12138 | 2185 |
| | ആകെ | | | | | 7284 |

ക്രമ നം.(8) ഇട്ട്യാർമല എസ്.സി കോളനി റോഡ് റീ ടാറിംഗ് എന്ന പ്രവൃത്തിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് ഇ-ടെണ്ടർ ക്ഷണിച്ചതിന്റെയും, ലഭ്യമായ ടെണ്ടറുകളുടേയും വിവരങ്ങൾ, പ്രിലിമിനറി എഗ്രിമെന്റ് എന്നിവ ഓഡിറ്റിൽ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാനും, അധികം നല്കിയ തുക തിരികെ ഈടാക്കി ബന്ധപ്പെട്ട ഹെഡ് ഓഫ് അക്കൗണ്ടിൽ ഒടുക്കി (ബാരൽ വില തുക ചെലവഴിച്ച ഫണ്ടിൽ) വിവരം അറിയിക്കുവാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.43/2.8.22)അസി.എഞ്ചിനിയർ മറുപടി ലഭ്യമാക്കിയിട്ടില്ല. ജി.എസ്.ടി ഇനത്തിൽ ഈടാക്കേണ്ട തുക ഈടാക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

## 1-46 മഴക്കാല പൂർവ്വ ശുചീകരണം - പുഴയിൽ അടിഞ്ഞുകൂടിയ ചെളി/ എക്കൽ നീക്കം ചെയ്യൽ-അപാകത

വെള്ളപ്പൊക്ക സമയത്ത് പിറവം പുഴയിൽ അടിഞ്ഞുകൂടിയ ചെളി / എക്കൽ എന്നിവ മഴക്കാലം ആരംഭിക്കുന്നതിന് മുമ്പ് ടെണ്ടർ നടത്തി നീക്കം ചെയ്യുന്നതിനുള്ള അനുമതി നൽകുന്നതിനായി മുനിസിപ്പൽ സെക്രട്ടറി 02.05.20 ൽ ബഹു. ജില്ലാ കളക്ടർക്ക് അപേക്ഷ സമർപ്പിക്കുകയും, ജില്ലാ കളക്ടറുടെ 07.05.20 ലെ കത്തിൽ (ഡി12-3919/20) ജില്ലാ കളക്ടറുടെ 29.04.20 ലെ ഡി2- 3919/20 നമ്പർ നടപടി ക്രമങ്ങളിലെ നിർദ്ദേശം പാലിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകിയിരുന്നു.

ഇതിന്റെ അടിസ്ഥാനത്തിൽ Institute Of Land And Disaster Management (ILDM) തയ്യാറാക്കി നൽകിയ റിപ്പോർട്ട് പ്രകാരം 37000 ക്യു.മീ. മണൽ ഉള്ളതായി കണ്ടത് പ്രകാരം 4കോടി 90 ലക്ഷം രൂപ + ജി.എസ്.ടി അടിസ്ഥാന വില നിശ്ചയിച്ച് 14.05.20 തീയതിയിൽ ദർഘാസ് ക്ഷണിച്ചു. കൂടിയ നിരക്ക് ക്വാട്ട് ചെയ്ത കളത്തുരാൻ കൺസ്ട്രക്ഷൻസ് ( 1602 രൂപ/ ക്യു.മീ.) എന്ന സ്ഥാപനത്തിന്റെ 59274000/-രൂപയുടെ ടെണ്ടർ 26.5.20 ലെ ജനറൽ കമ്മിറ്റിയുടെ 2ാം നമ്പർ തീരുമാന പ്രകാരം അംഗീകരിക്കുയും 19.08.20 ൽ ടി സ്ഥാപനവുമായി കരാർ ചമയ്ക്കുകയും ചെയ്തിട്ടുണ്ട്.

കരാർ വ്യവസ്ഥ പ്രകാരം ആകെ തുകയുടെ 50% നഗരസഭയ്ക്കും, 50% റിവർ മാനേജ്മെന്റ് അതോറിറ്റിയ്ക്കും നൽകേണ്ടതാണ്. പ്രവൃത്തി 58 ദിവസത്തിനുള്ളിൽ പൂർത്തീകരിക്കേണ്ടതാണെന്നും, കരാർ തുക നൽകേണ്ട സമയക്രമവും കരാറിൽ വ്യക്തമാക്കിയിരുന്നു. തുക നൽകേണ്ട വിധം താഴെ ചേർക്കുന്നു.

| ക്രമ നം. | ശതമാനം | തുകയൊടുക്കേണ്ട കാര്യാലയം | അടയ്ക്കേണ്ട കാലാവധി (ദിവസങ്ങൾക്കുള്ളിൽ) |
|---|---|---|---|
| 1 | 10% | പിറവം നഗരസഭ | എഗ്രിമെന്റ് വെച്ചയുടനെ |
| 2 | 10% | റിവർ മാനേജ്മെന്റ് അതോറിറ്റി, കളക്ടേറ്റ് | 10 |
| 3 | 20% | പിറവം നഗരസഭ | 10 |
| 4 | 20% | റിവർ മാനേജ്മെന്റ് അതോറിറ്റി, കളക്ടേറ്റ് | 10 |
| 5 | 15% | പിറവം നഗരസഭ | 10 |
| 6 | 15% | റിവർ മാനേജ്മെന്റ് അതോറിറ്റി, കളക്ടേറ്റ് | 10 |
| 7 | 10% | പിറവം നഗരസഭ + റിവർ മാനേജ്മെന്റ് അതോറിറ്റി, കളക് ടേറ്റ് (5% വീതം) | 8 |

പ്രവൃത്തി ആരംഭിക്കുന്നതിനായുള്ള വർക്ക് ഓർഡർ 24.08.20 ൽ നൽകിയതായി ഫയലിൽ കാണുന്നു. കരാറുകാരൻ ആദ്യ ഗഡുവായി 5900000/-രൂപ 24.08.20 ൽ നഗരസഭയിൽ ഒടുക്കിയിട്ടുണ്ട്( 012120010800018/24.08.20).

പ്രസ്തുത പ്രവൃത്തിയുടെ പേരിൽ വ്യാപകമായി മണൽ നീക്കം ചെയ്യുന്നതായി ആക്ഷേപം ഉയർന്നതിനെ തുടർന്ന് മൂവാറ്റുപുഴ റവന്യൂ ഡിവിഷനൽ ഓഫീസറുടെ നിർദ്ദേശാനുസരണം ഇനി ഒരറിയിപ്പുണ്ടാകുന്നത് വരെ പ്രവൃത്തി താല്ക്കാലികമായി നിർത്തി വെയ്ക്കുവാൻ കരാറുകാരന് 09.09.20 ൽ മുനിസിപ്പൽ സെക്രട്ടറി അറിയിപ്പ് നൽകിയിരുന്നു. തുടർന്ന് 22.09.20 ലെ ജനറൽ കമ്മിറ്റി (1) -ാം നമ്പ്ര തീരുമാന പ്രകാരം പ്രവൃത്തി നിർത്തിവെയ്ക്കുവാൻ നൽകിയ അറിയിപ്പ് പിൻവലിക്കുന്നതായും, വർക്ക് ഓർഡർ പ്രകാരമുള്ള പ്രവൃത്തി പൂർത്തീകരിക്കുന്നതിന് അനുവാദം നൽകിയും തീരുമാനിക്കുകയും 24.09.20 ൽ പ്രവൃത്തി തുടരുവാൻ കരാറുകാരന് അറിയിപ്പ് നൽകിയതായും കാണുന്നു.

പ്രവൃത്തി നിർവ്വഹണം സംബന്ധിച്ച് താഴെ പറയുന്ന കാര്യങ്ങളിൽ വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

1. കരാർ പ്രകാരം 5927400/-രൂപയാണ് കരാർ ചമച്ചയുടനെ നഗരസഭയിൽ ഒടുക്കേണ്ടത്. എന്നാൽ 5900000/-രൂപ മാത്രമാണ് കരാറുകാരൻ ഒടുക്കിയിട്ടുള്ളത്. നിയമ പ്രകാരം ഈടാക്കേണ്ട ജി.എസ്.ടി (18%) 1066932/-രൂപ കരാറുകാരനിൽ നിന്നും ഈടാക്കിയതായി കാണുന്നില്ല.

2. കരാർ പ്രകാരം 10 ദിവസത്തിനുള്ളിൽ 5927000/-രൂപ റിവർ മാനേജ്മെന്റ് അതോറിറ്റിയിൽ ഒടുക്കേണ്ടതാണ്. എന്നാൽ പ്രസ്തുത തുക ഒടുക്കിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

3. കരാറുകാരൻ തുടർന്നുള്ള പേയ്മെന്റുകൾ ഒടുക്കിയിട്ടുള്ളതായി കാണുന്നില്ല.

4. മൂവാറ്റുപുഴ റവന്യൂ ഡിവിഷനൽ ഓഫീസറുടെ നിർദ്ദേശാനുസരണമാണ് ഇനി ഒരറിയിപ്പുണ്ടാകുന്നത് വരെ പ്രവൃത്തി താൽക്കാലികമായി നിർത്തി വെയ്ക്കുവാൻ കരാറുകാരന് 09.09.20 ൽ മുനിസിപ്പൽ സെക്രട്ടറി അറിയിപ്പ് നൽകിയിരുന്നത്. എന്നാൽ മൂവാറ്റുപുഴ റവന്യൂ ഡിവിഷനൽ ഓഫീസറുടെയോ, ജില്ലാ കളക്ടറുടേയോ നിർദ്ദേശമില്ലാതെയാണ് വീണ്ടും പ്രവൃത്തി ആരംഭിക്കുന്നതിന് 24.09.20 ൽ കരാറുകാരന് അറിയിപ്പ് നൽകിയിട്ടുള്ളത്.

5. സെക്രട്ടറി ബഹു.നഗരകാര്യ ഡയറക്ടർക്ക് 08.07.21 ൽ അയച്ച കത്തിലും (ഇ1-3939/20) 09.07.21 ൽ ജില്ലാ കളക്ടർക്ക് നൽകിയ പരിശോധന റിപ്പോർട്ടിലും 09.09.20 ൽ പ്രവൃത്തി നിർത്തി വെച്ചതായി മാത്രമാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. പ്രവൃത്തി തുടരുവാൻ അനുമതി നൽകിയതിന്റെ വിവരം രേഖപ്പെടുത്തിയിട്ടില്ല. കാരണം വ്യക്തമാക്കേണ്ടതാണ്.

6. പുഴയിൽ നിന്നും ആകെ നീക്കം ചെയ്ത മണലിന്റെ അളവ് വിവരവും, പ്രവൃത്തിയുടെ നിലവിലെ വിവരവും ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.50/2.08.22) മറുപടി ലഭ്യമാക്കിയിട്ടില്ല. ടി വിഷയത്തിൽ സ്വീകരിച്ച തുടർ നടപടി വിവരങ്ങളും, നിലവിലെ സ്ഥിതി വിവരവും ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-47 ആയുർവേദ ആശുപത്രി വൈദ്യുതീകരണം - ചെയ്യാത്ത പ്രവൃത്തിയ്ക്ക് തുക നൽകി

ഓഡിറ്റ് വർഷം നടപ്പാക്കിയ ആയുർവേദ ആശുപത്രി വൈദ്യുതീകരണം എന്ന പദ്ധതിയുമായി ബന്ധപ്പെട്ട് നടത്തിയ സൈറ്റ് വെരിഫിക്കേഷനിൽ ചെയ്യാത്ത പ്രവൃത്തി ചെയ്തതായി എം.ബുക്കിൽ രേഖപ്പെടുത്തി 7859/-രൂപ കരാറുകാരന് അധികമായി നൽകിയതായി കാണുന്നു. വിശദ വിവരം ഭാഗം 3ൽ (3-5) ചേർത്തിട്ടുണ്ട്.

## 1-48 ഡെപ്പോസിറ്റ് പ്രവൃത്തികൾ - പൂർത്തീകരണ വിവരം, തുകയുടെ വിനിയോഗ വിവരം എന്നിവ ലഭ്യമാക്കിയിട്ടില്ല.

അസി.എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി തൻവർഷം നടപ്പാക്കിയിട്ടുള്ള താഴെ പറയുന്ന ഡെപ്പോസിറ്റ് പ്രവൃത്തികളുടെ പൂർത്തീകരണ വിവരം, തുകയുടെ വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ | 133/21 |
| പ്രോജക്ടിന്റെ പേര് | വാർഡുകളിൽ പുതിയ ഇലക്ട്രിക് പോസ്റ്റ് സ്ഥാപിക്കൽ, പഴയവ മാറ്റി സ്ഥാപിക്കൽ - ലൈൻ എക്സ്റ്റൻഷൻ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മുനി.എഞ്ചിനിയർ |
| ചെലവ് വിവരം | 768480/- |
| ബിൽ നം. | 3981/16.09.20 - 78000/- 3982/16.09.20 - 49770/- 3983/16.09.20 - 577639/- 5320/13.11.20 - 25894/- 5321/13.11.20 - 37177/- |

l) ഹാജരാക്കിയ ഫയലിൽ കെ.എസ്.ഇ.ബി യിൽ തുക ഡിപ്പോസിറ്റ് ചെയ്തതിന്റെ ബില്ലുകൾ മാത്രമാണുള്ളത്. ഏതെല്ലാം പ്രവൃത്തികൾക്കായാണ് തുക ഡിപ്പോസിറ്റ് ചെയ്തത്, പ്രവൃത്തികളുടെ എസ്റ്റിമേറ്റ്, കരാർ എന്നിവയൊന്നും ഫയലിൽ സൂക്ഷിച്ചിട്ടില്ല. പ്രവൃത്തികളുടെ പൂർത്തീകരണ വിവരവും ഹാജരാക്കിയിട്ടില്ല.

ll) ഇതിനു പുറമേ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ, ലൈൻ നീട്ടൽ എന്ന പേരിൽ പ്രൊജക്ട് നം. 106/21 പ്രകാരം 484122/- രൂപ (ബിൽ നം.941/13.05.20) കെ.എസ്.ഇ.ബിയിൽ ഡിപ്പോസിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ നഗരസഭയിലെ സുലേഖ സോഫ്റ്റ് വെയർ പ്രകാരമുള്ള നിർവ്വഹണ ഉദ്യോഗസ്ഥരുടെ ചെലവു പത്രികയിൽ ഈ പദ്ധതിയുടെ വിവരമോ, ചെലവോ രേഖപ്പെടുത്തിയിട്ടില്ല. ഓഡിറ്റ് വർഷത്തെ ചെലവ് പത്രികയിൽ ഉൾപ്പെട്ടില്ലാത്ത ഒരു പ്രൊജക്ടിന് തുക എപ്രകാരം ചെലവഴിക്കപ്പെട്ടു എന്നത് വ്യക്തമാക്കിയിട്ടില്ല, ടി തുകയുടെ വിനിയോഗ വിവരവും ലഭ്യമാക്കിയിട്ടില്ല.

<u>2.വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ</u>

പ്രസ്തുത പദ്ധതി പ്രകാരം 247000/-രൂപ ചെലവഴിച്ചതായി മുനിസിപ്പൽ എഞ്ചിനിയറുടെ ട്രഷറി ബിൽ പ്രകാരം രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ നഗരസഭയിലെ സുലേഖ സോഫ്റ്റ് വെയർ പ്രകാരമുള്ള നിർവ്വഹണ ഉദ്യോഗസ്ഥരുടെ ചെലവു പത്രികയിൽ ഈ പദ്ധതിയുടെ വിവരമോ ചെലവോ രേഖപ്പെടുത്തിയിട്ടില്ല. ഓഡിറ്റ് വർഷത്തെ ചെലവ് പത്രികയിൽ ഉൾപ്പെട്ടില്ലാത്ത ഒരു പ്രൊജക്ടിന് തുക എപ്രകാരം ചെലവഴിക്കപ്പെട്ടു എന്നത് വ്യക്തമാക്കേണ്ടതും, ടി പദ്ധതി തുകയുടെ വിനിയോഗ വിവരം ലഭ്യമാക്കേണ്ടതുമാണ്.

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.47/02.08.22) നിർവ്വഹണ ഉദ്യോഗസ്ഥനായ അസി.എഞ്ചിനിയർ മറുപടി ലഭ്യമാക്കിയിട്ടില്ല. പിഴ ഇനത്തിൽ ഈടാക്കേണ്ട രൂപ കരാറുകാരിൽ നിന്നും ഈടാക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്. വിനിയോഗ വിവരമില്ലാത്ത 14,99,602/-(768480+484122+247000)രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

### 1-49 മാർക്കറ്റ്, ഷോപ്പിംഗ് കോംപ്ലക്സ് - വെള്ളക്കരം തുക വർദ്ധനവ് - കമ്മിറ്റി തീരുമാനത്തിന് വിരുദ്ധമായി തുക നൽകിയത്

മാർക്കറ്റ് , ഷോപ്പിംഗ് കോംപ്ലക്സ്, വനിത കമ്പ്യൂട്ടർ സെന്റർ എന്നിവിടങ്ങളിലെ വെള്ളക്കരം ക്രമാതീതമായി വർദ്ധിച്ചതിനെ തുടർന്ന് (മാർക്കറ്റ്, ഷോപ്പിംഗ് കോംപ്ലക്സ് - 55187/-,വനിത കമ്പ്യൂട്ടർ സെന്റർ - 11957/-) നടത്തിയ പരിശോധനയിൽ നിലവിലുള്ള ടാപ്പിൽ നിന്നും അനധികൃതമായി കണക്ഷനുകൾ എടുത്തിട്ടുള്ളതായി ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള ഒരു ടാപ്പ് മാത്രം നിലനിർത്താനും, ടി ടാപ്പിൽ നിന്നും അനധികൃതമായി എടുത്തിട്ടുള്ള മറ്റ് ടാപ്പുകൾ അടിയന്തിരമായി വിഛേദിക്കുന്നതിനും, അനുമതി കൂടാതെ വാട്ടർ കണക്ഷൻ എടുത്തിട്ടുള്ളവരിൽ നിന്നും വെള്ളക്കരം കുടിശ്ശിക സഹിതം ഈടാക്കുന്നതിന് നോട്ടീസ് നൽകുന്നതിനും ജനറൽ കമ്മിറ്റിയുടെ 25.01.21 ലെ തീരു.3 പ്രകാരം തീരുമാനിച്ചിട്ടുണ്ട്. എന്നാൽ ഹാജരാക്കിയ ഫയൽ പരിശോധിച്ചതിൽ പ്രസ്തുത വെള്ളക്കരം പിഴപലിശ ഒഴിവാക്കി 64328/-രൂപ തനത് ഫണ്ടിൽ നിന്നും 16.01.21 ൽ തന്നെ ഒടുക്കിയിട്ടുള്ളതായി കാണുന്നു. (ചെക്ക് നം. 693011/16.01.21) കമ്മിറ്റി തീരുമാന പ്രകാരം പ്രസ്തുത തുക ഉത്തരവാദികളായവരിൽ നിന്നും ഈടാക്കിയിട്ടുള്ള പക്ഷം ആയത് അറിയിക്കുവാനും, അല്ലാത്ത പക്ഷം കമ്മിറ്റി തീരുമാനം നടപ്പാക്കാത്തതിന് വിശദീകരണം ലഭ്യമാക്കുവാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.45/02.08.22) മറുപടി ലഭ്യമാക്കിയിട്ടില്ല. കമ്മിറ്റി തീരുമാനത്തിന് മേൽ സ്വീകരിച്ച തുടർ നടപടി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 അർഹതയില്ലാത്ത വിദ്യാർത്ഥിനിക്ക് ലാപ് ടോപ് നൽകി

| | |
|---|---|
| പ്രൊജക്ട് നം.,പേര് | SO 0107/21, പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ് |
| അടങ്കൽ | 137445 /- (വികസനഫണ്ട് - SCP) |
| ചെലവ് | 137445 - BRN 35083 / 11.04.20 |
| നിർവ്വഹണ ഉദ്യോഗസ്ഥ | Scheduled Caste Development Officer |

ബിരുദം, ബിരുദാനന്തരബിരുദം, പോളിടെക്നിക് ഡിപ്ലോമ മുതലായ കോഴ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ലാപ് ടോപ് നൽകുന്നതിന് നടപ്പാക്കിയ ഈ പദ്ധതി പ്രകാരം 5 പേർക്ക് Mid Level Specification ഉള്ള ലാപ് ടോപ് അനുവദിച്ചിട്ടുണ്ട്. ഈ പദ്ധതി 2019-20 ൽ നടപ്പാക്കുവാൻ ഉദ്ദേശിച്ചിരുന്നതായിരുന്നുവെങ്കിലും 2020-21 ൽ സ്പിൽ ഓവറായിട്ടാണ് നടപ്പാക്കിയത്. CPRCS പോർട്ടൽ മുഖേന KELTRON ൽ നിന്നുമാണ് ലാപ് ടോപ് വാങ്ങിയിട്ടുള്ളത്(ക്യാഷ് ഇൻവോയ്സ് നം. ITP/00800/21-22 ;11.06.21 - 137445 /-). ലാപ് ടോപ് കൈപ്പറ്റിയ വിദ്യാർത്ഥികളിൽ ഒരാളായ ആതിര.കെ.എസ് Kerala State Rural Womens Electronics Industrial Co-operative Federation Ltd (Kerala State Rutronix) ന്റെ 2019 ഫെബ്രുവരിയിൽ നടത്തിയ Diploma In Computer Applications പരീക്ഷ വിജയിച്ചതിന്റെ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടുണ്ട്. പഠനം കഴിഞ്ഞ് പരീക്ഷ എഴുതിയത് 2019 ഫെബ്രുവരിയിൽ ആയതിനാൽത്തന്നെ 2019-20 വർഷത്തെ (01.04.19മുതൽ31.03.20വരെ) ഗുണഭോക്താവായി തെരെഞ്ഞെടുക്കപ്പെടുന്നതിന് അർഹത ഇല്ല. ഇതേ ഗുണഭോക്താവ് Kerala State Rutronix ന്റെ Authorised Study Centre ആയ X'mations(തൃപ്പൂണിത്തുറ)ൽ റെഗുലർ ഫുൾടൈം Diploma In Computer Applications അഭ്യസിക്കുന്നുണ്ടെന്ന് സ്ഥാപനമേധാവി 01.01.20 ൽ സാക്ഷ്യപ്പെടുത്തിയ കോഴ്സ് സർട്ടിഫിക്കറ്റും ഫയലിൽ ഉള്ളടക്കം ചെയ്തിട്ടുണ്ട്. 04.06.19 ലെ സർട്ടിഫിക്കറ്റ് പ്രകാരം വിജയിച്ച കോഴ്സിൽ 01.01.20 ൽ വീണ്ടും പഠിക്കുന്നതായുള്ള സർട്ടിഫിക്കറ്റ് ഹാജരാക്കിയ ആൾക്ക് ലാപ് ടോപ് അനുവദിച്ചതിലെ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (3/25.07.22)ഹാജരാക്കിയ മറുപടിയുടെ കൂടെ ഈ വിദ്യാർത്ഥിനി 2019-20 അക്കാദമിക് വർഷത്തിൽ Kerala State Rutronix ന്റെ പിറവം സ്റ്റഡി സെന്റർ ആയ Narmada Institute Of Skill Excellence ൽ നിന്നും 6 മാസം ദൈർഘ്യമുള്ള Professional Diploma In Computerised Financial Accounting വിജയിച്ച സർട്ടിഫിക്കറ്റിന്റെ പകർപ്പാണ് ഉള്ളടക്കം ചെയ്തത്. ഹാജരാക്കിയ സർട്ടിഫിക്കറ്റുകൾ പ്രകാരം ഈ വ്യക്തി 2019 ൽ DCA വിജയിക്കുകയും 2019-20 ൽ ഒരു സ്റ്റെഡി സെന്ററിൽ നിന്നും വീണ്ടും ഈ കോഴ്സ് അഭ്യസിക്കുകയും ഇതേ കാലയളവിൽ വേറൊരു സ്റ്റഡി സെന്ററിൽ നിന്നും 6 മാസത്തെ കോഴ്സ് വിജയിക്കുകയും ചെയ്തിട്ടുണ്ട്. Kerala State Rutronixന്റെ 2019 ഫെബ്രുവരിയിൽ നടത്തിയ Diploma In Computer Applications വിജയിച്ച വ്യക്തിക്ക് ഓഡിറ്റ് വർഷം ലാപ് ടോപ് ലഭിക്കുന്നതിന് അർഹതയില്ലാത്തതിനാൽ ഒരു ലാപ് ടോപിന്റെ വിലയായ 27,489/-രൂപ നിർവഹണ ഉദ്യോഗസ്ഥയിൽ നിന്നീടാക്കേണ്ടതാണ്.

### 3-2 നഗരസഭാ സെക്രട്ടറിയുടെ ശമ്പളത്തിൽ നിന്ന് വീട്ടുവാടക കുറവ് ചെയ്തിട്ടില്ല

നഗരസഭാ സെക്രട്ടറിയ്ക്ക് നഗരസഭാപരിധിയിൽ താമസിക്കുന്നതിനായി നഗരസഭാപരിധിയിലുള്ള 25/392ാം നം. കെട്ടിടം (നഗരസഭാ കൗൺസിലിന്റെ 3/2/21 ലെ 3ാം നം.തീരുമാനപ്രകാരം) 2021 ഫെബ്രുവരി മാസം മുതൽ 10000/-രൂപ പ്രതിമാസ വാടകയിൽ നഗരസഭ വാടകയ്ക്ക് എടുത്തിരുന്നതും ഫെബ്രുവരി 2021 ൽ 14 ദിവസത്തെ വാടകയായി 5000/-രൂപയും മാർച്ച് 2021ൽ 10000/-രൂപയും ഉൾപ്പെടെ ആകെ 15000/-രൂപ 2020-21 വർഷം നഗരസഭ ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുള്ളതുമാണ്. സൗജന്യമായി ലഭിക്കുന്ന ക്വാർട്ടേഴ്സ് സൗകര്യം പ്രയോജനപ്പെടുത്തുന്ന ജീവനക്കാർ 35700-75600 ശമ്പള സ്കെയിലിലും അതിനു മുകളിലും വരുന്നവരാണെങ്കിൽ G.O.(P) 7/2016/Fin Dtd.20.1.16 ഖണ്ഡിക 14 പ്രകാരം അടിസ്ഥാന ശമ്പളത്തിന്റെ 2% നിരക്കിൽ വാടക ടി ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും പ്രതിമാസം കുറവു ചെയ്യേണ്ടതാണ്. കൂടാതെ വീട്ടുവാടക ബത്തയ്ക്കും അർഹത ഉണ്ടായിരിക്കുന്നതല്ല. എന്നാൽ നഗരസഭാ സെക്രട്ടറി, ശ്രീ.കൃഷ്ണരാജ് എൻ.പിയ്ക്ക് ഈ കാലയളവിൽ സ്പാർക്ക് വഴി വിതരണം ചെയ്യുന്ന ശമ്പളത്തിൽ ഫെബ്രുവരി മാസത്തിൽ വീട്ടു വാടക ബത്ത അനുവദിച്ചിട്ടുള്ളതായും(മാർച്ച് 21 മുതൽ വീട്ടു വാടക ബത്ത നൽകിയിട്ടില്ല). നൽകിയ ശമ്പളത്തിന്റെ 2% നിരക്കിൽ വാടക ശമ്പളത്തിൽ നിന്നും ഈടാക്കിയതായും കാണുന്നില്ല.

അധികമായി നൽകിയ തുക തിരികെ ഈടാക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ സഹിതം അറിയിക്കേണ്ടതും നിലവിലും ടി അപാകത തുടരുന്നുണ്ടോ എന്നുള്ളതിനും വിശദീകരണം നൽകേണ്ടതുമാണ് എന്നാവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (32/30-7-22)ലഭ്യമാക്കിയ മറുപടിയിൽ തുടർന്നുള്ള മാസങ്ങളിൽ അടിസ്ഥാന ശമ്പളത്തിന്റെ 2% നിരക്കിൽ വാടക ശമ്പളത്തിൽ നിന്നും ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഇതു മൂലം നഗരസഭാ ഫണ്ടിന് 3120/-രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. ഈടാക്കേണ്ടിയിരുന്ന വാടക, വീട്ടുവാടക ബത്ത എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| മാസം | അടിസ്ഥാന ശമ്പളം | 2% നിരക്കിൽ കുറവു ചെയ്യേണ്ട വാടക | കുറവു ചെയ്യേണ്ട വീട്ടുവാടക ബത്ത | തിരിച്ചടയ്ക്കേണ്ട തുക |
|---|---|---|---|---|
| ഫെബ്രുവരി/21 | 40500/-(ശമ്പള നിരക്ക്- 39500-83000) | 810/- | 1500/- | 2310/- |
| മാർച്ച്/21 | 40500/- | 810/- | - | 810/- |
| ആകെ | | | | 3120/- |

മേൽ പരാമർശിച്ച നഷ്ട തുകയായ 3120/-രൂപയും തുടർ വർഷങ്ങളിൽ വാടക ഇനത്തിൽ ഈടാക്കാനുള്ള തുകയും കൂടി ഈടാക്കി നഗരസഭാ ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 3-3 എല്ലാ വാർഡുകളിലും എൽ.ഇ.ഡി ലൈറ്റ് സ്ഥാപിക്കൽ - പാനൽ ബോർഡ് എഞ്ചിനിയേഴ്സിന് ക്രമവിരുദ്ധമായി തുക നൽകി

| | |
|---|---|
| പ്രോജക്ട് നമ്പർ | 62/21 |
| പ്രോജക്ടിന്റെ പേര് | എല്ലാ വാർഡുകളിലും എൽ.ഇ.ഡി ലൈറ്റ് സ്ഥാപിക്കൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മുനിസിപ്പൽ എഞ്ചിനിയർ |
| കരാറുകാരൻ | യുണൈറ്റഡ് ഇലക്ട്രിക്കൽസ് ഇൻഡസ്ട്രീസ് ലിമി. |
| പ്രവൃത്തിമൂല്യം | 19,97,177/- |
| ബിൽ നം. | 5882/08.12.20 - 14,00,000/- 9097/31.03.21 - 5,97,177/- |

നഗരസഭയുടെ 20-21 വാർഷിക പദ്ധതിയിലുൾപ്പെടുത്തിയ പ്രസ്തുത പദ്ധതി പ്രകാരം എല്ലാ വാർഡുകളിലും എൽ.ഇ.ഡി ലൈറ്റ് സ്ഥാപിക്കുന്നതിന് ലക്ഷ്യമിടുന്നു. പദ്ധതി നിർവ്വഹണം നടത്തിയ യുണൈറ്റഡ് ഇലക്ട്രിക്കൽസ് ഇൻഡസ്ട്രീസ് ലിമി. എന്ന സ്ഥാപനം ഹാജരാക്കിയ പ്രൊഫോർമ ഇൻവോയ്സ് പ്രകാരം 24/25 W എൽ.ഇ.ഡി (ഓട്ടോമാറ്റിക്) 2 വർഷത്തെ വാറന്റിയും, എല്ലാ ഇൻസ്റ്റലേഷൻ ചാർജ്ജും ഉൾപ്പെടെ 3330/-രൂപയാണ് ക്വാട്ട് ചെയ്തിരുന്നത്. പ്രസ്തുത സ്ഥാപനവുമായി നെഗോസിയേഷൻ നടത്തിയതിന്റെ അടിസ്ഥാനത്തിൽ 2,900/-രൂപ നിരക്കിൽ 665 ലൈറ്റുകൾ സ്ഥാപിക്കുകയും, ആദ്യ ഗഡുവായി 14,00,000/-രൂപ നൽകുകയും ചെയ്തിരുന്നു. പ്രവൃത്തി നിർവ്വഹണവുമായി ബന്ധപ്പെട്ട് വിജിലൻസ് അന്വേഷണം ഉണ്ടായിട്ടുള്ള സാഹചര്യത്തിൽ ബാലൻസ് തുകയായ 5,97,177/-രൂപ സ്ഥാപനത്തിന് നൽകാതെ ട്രഷറിയിൽ നിന്നും പിൻവലിച്ച് സെക്രട്ടറിയുടെ ട്രഷറി അക്കൗണ്ടിൽ റിട്ടെൻഷൻ തുകയായി ഇടുകയും തുടർന്ന് നഗരസഭ ജനറൽ കമ്മിറ്റിയുടെ 21.03.22 ലെ തീരുമാനം 16 പ്രകാരം പ്രസ്തുത തുക പിൻവലിച്ച് 5,28,500/-രൂപ ടി സ്ഥാപനത്തിനും, 13,000/-രൂപ പാനൽ ബോർഡ് എഞ്ചിനിയർമാർക്ക് റമ്യൂണറേഷൻ ചാർജ്ജിനത്തിലും നൽകുകയും ശേഷിച്ച 55,677/-രൂപ തിരികെ ട്രഷറിയിൽ ഒടുക്കിയിട്ടുള്ളതായും രേഖപ്പെടുത്തി കാണുന്നു. പദ്ധതി നിർവ്വഹണം സംബന്ധിച്ച് താഴെ പറയുന്ന കാര്യങ്ങളിൽ വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

1.സർക്കാർ ഉത്തരവ് (സാധാ) 3033/2014/തസ്വഭവ തീയതി 21.11.2014 പ്രകാരം ത്രിതല പഞ്ചായത്തുകളിലെ ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ ഏറ്റെടുത്ത് നടത്താൻ PWD Electrical വിഭാഗത്തിന് സാധിക്കാതെ വരുന്നതിനാൽ പകരം സംവിധാനം എന്ന നിലയിലാണ് പാനൽ എഞ്ചിനിയർമാരുടെ സേവനം അനുവദിച്ചിട്ടുള്ളതും, എസ്റ്റിമേറ്റ് തയ്യാറാക്കൽ, സൂപ്പർവിഷൻ, മെഷർമെന്റ്, ചെക്ക് മെഷർമെന്റ് എന്നീ പ്രവൃത്തികൾക്കായി നിശ്ചിത നിരക്കിൽ റമ്യൂണറേഷൻ നിശ്ചയിച്ചിട്ടുള്ളതും. എന്നാലിവിടെ (തെരുവ് വിളക്കുകൾ സ്ഥാപിക്കൽ) ഇത്തരത്തിലൊരു എസ്റ്റിമേറ്റ് തയ്യാറാക്കലിന്റെയോ, സൂപ്പർ വിഷന്റെയോ ആവശ്യകതയില്ല. യുണൈറ്റഡ് ഇലക്ട്രിക്കൽസ് ഇൻഡസ്ട്രീസ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ ലൈറ്റുകൾ അവർ നൽകിയ ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ സ്ഥാപിച്ച് നൽകിയതിന് തുക അനുവദിച്ചു നൽകുക മാത്രമാണിവിടെ ചെയ്തിട്ടുള്ളത്. തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ടുള്ള സൂപ്പർവിഷൻ, മോണിറ്ററിംഗ് എന്നിവ കെ.എസ്.ഇ.ബി ഉദ്യോഗസ്ഥരുടേയും, ജനപ്രതിനിധികളുടേയും മേൽനോട്ടത്തിലാണ് നടത്തുന്നത്. പ്രസ്തുത

സാഹചര്യത്തിൽ ക്രമവിരുദ്ധമായി പാനൽ എഞ്ചിനിയർമാർക്ക് തുക അനുവദിച്ചതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല.

2. ട്രഷറിയിൽ നിന്നും അധികമായി പിൻവലിച്ച 55,677/-രൂപ തിരികെ ട്രഷറിയിൽ ഒടുക്കിയിട്ടുള്ളതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ തുക തിരികെ ഒടുക്കിയതിന്റെ ചെലാൻ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

3. പ്രവൃത്തി നിർവ്വഹണവുമായി ബന്ധപ്പെട്ട് വിജിലൻസ് അന്വേഷണം ഉണ്ടായിട്ടുള്ളതായി ഫയലിൽ കാണുന്നു. എന്നാൽ ഇതുമായി ബന്ധപ്പെട്ട റിപ്പോർട്ട്, തുടർ നടപടി വിവരങ്ങൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

4.പുതിയ ലൈറ്റുകൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് പോസ്റ്റുകളിൽ നിന്നും നീക്കം ചെയ്തിട്ടുള്ള പഴയ ലൈറ്റുകളുടെ വിവരം, അവയുടെ സ്റ്റോക്ക് രേഖപ്പെടുത്തൽ, നിലവിലെ സ്ഥിതി വിവരം എന്നിവ ഓഡിറ്റിൽ ലഭ്യമാക്കിയിട്ടില്ല.

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.25/30.07.22) നിർവ്വഹണ ഉദ്യോഗസ്ഥനായ അസി.എഞ്ചിനിയർ മറുപടി ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് പരാമർശത്തിന് മറുപടി ലഭ്യമാക്കേണ്ടതും, ക്രമ വിരുദ്ധമായി ചെലവ് ചെയ്ത 13,000/-രൂപ തിരികെ ഈടാക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതുമാണ്.

## 3-4 ആയുർവേദ ആശുപത്രി വൈദ്യുതീകരണം - ചെയ്യാത്ത പ്രവൃത്തിയ്ക്ക് തുക നൽകി

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 283/21 |
| പ്രോജക്റ്റിന്റെ പേര് | ആയുർവേദ ആശുപത്രി വൈദ്യുതീകരണം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മുനി.എഞ്ചിനിയർ |
| കരാറുകാരൻ | മിനിമോൾ.പി.ജി |
| എം.ബുക്ക് | 3/20-21 |
| പ്രവൃത്തി മൂല്യം | 243632 |
| ബിൽ നം. | 5837/4.12.20 |

(1) പ്രസ്തുത പ്രവൃത്തിയുടെ എം.ബുക്ക് പ്രകാരം (3/20-21) താഴെ പറയുന്ന ഇനങ്ങളിൽ ചെയ്തതായി രേഖപ്പെടുത്തിയ പ്രവൃത്തികളുടെ വിവരവും, നൽകിയ തുകയും ചുവടെ

| ക്രമ നം | പ്രവൃത്തിയുടെ വിവരം | എണ്ണം | നിരക്ക് | നൽകിയ തുക |
|---|---|---|---|---|
| 1 | ഇനം (14) – 1200 Mm Sweep 5 Star Rated Ceiling Fan | 10 | 1853 | 18530 |
| 2 | ഇനം (18) – 400 Mm Sweep Wall Mounting Fan | 1 | 2300 | 2300 |
| 3 | ഇനം (73) – 4 KVA Voltage Stabiliser | 2 | 3900 | 7800 |

എന്നാൽ 27.07.22 ൽ മുനിസിപ്പൽ എഞ്ചിനിയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ സീലിംഗ് ഫാനുകൾ 7 എണ്ണം മാത്രമാണ് സ്ഥാപിച്ചിട്ടുള്ളതെന്നും, Wall Fan സ്ഥാപിച്ചിട്ടില്ലാത്തതായും ബോദ്ധ്യപ്പെട്ടു. കൂടാതെ 4 KV യുടെ 2 സ്റ്റെബിലൈസറിന് പകരം 2 KV യുടെ 2 എണ്ണമാണ് സ്ഥാപിച്ചിട്ടുള്ളതെന്നും കാണുന്നു. ഇത്തരത്തിൽ ചെയ്യാത്ത പ്രവൃത്തി ചെയ്തതായി രേഖപ്പെടുത്തി 7859/-രൂപ കരാറുകാരന് അധികമായി നൽകിയതായി കാണുന്നു(3x1853+2300). കൂടാതെ എസ്റ്റിമേറ്റിൽ രേഖപ്പെടുത്തിയതിലും കുറഞ്ഞ കപ്പാസിറ്റിയുള്ള സ്റ്റെബിലൈസർ വിതരണം ചെയ്തതിലുണ്ടായ വില വ്യത്യാസം കണക്കാക്കി കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്.

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.48/02.08.22) നിർവ്വഹണ ഉദ്യോഗസ്ഥനായ അസി.എഞ്ചിനിയർ മറുപടി ലഭ്യമാക്കിയിട്ടില്ല.

നഗരസഭയിലെ പാനൽ ബോർഡ് എഞ്ചിനിയേഴ്സ് പ്രസ്തുത പ്രവൃത്തികൾ പൂർണ്ണമായ രീതിയിൽ ചെയ്തതായി എം.ബുക്കിൽ അളവുകൾ രേഖപ്പെടുത്തി, ചെക്ക് മെഷർ ചെയ്ത്, ബിൽ തയ്യാറാക്കി നൽകിയതിന്റെ അടിസ്ഥാനത്തിലാണ് കരാറുകാരന് തുക നൽകിയിട്ടുള്ളത്. എന്നാൽ ചെയ്യാത്ത പ്രവൃത്തികൾ ചെയ്തതായി രേഖപ്പെടുത്തി മൂല്യനിർണ്ണയം നടത്തിയത് മൂലം നഗരസഭയ്ക്കുണ്ടായ നഷ്ടത്തിന് പ്രസ്തുത ഉദ്യോഗസ്ഥരിൽ നിന്നും വിശദീകരണം ലഭ്യമാക്കേണ്ടതും,അധികമായി ചെലവ് ചെയ്ത തുക ടിയാളുകളിൽ നിന്നും ഈടാക്കേണ്ടതുമാണ്.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട് പരിശോധന നടത്തിയിട്ടുള്ളത് | | |

## 4-2 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം | തുക | ലഭിച്ച | പ്രൊജക്റ്റിന്റെ | ചെലവ് | ബാലൻസ് |
|---|---|---|---|---|---|

| നൽകിയ സ്ഥാപനം | ലഭിച്ച വർഷം | തുക | പേര് | | |
|---|---|---|---|---|---|
| ഇല്ല | | | | | |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ നീട്ടൽ (എസ്.114/20) | ഓൺലൈൻ പെയ്മെന്റ് തീയതി 11.04.2020 | 247000 | 0 | 247000 |
| കെ.എസ്.ഇ.ബി | വിവിധ വാർഡുകളിൽ ലൈൻ നീട്ടൽ /പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | ഓൺലൈൻ പെയ്മെന്റ് തീയതി 04.09.2020 | 49770 | 0 | 49770 |
| കെ.എസ്.ഇ.ബി | ,, | ഓൺലൈൻ പെയ്മെന്റ് തീയതി 09.09.2020 | 577639 | 0 | 577639 |
| കെ.എസ്.ഇ.ബി | ,, | ഓൺലൈൻ പെയ്മെന്റ് തീയതി 09.09.2020 | 78000 | 0 | 78000 |
| കെ.എസ്.ഇ.ബി | ,, | ഓൺലൈൻ പെയ്മെന്റ് തീയതി 05.11.2020 | 25894 | 0 | 25894 |
| കെ.എസ്.ഇ.ബി | ,, | ഓൺലൈൻ പെയ്മെന്റ് തീയതി 05.11.2020 | 37177 | 0 | 37177 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പ തിരിച്ചടവ്

നഗരസഭയുടെ വായ്പാബാധ്യതകൾ സംബന്ധിച്ച ഫയലിലെ വിവരങ്ങളും വാർഷിക ധനകാര്യപത്രികയിലെ കണക്കുകളും പൊരുത്തപ്പെടുന്നില്ല. മുൻവർഷങ്ങളിലെ (2018-19 & 2019-20) ബാലൻസ് ഷീറ്റ് പ്രകാരം രേഖപ്പെടുത്തിയിരുന്ന ബാങ്ക് വായ്പ (ഇ.എം.എസ്) ധനകാര്യസ്ഥാപനങ്ങളിൽ നിന്നുള്ള വായ്പ (ഹഡ്കോ) ബാധ്യത തുകകൾ ഫയലിലെ വിവരങ്ങളുമായി ഒത്തുപോകുന്നില്ല. നഗരസഭയിലെ വായ്പകളുടെ ഫയലുകൾ, ഓഡിറ്റിന് ഹാജരാക്കിയ ബാങ്ക് സ്റ്റേറ്റ്മെന്റ് എന്നിവ പ്രകാരം വായ്പയിനത്തിൽ വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു. ഈ കണക്കുകൾ വാർഷിക കണക്കുകളിലെ വിവരങ്ങളുമായി പൊരുത്തപ്പെടുന്നില്ല.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| കോഓപ്പറേറ്റീവ് ബാങ്ക്, ഇ.എം.എസ്. ഭവനനിർമ്മാണ പദ്ധതി | 1.480/2010 /11.02.2010 2.56637/ ഡി.ബി.1/ 2013/ ത.സ്വ.ഭ.വ./ 13.09.2013 | 20107500 | 31,56,093 | 3042725 | - | 113368 |
| പി.എം.എ.വൈ. ഹഡ്കോ | സ.ഉ.(കൈ) 2278/ ത.സ്വ.ഭ.വ./ 18.08.2018 | 41800000 | 2,78,00,000 | 4653333 | 0 | 36226667 |

നഗരസഭയുടെ വായ്പകൾ സംബന്ധിച്ച് വിശദമായ പരിശോധന നടത്തി എടുത്ത വായ്പകളുടെയും

തിരിച്ചടവിന്റെയും കണക്കുകൾ കൃത്യമാക്കി വാർഷിക കണക്കുകളിലുൾപ്പെടെ ആവശ്യമായ മാറ്റങ്ങൾ വരുത്തുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 4-6 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 3000 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 3000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 3000 |

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം വരവില്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

നഗരസഭയുടെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് റിപ്പോർട്ട് | | സമാഹൃത റിപ്പോർട്ട് | | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| വർഷം | ഖണ്ഡിക | വർഷം | ഖണ്ഡിക | | |
| 1997-1998 2000-01 പദ്ധതി വിഹിതം ഓഡിറ്റ് റിപ്പോർട്ട് | 2-5 2-13 2-15 | 2005-06 | 2.45.1 | പദ്ധതി നടത്തിപ്പിൽ 1997-98 2000-2001 (ഓഡിറ്റ് റിപ്പോർട്ട്) വിവിധ അപാകതകൾ | നിലനിൽക്കുന്നു |
| | 2-6 | 2005-06 | 2.45.2 | സിഎഫ് വിളക്കിന് സ്ഥാപനച്ചെലവ് | നിലനിൽക്കുന്നു |
| 1997-98 2000-2001 (ഓഡിറ്റ് റിപ്പോർട്ട്) | 2-10 | 2005-06 | 2.45.3 | ഇടയാറ-വല്ലകതോട് റോഡ് റീമെറ്റലിംഗ് ടാറിംഗ് അധിക നിരക്ക് നൽകിയത് | നിലനിൽക്കുന്നു |
| | 2-12 | 2005-06 | 2.45.4 | പള്ളിപ്പറമ്പ്-കീഴപടി റോഡ് അഭിവൃദ്ധി വേലമൂല്യം അധികരിച്ച് തുക നൽകി | നിലനിൽക്കുന്നു |
| | 2-14 | 2005-06 | 2.45.5 | സി എഫ് വിളക്കിന് ഉയർന്ന ക്വട്ടേഷൻ അംഗീകരിച്ചു. | നിലനിൽക്കുന്നു |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 14,85,58,126 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 15,49,25,485 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 51,468 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 37,45,848 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി-യിലേയും സി-യിലേയും തുകയാണ്.)

(ബി) നഗരസഭ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |

| | | | | |
|---|---|---|---|---|
| 3-1 | - | 27,489 | ശ്രീമതി ശ്രീമതി.സജിത. ഡി,എസ്.സി.ഡി.ഒ | |
| 3-2 | - | 3,120 | ശ്രീ.കൃഷണരാജ്, സെക്രട്ടറി, | ഓഡിറ്റിൽ |
| 3-3 | - | 13,000 | ശ്രീ മുഹ്സിൻ പി. എം., അസി. എഞ്ചിനീയർ | |
| 3-4 | - | 7,859 | ശ്രീ മുഹ്സിൻ പി. എം., അസി. എഞ്ചിനീയർ | |
| ആകെ | - | 51,468 | | |

തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-21 | 1,20,000 | ശ്രീമതി അഞ്ജുകൃഷ്ണ, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 1-24 | 77,920 | ശ്രീ.കൃഷ്ണരാജ്, സെക്രട്ടറി |
| | 5,25,000 | ശ്രീ. എം മുഹമ്മദ് ആരിഫ്ഖാൻ,സെക്രട്ടറി |
| 1-26 | 10,59,805 | ശ്രീമതി മായാ ശേഖർ,പ്രിൻസിപ്പാൾ, ഗവ. ഹയർ സെക്കൻഡറി സ്കൂൾ |
| 1-30 | 4,22,820 | ശ്രീ. എം മുഹമ്മദ് ആരിഫ്ഖാൻ,സെക്രട്ടറി |
| 1-32 | 40,701 | ഡോ. സുനിൽ ജെ ഇളന്താട്,സൂപ്രണ്ട് താലൂക്ക് ആശുപത്രി |
| 1-48 | 14,99,602 | ശ്രീ മുഹ്സിൻ പി എം, അസി. എഞ്ചിനീയർ |
| ആകെ | 37,45,848 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.എൻ.പി.കൃഷ്ണരാജ്,<br>സെക്രട്ടറി | സെക്രട്ടറി, പിറവം നഗരസഭ | സരസ് ഭവൻ, വെള്ളൂർ,<br>തിരുവനന്തപുരം |
| ശ്രീ. എം മുഹമ്മദ് ആരിഫ്ഖാൻ,<br>സെക്രട്ടറി | സെക്രട്ടറി,<br>മൂവാറ്റുപുഴ മുനിസിപ്പാലിറ്റി | സബീന മൻസിൽ,<br>പുല്ലൂർകോണം, വിഴിഞ്ഞം |
| ശ്രീമതി അഞ്ജുകൃഷ്ണ,<br>ഐ.സി.ഡി.എസ് സൂപ്പർവൈസർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ,<br>മീനങ്ങാടി | കൃഷ്ണശ്രീ, മഞ്ഞളംകൈത റോഡ്,<br>സുൽത്താൻബത്തേരി |
| ശ്രീ മുഹ്സിൻ പി എം,<br>അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ<br>പിറവം | പലക്കൽ വീട്,വാരപ്പെട്ടി പി ഒ |
| ശ്രീമതി സജിത ഡി,<br>പട്ടികജാതി വികസന ഓഫീസർ | പട്ടികജാതി വികസന ഓഫീസർ,<br>പാമ്പാക്കുട | തടത്തിൽ വീട്,<br>കമാരമംഗലം (പി.ഒ.), തൊടുപുഴ |
| ഡോ. സുനിൽ ജെ ഇളന്താട്,<br>സൂപ്രണ്ട് താലൂക്ക് ആശുപത്രി | സൂപ്രണ്ട്, താലൂക്ക് ആശുപത്രി | ഇളന്താട്ഹൗസ്,<br>പുത്തൻകാവ് റോഡ്, കാലടി |
| ശ്രീമതി മായാ ശേഖർ,<br>പ്രിൻസിപ്പാൾ,<br>ഗവ. ഹയർ സെക്കൻഡറി സ്കൂൾ | പ്രിൻസിപ്പാൾ,<br>ഗവ. ഹയർ സെക്കൻഡറി സ്കൂൾ,<br>നാമക്കുഴി | മൂലേതടത്തിൽ,<br>പുളിക്കമാലി,ആരക്കുന്നം |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം |
|---|---|
| 1996-97 ചെലവ് | എൽ.എഫ്.ഇ.(പി.2)1523/97/27.8.2000 |
| 1997-98 പദ്ധതി | എൽ.എഫ്.ഇ.(പി.2)98/05/24.11.2005 |
| 2001-02 | എൽ.എഫ്.ഇ.(പി.2)1206/03/5.8.2004 |
| 2002-03 | എൽ.എഫ്.ഇ.(പി.2)226/06/3.2.2007 |
| 2007-08 | എൽ.എഫ്.ഇ.(പി.1)1662/08/2.7.2009 |
| 2005-06 | എൽ.എഫ്.ഇ.(പി.1)285/10/10.3.2011 |
| 2006-07 | എൽ.എഫ്.ഇ.(പി.1)286/10/10.3.2011 |
| 2008-09 | എൽ.എഫ്.ഇ.(പി.1)287/10/10.3.2011 |
| 2009-10 | എൽ.എഫ്.ഇ.(പി.9)1839/10/10.3.2011 |
| 2010-11 | എൽ.എഫ്.ഇ.(പി.9)2136/11/1.12.2011 |
| 2011-12 | എൽ.എഫ്.ഇ.(പി.9)2252/13/28.12.2013 |
| 2012-13 | എൽ.എഫ്.ഇ (പി9)172/2015 ,02.03.2015 |
| 2013-14 | |
| 2014-15 | കെ.എസ്.എ-ഇ.കെ.എം(പി9)1191/2016-20.07.2016 |
| 2015-16 | കെ.എസ്.എ-ഇ.കെ.എം(എം.1)55/2017 06.02.2017/15.02.2017 |
| 2016-17 | കെ.എസ്.എ-ഇ.കെ.എം(എം.1)1777/17,തീയതി05.05.2018 |
| 2017-18 | കെ.എസ്.എ-ഇ.കെ.എം(എം.1)9/19,തീയതി 15.03.2019 |
| 2018-19 | കെ.എസ്.എ.ഇകെഎം.നം.(എം.1)1955/2019/13.02.20 |
| 2019-20 | കെ എസ് എ ഇ കെ എം ( എം 2)1075/22/20.07.2022 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടിലെ തടസ്സങ്ങൾ തീർപ്പാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള മുനിസിപ്പൽ ആക്ടിന്റെ 295-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ പിറവം മുനിസിപ്പാലിറ്റിയുടെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ പിറവം മുനിസിപ്പാലിറ്റിയുടെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്